2016 ജൂൺ 25
വാല്യം 09
ലക്കം 12

# ബിലീവേഴ്സ് ജേണൽ

BELIEVERS JOURNAL
RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA /225/2015 - 17 Price Rs: 10/- Pages: 12

# ഡാളസ് ഒരുങ്ങി

## 34–ാമത് പി. സി. എൻ. എ. കെ. ജൂൺ 30 –ജൂലൈ 3 വരെ


റവ. റെയ്നാർഡ് ബോങ്കെ


റവ. ഷാജി കെ. ഡാനിയേൽ
നാഷണൽ കൺവീനർ


റ്റിജു തോമസ്
നാഷണൽ സെക്രട്ടറി


തോമസ് വർഗീസ്
നാഷണൽ ട്രഷറർ

**ഡാളസ്:** നോർത്ത് അമേരിക്കൻ മലയാളി പെന്തെക്കോസ്തു സമൂഹത്തിന്റെ 34-ാമത് ദേശീയ സമ്മേളനത്തിൽ ലോകപ്രശസ്ത സുവിശേഷകനും ആഫ്രിക്കയുടെ അപ്പോസ്തലനുമായ റവ. റെയ്നാർഡ് ബോങ്കെ മുഖ്യപ്രസംഗകനായി എത്തും. അദ്ദേഹത്തിന്റെ ശിഷ്യനും അഞ്ചാം തലമുറയിലെ ഉജ്വലപ്രസംഗകനുമായ റവ. ഡാനിയേൽ കൊളാൻഡോ, ചൈനീസ് വംശജനായ അമേരിക്കൻ പ്രസംഗകൻ റവ. ഫ്രാൻസിസ് ചാൻ ഇവരോടൊപ്പം മലയാളികളുടെ പ്രിയ പ്രസംഗകനായ പാസ്റ്റർ ബാബു ചെറിയാൻ എന്നിവരാണ് ഇത്തവണത്തെ അതിഥി പ്രസംഗകർ.

കേരളത്തിനു പുറത്ത് ഏറ്റവുമധികം മലയാളികൾ പങ്കെടുക്കുന്ന സമ്മേളനമെന്ന നിലയിൽ പ്രശസ്തനായ പിസിനാക്കിന്റെ 34-ാം ഒത്തുചേരലിന് വേദിയാകുന്നത് ഡാളസിലെ ആഡിസനിലുള്ള ഇന്റർകോണ്ടിനെന്റൽ ഹോട്ടലാണ്. ജൂൺ 30-ജൂലൈ 3 വരെയാണ് സമ്മേളനം. എണ്ണായിരത്തോളം പേർക്ക് താമസിച്ച് കോൺഫറൻസിൽ പങ്കെടുക്കുവാനുള്ള ക്രമീകരണങ്ങളാണ് സംഘാടകർ ഒരുക്കിയിരിക്കുന്നത്.

റവ. ഷാജി കെ. ദാനിയേൽ നാഷണൽ കൺവീനർ, ടിജു തോമസ് നാഷണൽ സെക്രട്ടറി, തോമസ് വർഗീസ് നാഷണൽ ട്രഷറർ, ഏബ്രഹാം മോനിസ് യൂത്ത് ഡയറക്ടർ എന്നിവരടങ്ങുന്ന നാഷണൽ എക്സിക്യൂട്ടീവാണ് നേതൃത്വം നൽകുന്നത്.

ലോകപ്രശസ്തസുവിശേഷ പ്രസംഗകനായ റെയ്നാർഡ് ബോങ്കെയുടെ സാന്നിധ്യം ഉറപ്പായതോടെ ചരിത്രത്തിലെ ഏറ്റവും വലിയ കോൺഫറൻസായിരിക്കും ഇതെന്ന് ഉറപ്പാക്കികഴിഞ്ഞു.

കേരളത്തിൽ രണ്ടു തവണ മെഗാക്രൂസേഡുകൾ നടത്തിയിട്ടുള്ള ബോങ്കെ മലയാളികൾക്ക് ഏറെ പ്രിയപ്പെട്ട പ്രഭാഷകനാണ്. ഏഴു വർഷം വടക്കൻ ജർമ്മനിയിൽ പെന്തെക്കോസ്തു സഭയുടെ പാസ്റ്ററായിരുന്ന അദ്ദേഹം ആഫ്രിക്കയെക്കുറിച്ചുള്ള ദർശനം ഏറ്റെടുത്ത് 1967-ൽ സൗത്ത് ആഫ്രിക്കയിൽ ടെന്റ് മിനിസ്ട്രി ആരംഭിക്കുകയായിരുന്നു. ചുരുങ്ങിയ കാലംകൊണ്ട് ആഫ്രിക്കയെ ഇളക്കി മറിക്കുന്ന സുവിശേഷവിപ്ലവത്തിന് ബോങ്കെയെ ദൈവം ഉപയോഗിച്ചു. ജനപ്രവാഹം ക്രമാതീതമായപ്പോൾ ഗിന്നസ് ബുക്കിൽ റെക്കാർഡായി രേഖപ്പെടുത്തപ്പെട്ട ഏറ്റവും വലിയ ടെന്റ് വേണ്ടെന്നു വച്ച് ഓപ്പൺ എയർ സമ്മേളനങ്ങൾ ആയി മാറിയ ബോങ്കെ ക്രൂസേഡുകളിൽ ജനലക്ഷങ്ങളാണ് ഇന്നും യേശുവിനെ കണ്ടുമുട്ടുന്നത്. സുവിശേഷപ്രവർത്തകർക്കുവേണ്ടി നടത്തുന്ന ഫയർ കോൺഫറൻസുകളാണ് ബോങ്കെയുടെ ആകർഷകമായ മറ്റൊരു ശുശ്രൂഷ.

ബോങ്കെ വളർത്തിയെടുത്ത പ്രഗത്ഭപ്രസംഗകനാണ് റവ. ഡാനിയേൽ കൊളാൻഡ. ക്രൈസ്റ്റ് ഫോർ ആൾ നേഷൻസിന്റെ പ്രസിഡന്റും പ്രശസ്തമായ നിരവധി പുസ്തകങ്ങളുടെ രചിയതാവും ലോകപ്രസിദ്ധമായ ടെലിവിഷൻ പ്രീച്ചറുമായ ഇദ്ദേഹം ആദ്യമായാണ് മലയാളി സമ്മേളനത്തിൽ ശുശ്രൂഷയ്ക്ക് എത്തുന്നത്.

മറ്റൊരു പ്രസംഗകനായ റവ. ഫ്രാൻസിസ് ചാൻ ബിയോ കാലിഫോർണിയയിലെ കോർണർസ്റ്റോൺ സഭയുടെ സീനിയർ പാസ്റ്ററായിരുന്നു. എറ്റേണിറ്റി ബൈബിൾ കോളജ് സ്ഥാപകൻ, നിരവധി ബെസ്റ്റ് സെല്ലർ ഗ്രന്ഥങ്ങളുടെ രചിയതാവ് എന്നീ നിലകളിൽ പ്രശസ്തനാണ്. ചൈനീസ് വംശജനായ ഇദ്ദേഹത്തിന്റെ സ്റ്റോപ്പ് & തിങ്ക് എന്ന പേരിലുള്ള വീഡിയോ പരമ്പര ഏറെ പ്രശസ്തമാണ്.

ഐ. പി. സി. പിറവം സെന്റർ ശുശ്രൂ

05

# ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് പ്രിഫറൻസ് ബാലറ്റ് തടഞ്ഞു

### ഏഷ്യൻ സൂപ്രണ്ട് റവ. കെൻ ആൻഡേഴ്സിനെ അറസ്റ്റ് ചെയ്യിക്കുവാൻ നീക്കം നടന്നു

### ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റിനെ സ്വതന്ത്രമാക്കി ഓവർസീയർ സ്ഥാനത്ത് തുടരുവാൻ പി. ജെ. ജെയിംസിന്റെ ഗൂഢനീക്കം

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റിൽ ജൂൺ 14-ാം തീയതി പ്രിഫറൻസ് ബാലറ്റ് തടയപ്പെട്ടു. നിലവിലുള്ള ഓവർസീയറുടെ നേതൃത്വത്തിൽ ഗൂഢാലോചനയുടെ ഫലമായിട്ടാണ് പ്രിഫറൻസ് ബാലറ്റ് തടഞ്ഞത്. നാല് വർഷം പൂർത്തിയാക്കിയ റവ. പി. ജെ. ജെയിംസിന് 66% ശുശ്രൂഷകരുടെ പിന്തുണ ലഭിച്ചുവെങ്കിൽ മാത്രമേ തുടരുവാൻ സാധിക്കുകയുള്ളൂ. എന്നാൽ ഇത്രയും വോട്ട് ലഭിക്കുകയില്ലെന്ന തിരിച്ചറിവിൽ ആദ്യം മുതൽ തന്നെ പ്രിഫറൻസ് അട്ടിമറിക്കുവാനുള്ള ശ്രമമായിരുന്നു മുളക്കുഴയിൽ നടന്നുവന്നത്. വിശ്വാസി പ്രാതിനിധ്യം ആവശ്യപ്പെട്ടുകൊണ്ട് എന്ന വ്യാജേന ഇലക്ഷൻ തടയുവാൻ തന്റെ അനുയായിയെക്കൊണ്ട് കേസ് കൊടുപ്പിക്കുകയും വാദി ഭാഗത്തിനുവേണ്ടി ഹാജരായ വക്കീലിനെ തന്നെ സഭാ കേസ് നടത്തുവാൻ വക്കാലത്ത് ഒപ്പിട്ടു മേടിക്കുകയും ചെയ്തിട്ട് കോടതിയിൽ വക്കീൽ ഹാജരാകാതെ സഭയ്ക്കെതിരായി വിധി ഉണ്ടാക്കി എടുക്കുവാൻ പി. ജെ. ജെയിംസ് നടത്തിയ നീക്കം പൊളിഞ്ഞു. ഇലക്ഷൻ നടത്താമെന്നും കോടതി ഇടപെടില്ലെന്ന് വിധിയുണ്ടായിട്ടും പ്രിഫറൻസ് മാറ്റിവെച്ചെന്ന അറിയിപ്പ് സൂപ്രണ്ടിന്റെ അനുവാദം ഇല്ലാതെ മുളക്കുഴയിൽ നിന്നും പാസ്റ്റേഴ്സിന് നൽകി.

14-ാം തീയതി രാവിലെ മുളക്കുഴയിൽ എത്തിയ സൂപ്രണ്ടിനെ അറസ്റ്റ് ചെയ്യേണ്ടിവരുമെന്ന സാംസൺ ചെങ്ങന്നൂർ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ മുളക്കുഴ കോമ്പൗണ്ടിൽ പോലീസെത്തി. സഭാ ആസ്ഥാനത്ത് പോലീസ് എത്തിയത് ഓവർസീയറുടെ അനുവാദം കൂടാതെയല്ല. മാത്രമല്ല സ്വന്തം പ്രസ്ഥാനത്തിന്റെ സൂപ്രണ്ടിനെ തടയുവാൻ പോലീസിനെ ഉപയോഗിച്ചത് എങ്ങും കേട്ടുകേൾവിയില്ലാത്ത സംഭവമാണ്. മാത്രമല്ല ദൈവസഭയ്ക്കെതിരെ കോടതിയിലുള്ള കേസ് ഒത്തുകളിയിലൂടെ എതിരായ വിധി ഉണ്ടാക്കിയെടുക്കുവാൻ നടത്തുന്ന നീക്കങ്ങളിലും വൻ ഗൂഢാലോചനയുണ്ട്. ആഗോള ദൈവസഭയിൽ നിന്നും മാറി കേരളാ സ്റ്റേറ്റിനെ സ്വതന്ത്രമാക്കുവാനും അങ്ങനെ അധികാരം ചിലരുടെ കൈകളിൽ മാത്രം ഒതുക്കുവാനുമുള്ള ശ്രമവും കോടിക്കണക്കിന് രൂപാ വിലയുള്ള സ്വത്തുക്കൾ കൈവശമാക്കാനുള്ള നീക്കവുമാണ് ഇപ്പോൾ നടക്കുന്നത്.

കേരളാ റീജിയനിലും പോലീസ് കേസുമായി പ്രിഫറൻസ് തടയുവാനുള്ള ശ്രമം നടന്നുവെങ്കിലും പാസ്റ്റേഴ്സിന്റെയും വിശ്വാസികളുടെയും സമയോചിതമായ ഇടപെടൽ മൂലം പ്രിഫറൻസ് ബാലറ്റ് നടത്തപ്പെട്ടു.

സെൻട്രൽ ഈസ്റ്റ് റീജിയനിലും പ്രിഫറൻസ് ബാലറ്റ് നടത്തപ്പെട്ടു. തമിഴ്നാട്, ആന്ധ്രാ, സെൻട്രൽ റീജിയനുകളിൽ നേരത്തേ പ്രിഫറൻസ് നടന്നിരുന്നു. അവിടെയെങ്ങും ഇല്ലാത്ത നിലയിൽ കേരളാ സ്റ്റേറ്റി

05

## സാക്ഷി



ചർച്ച് ഓഫ് ഗോഡിൽ വാദിക്കും പ്രതിക്കും ഒരേ വക്കീൽ

*കസേര നിലനിർത്താൻ നടത്തുന്ന കളികൾ തരം താഴുമ്പോൾ ഇതൊക്കെ നടക്കും.*

# റവ. ബെന്നി ജോൺ

## സെൻട്രൽ ഈസ്റ്റ് റീജിയൻ ഓവർസീയർ



**കൊൽക്കത്ത:** ഇന്ത്യ ദൈവസഭ സെൻട്രൽ ഈസ്റ്റ് റീജിയൺ ഓവർസീയറായി റവ. ബെന്നി ജോൺ തിരഞ്ഞെടുക്കപ്പെട്ടു. നിലവിൽ ദൈവസഭയുടെ ബൈബിൾ കോളേജ് രജിസ്ട്രാർ, സെൻട്രൽ ഡിസ്ട്രിക്റ്റ് പ്രസിഡന്റ്, ഇന്ത്യ ദൈവസഭയുടെ ഉന്നതാധികാര സമിതിയായ ഗവേണിംഗ് ബോഡി മെമ്പർ, കൗൺസിൽ മെമ്പർ കൊൽക്കത്ത ദൈവസഭ സഭാ ശുശ്രൂഷകൻ തുടങ്ങിയ നിലയിൽ പ്രവർത്തിച്ചു വരികെയാണ് ഓവർസിയറായി തെരഞ്ഞെടുക്കപ്പെട്ടത്. റവ. കെ. എം. തങ്കച്ചനായിരുന്നു മുമ്പ് ഓവർസിയർ. പുനലൂർ ഒറ്റക്കൽ സഭാംഗമായ പാസ്റ്റർ ബെന്നി ജോൺ ഒറ്റക്കൽ പുത്തൻപ്പറമ്പിൽ പരേതരായ ജോൺ- പെണ്ണമ്മ ദമ്പതികളുടെ ഇളയ മകനാണ്. സെക്യൂലർ വിദ്യാഭ്യാസത്തിനു ശേഷം കോട്ടയം വാകത്താനം ടാബർനാക്കിൾ ബൈബിൾ കോളേജ്, ദൈവസഭയുടെ ബോംബെയിലുള്ള ബൈബിൾ സ്കൂൾ തുടങ്ങിയ സ്ഥലങ്ങളിൽ വേദപഠനം പൂർത്തിയാക്കി. ബോംബെയിൽ മിഷനറിയായി തുടരവേ ഇന്ത്യ ദൈവസഭയുടെ സഭാശുശ്രൂഷ ഏറ്റെടുത്തു. തുടർന്ന് ഡോബിലി, കല്യാൺ, ദുർഗ്ഗ, റുർക്കല തുടങ്ങിയ നിരവധി സ്ഥലങ്ങളിൽ ശുശ്രൂഷകനായി സേവനമനുഷ്ഠിച്ചു, ഗ്രാമീണ സുവിശേഷീകരണ രംഗത്ത് പ്രത്യേകം ശ്രദ്ധ ചെലുത്തി ജാർഖണ്ഡ്, ഒഡിഷ-ബംഗാളിലെ നിരവധി ഭാഗങ്ങൾ തന്റെ നേതൃത്വത്തിൽ സുവിശേഷികരിക്കപ്പെട്ടുക്കൊണ്ടിരിക്കുന്നു. ധാരാളം തവണ സുവിശേഷ വിരോധികളുടെ ആക്രമണത്തിനും ഭീഷണികൾക്കും ഇരയായിട്ടുണ്ട്. മുൻ യൂത്ത് പ്രസിഡന്റ് ആയിരുന്ന അദ്ദേഹത്തിന് നിരവധി യുവജനങ്ങൾക്ക് സുവിശേഷാവേശം പകർന്ന് അവരെ സുവിശേഷീകരണരംഗത്ത് കരം പിടിച്ച ഉയർത്തുവാൻ കഴിഞ്ഞിട്ടുണ്ട്. പാസ്റ്റർ ബെന്നി ജോണിന്റെ പുതിയ സ്ഥാനലബ്ദി വിശ്വാസി സമൂഹം വലിയ ആവേശത്തോടും പ്രതീക്ഷയോടുമാണ് കണ്ടിരിക്കുന്നത്. ഷേർളി ബെന്നിയാണ് സഹധർമ്മിണി. ഷിബിൻ, ഗ്രെയ്സ് എന്നിവർ മക്കളാണ്.

ബിലീവേഴ്സ് ജേണൽ സംബന്ധമായ ആവശ്യങ്ങൾക്ക് വിളിക്കേണ്ട നമ്പർ: 0469 2666995

ബിലീവേഴ്സ് ജേണൽ
പത്രാധിപ സമിതി
രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്
ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ
വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്
ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു
മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്
ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി
സർക്കുലേഷൻ മാനേജർ
ബ്രദർ കെ. റ്റി. ജോഷ്വാ കണ്ടങ്കേരിൽ
കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു
മലബാർ കോർഡിനേറ്റർ
പാസ്റ്റർ സജി നെടുങ്കണ്ടം

ബിലീവേഴ്സ് ജേണൽ
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 150 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ആയുഷ്കാലം: 2000 രൂപ
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

വരിസംഖ്യ അയയ്ക്കേണ്ട വിലാസം
ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in

അറിയിപ്പ്
ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.
പത്രാധിപർ




# ഇത് നിരാശാജനകം



ബ്രദർ രാജൻ ആര്യപ്പള്ളിൽ
ചെയർമാൻ

ഇന്നത്തെ പെന്തെക്കോസ്ത് സമൂഹത്തിന്റെ പോക്ക് എത്രയോ നിരാശാജനകമാണ്. എല്ലാം തികഞ്ഞിരിക്കുന്നു എന്ന അഹന്തയിൽ ദൈവഭയം ഇല്ലാതെ ജീവിക്കുന്ന സമൂഹമായി മാറിയിരിക്കുന്നു പെന്തെക്കോസ്തുകാർ. വെളിപ്പാട് പുസ്തകത്തിലെ ലവോദിക്യസഭയോട് ദൂത് പറയുമ്പോൾ രേഖപ്പെടുത്തിയ ഭാഗങ്ങൾ ഇന്നത്തെ പെന്തെക്കോസ്തിന് വളരെ യോജിക്കുന്നതാണ്. ആശയ സംവാദങ്ങളെപ്പോലും വ്യക്തിപരമായ അധിക്ഷേപത്തിനു കാരണമാക്കുന്നവരാണ് പലരും. എന്ത് അധിക്ഷേപം ചൊരിഞ്ഞും കൂട്ടുസഹോദരനെ തകർക്കുവാൻ ശ്രമിക്കുന്നു. എന്നിട്ടോ ഭക്തനെന്നു തോന്നിപ്പോകും വിധം കപടമായി കണ്ണീരൊഴുക്കി സഹതാപം നേടാൻ ശ്രമിക്കുന്നു.

മുളക്കുഴയിൽ നടന്നത് എത്രയോ ലജ്ജാകരം ആണ്. അതിനെപ്പറ്റി അഭിപ്രായം പറയാൻ ഞാനാളല്ല. എങ്കിലും ഒരു പെന്തെക്കോസ്തുകാരൻ എന്ന നിലയിൽ അത്തരം സംഭവങ്ങൾ എന്നെ വേദനിപ്പിക്കുന്നു. കെൻ ആൻഡേഴ്സൻ എന്ന സൂപ്രണ്ട് ഏവർക്കും മാതൃകയാക്കാവുന്ന ഒരു ദൈവഭൃത്യനാണ്. തനിക്കുള്ളതെല്ലാം സുവിശേഷവേലക്കായി നൽകിയ ത്യാഗി. ജീവകാരുണ്യ പ്രവർത്തനത്തിലൂടെ ക്രിസ്തീയ സ്നേഹം പ്രദർശിപ്പിക്കുന്ന സുവിശേഷകൻ എന്നീ നിലകളിലെല്ലാം ഞാൻ അദ്ദേഹത്തെ ബഹുമാനിക്കുന്നു. എന്നാൽ അധികാര കസേരയ്ക്കുവേണ്ടി ഇത്തരം മഹാത്മക്കളെ അവഹേളിക്കുകയും കരയിപ്പിക്കുകയും ചെയ്യുന്നത് തലമുറയ്ക്ക് കെട്ടിവയ്പാകും എന്നത് മറക്കരുത്. നീതിന്യായ സംവിധാനമുള്ള ഈ നാട്ടിൽ സഭയുടെ ഭരണഘടനാനുസൃതം തെരഞ്ഞെടുപ്പ് നടത്തുന്നതിനെ എന്തിന് എതിർക്കേണം? ലോകമനുഷ്യരെപ്പോലെ പരസ്പരം പോരടിക്കേണ്ടവരോ ദൈവമക്കൾ? എന്തായാലും മുളക്കുഴയിൽ സംഭവിച്ചത് ഒരു പ്രസ്ഥാനത്തിനും ഭൂഷണമല്ല.

ക്രിസ്തുവാണ് നമ്മുടെ മാതൃകാ പുരുഷൻ അവൻ കാണിച്ചത് താഴ്മയുടെയും വിനയത്തിന്റെയും മാർഗ്ഗമാണ്. സ്വർഗ്ഗോന്നതികളിൽ തനിക്കുണ്ടായിരുന്നതെല്ലാം വെടിഞ്ഞ് ഈ ഭൂമിയിൽ വന്ന് ത്യാഗം ചെയ്തവൻ. ശുശ്രൂഷിക്കപ്പെടുന്നതിനേക്കാൾ ശുശ്രൂഷ ചെയ്യുവാൻ പറയുകയും അതേപോലെ പ്രവർത്തിയിലൂടെ കാട്ടിത്തരികയും ചെയ്തവൻ. സിംഹാസനം വെടിഞ്ഞവന്റെ അനുഗാമികൾ ഇന്ന് സിംഹാസനത്തിനായി പരസ്പരം പോരടിക്കുന്നത് എത്ര വിരോധാഭാസമാണ്. ആരോഗ്യകരമായ മത്സരം നല്ലതാണ്. എന്നാൽ ഇന്ന് കാണുന്നത് വിപരീതവും.

അധികാരം നിലനിർത്തുവാനും നേടുവാനും ലോകമനുഷ്യരെക്കാൾ തരംതാണനിലയിൽ നമ്മുടെ നേതാക്കന്മാർ നടത്തുന്ന വേലകൾ കാണുമ്പോൾ നമ്മെ ഭരിക്കുന്ന ആത്മാവ് ഏതാണെന്ന് സംശയിച്ചാൽ തെറ്റുപറയുവാൻ ആകുമോ? ദൈവാത്മാവിനാൽ നടത്തപ്പെടുന്നു എന്ന് അഭിമാനം കൊള്ളുന്ന നാം യഥാർത്ഥത്തിൽ പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിൻ കീഴിൽ അല്ലായെന്നതാണ് വാസ്തവം. ഓരോരുത്തൻ സ്വന്തഗുണമല്ല മറ്റുള്ളവന്റെ ഗുണം കൂടി നോക്കണം എന്ന വചനം എത്രപേർക്ക് പ്രായോഗികമാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇവിടെ ലഭിക്കുന്ന പ്രശംസയ്ക്കും മഹത്വത്തിനുവേണ്ടി നാം നഷ്ടപ്പെടുത്തുന്നത് നമ്മുടെ നിത്യജീവനെയാണ്.

ഈ ലോകത്തിലെ രാഷ്ട്രീയക്കാർ നടത്തുന്നതിനേക്കാൾ എത്രയോ മോശമായാണ് നമ്മൾ സഭാ തെരഞ്ഞെടുപ്പിനെ നേരിടുന്നത്. നമ്മുടെ ഈ ലോകജീവിതം താല്ക്കാലികമെന്നും നശ്വരം എന്നും നാം ഘോരഘോരം പ്രസംഗിക്കാറുണ്ട്. നമുക്കിവിടെ നിലനിൽക്കുന്നതൊന്നും ഇല്ലെന്നും നമ്മൾ പ്രസംഗിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവരാണ്. എന്നാൽ പ്രവർത്തിയിൽ ഇതൊന്നും കാണുവാനുമില്ല. പ്രവർത്തിയും പ്രസംഗവും തമ്മിൽ യാതൊരു ബന്ധമില്ലാതെയാണ് നമ്മുടെ നേതാക്കന്മാർ മിക്കവരും മുമ്പോട്ട് പോകുന്നത്. ഇവരെ മാതൃകയാക്കുന്ന സഭാ ജനങ്ങൾ പ്രത്യേകിച്ച് യുവജനങ്ങൾ വഴിതെറ്റിപ്പോകുന്നു. അതുകൊണ്ടുതന്നെ ആത്മിക, ധാർമ്മിക മൂല്യങ്ങൾ തുലോം കുറഞ്ഞിരിക്കുന്നു. ആരാധനകൾ പോലും ദൈവസാന്നിധ്യമില്ലാത്ത ചടങ്ങായി മാറിയിരിക്കുന്നു. അതുകൊണ്ടുതന്നെ പുറത്തുള്ളവരെ ആകർഷിക്കുവാൻ മുഖ്യധാരാ പെന്തെക്കോസ്ത് പ്രസ്ഥാനങ്ങൾക്ക് കഴിയുന്നുമില്ല. പെറ്റുപെരുകുന്നവരുടെ മാത്രം കൂട്ടായ്മയായി നമ്മുടെ സഭകൾ ശുഷ്കിക്കുന്നു. ന്യൂജനറേഷൻ സഭകളെ വിമർശിക്കുമ്പോൾ ഒരു കാര്യം കൂടി നാം ചിന്തിക്കണം. എന്തുകൊണ്ട് നമ്മെ വിട്ട് അവിടേക്ക് ജനം ഒഴുകിയെത്തുന്നു. ഒരു തിരിച്ചറിവിന് സമയം അതിക്രമിച്ചിരിക്കുന്നു.

നമ്മുടെ കർത്താവ് വരുവാൻ സമയമായിരിക്കുന്നു. ഒന്നുകിൽ ശീതവാനായിരിക്കുക അല്ലെങ്കിൽ ഉഷ്ണവാനായിരിക്കുക. ഓരോരുത്തനും അവനവന്റെ പ്രവൃത്തിക്കനുസൃതം പ്രതിഫലം നൽകുന്നവന്റെ മുമ്പിൽ ലജ്ജിക്കാതിരിപ്പാൻ വിശ്വസ്തരായി ലാക്കിലേക്ക് ഓടാം.

യുവജന പംക്തി

# ഉത്തമമായത് ചിന്തിക്കുക



ബിനു വടശ്ശേരിക്കര

ഉത്തമനോ ഉത്തമ കാര്യങ്ങളെ ചിന്തിക്കുന്നു; ഉത്തമ കാര്യങ്ങളിൽ അവൻ ഉറ്റു നിൽക്കുന്നു (യെശ:32:8) But the noble devises noble things; and he will continue in noble things.

ചിന്തകൾ ആണ് മനുഷ്യന്റെ ജയപരാജയങ്ങളുടെ മാനദണ്ഡം. ഒരുവൻ ചിന്തിക്കുന്ന പോലെ അവൻ ആയി തീരും. ( what he thinks. that he becomes) ചിന്തകൾ ഹൃദയത്തിൽ നിന്ന് വരുന്നു എന്ന് വചനം പറയുന്നു. ഹൃദയം എന്നതുകൊണ്ട്- അന്തരംഗം എന്ന് അർത്ഥമാക്കാം. ചിന്തകൾ നടക്കുന്നത് തലച്ചോറിലാണ്. ഈ ചിന്തകൾ ആണ് ഒരാളുടെ ഭാവി നിശ്ചയിക്കുന്നത്. "ജീവനും മരണവും നാവിന്റെ അധികാരത്തിൽ ഇരിക്കുന്നുവെന്ന് ശലോമോൻ പറയുന്നു: "ഹൃദയം നിറഞ്ഞു കവിയുന്നത് വായ് പ്രസ്താവിക്കുന്നു" എന്ന യേശുവിന്റെ വചനവും ചേർത്തു വായിക്കുന്നത് നന്നായിരിക്കും.

**ചിന്തകൾ നന്നാക്കാൻ**

കഴിഞ്ഞ ദിവസം നടന്ന ഒരു യുവജന ക്യാമ്പിൽ ഭാവി അനുഗ്രഹത്തിന് ചിന്തകളുടെ സ്ഥാനം എന്ന വിഷയത്തെ പറ്റിയുള്ള ക്ലാസ് എടുത്ത ശേഷം പലതും ചോദിച്ച ഒരു ചോദ്യം അശ്ളീലവും, അനാവശ്യമായ ചിന്തകളെ എങ്ങനെ ഒഴിവാക്കാം എന്നതായിരുന്നു. ചിന്തകളെ മറ്റാർക്കും അറിയാൻ കഴിയാത്തതിനാൽ ആർക്കും എന്തും ചിന്തിക്കാം, ചിന്തകളുടെ പ്രതിഫലനമാണ് വാക്കുകളും പ്രവൃത്തിയും. ഏതൊരുവന്റെയും പ്രവർത്തികൾ ചിന്തകളുടെ ബാക്കിയാണ്. ചിന്തകൾ വിതച്ച് പ്രവർത്തി കൊയ്യുന്നു എന്നതാണ് ശരി.



ജയവും പരാജയവും നിശ്ചയിക്കപ്പെടുന്നത് ഒരാളുടെ ചിന്തകളിൽ തന്നെയാണ്. വിജയിക്കും എന്ന് ചിന്തിക്കുന്നവന്റെ മുമ്പിൽ പല വഴികൾ തുറക്കപ്പെടുമ്പോൾ പരാജയം മുന്നിൽ കാണുന്നവന് അടഞ്ഞ വഴികൾ മാത്രം.

"ചിന്തകളിൽ വിജയിക്കുന്നവനേ ജീവിതത്തിൽ ജയം ഉള്ളൂ" എന്നത് മറക്കരുത്. ഇത്തരത്തിൽ ഉള്ളവരാണ് പ്രതിസന്ധികളെയും ബലഹീനതകളെയും തരണം ചെയ്യുന്നത് ഭയമുള്ളവരും സംശയാലുക്കളും പരാജയത്തിന് മുമ്പേ പല പ്രാവശ്യം പരാജയപ്പെടുന്നവരാണ്. ഉത്തമമായത് ചിന്തിക്കുവാൻ കഴിയുന്നത് ഉത്തമന്മാർക്കാണ്.

**മനോഭാവം മാറ്റുക**

ചിന്തകൾക്ക് മാറ്റം വരണമെങ്കിൽ മനോഭാവം മാറണം. വ്യത്യസ്ത സാഹചര്യങ്ങളിൽ ഉള്ള നമ്മുടെ മനസിന്റെ ഭാവത്തെയാണ് മനോഭാവം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. മനസിന്റെ ഉള്ളിൽ ഏതെങ്കിലും ഒരു വ്യക്തിയോടോ കാര്യത്തോടോ നമുക്ക് തോന്നുന്ന പ്രതികരണമാണ് മനോഭാവം. റോമർ 12:1-ൽ പറയുന്നത് ദൈവഹിതം തിരിച്ചറിയുവാൻ മനസ്സു പുതുക്കി രൂപാന്തരപ്പെടുവീൻ എന്നാണ്. ജീവിതത്തെ വിജയപരാജയങ്ങളിലേക്ക് നയിക്കുന്ന ഏറ്റവും പ്രധാനപ്പെട്ടഘടകവും മനോഭാവം (Attitude) ആണ്. ഒരാളുടെ മനോഭാവത്തിന് ഉണ്ടാകുന്ന മാറ്റങ്ങൾ ജീവിതത്തെ ആകമാനം ബാധിക്കും.

ജീവിതത്തിൽ നേരിടുന്ന സാഹചര്യങ്ങളോടുള്ള പ്രതികരണമാണ് അവയിൽ പ്രധാനം. പലരുടെയും ജീവിതത്തിൽ അപകടങ്ങൾ, നഷ്ടങ്ങൾ, പ്രതിസന്ധികൾ തുടങ്ങിയവ നേരിടുമ്പോൾ നിഷേധാത്മകമായി(Negative) പ്രതികരിക്കുന്നവരാണ്. ഇത്തരം മനോഭാവത്തിനാണ് മാറ്റം വരുത്തേണ്ടത്.

ഒന്നാമതായി ദൈവം അറിയാതെ ജീവിതത്തിൽ ഒന്നും സംഭവിക്കുന്നില്ല എന്ന തിരിച്ചറിവും ബോദ്ധ്യവും നമ്മെ ശരിയായ മനോഭാവം വളർത്തിയെടുക്കാൻ പ്രാപ്തരാക്കും.രണ്ടാമതായി ജീവിതത്തിൽ നേരിടുന്ന എല്ലാറ്റിലും ദൈവത്തിന് ഒരു പദ്ധതി ഉണ്ടെന്ന തിരിച്ചറിവ്. മൂന്നാമതായി സംഭവിക്കുന്ന പലതും ജീവിതത്തിന്റെ ഭാഗമാണെന്ന് തിരിച്ചറിവും ഉറപ്പും. നാലാമതായി ജീവിതത്തിലെ പ്രതിസന്ധികളെ തരണം ചെയ്യുവാനുള്ള ബലം, കഴിവ്, പ്രാപ്തി ഇവ ദൈവം നമുക്ക് നൽകിയിട്ടുണ്ടെന്ന വിശ്വാസം. അഞ്ചാമതായി ഭൂമിയിൽ ജീവിക്കുന്ന എല്ലാവർക്കും ഇത്തരത്തിലുള്ള പ്രശ്നങ്ങൾ സാധാരണമാണെന്ന അറിവ്. ഈ കാര്യങ്ങൾ നമ്മുടെ മനോഭാവത്തെ മാറ്റാൻ പര്യാപ്തമാണ്.

**വാക്കുകൾ മാറ്റുക**

നമ്മുടെ മനോഭാവത്തിന് ഉണ്ടാക്കുന്ന മാറ്റങ്ങൾ വാക്കുകളിലും പ്രതിഫലിക്കും. "ഹൃദയത്തിന്റെ നിറവാണ് നമ്മുടെ വാക്കുകൾ". അതുകൊണ്ടാണ് വാക്കുകൾ കൃപയോട് കൂടിയതും ഉപ്പിനാൽ രുചി വരുത്തിയതുമാകണം എന്ന് പൗലോസ് ഓർപ്പിക്കുന്നത്.

(തുടരും...)

## എനിക്കും പറയാനുണ്ട്

# മുളക്കുഴയിൽ നടന്നതും നടക്കുന്നതും ലജ്ജാകരം



പാസ്റ്റർ സാംകുട്ടി മാത്യു
ചീഫ് എഡിറ്റർ

മുളക്കുഴയിൽ ഓവർസീയർ പ്രിഫറൻസ് നടക്കുന്നു എന്നറിഞ്ഞ നാളിൽ തുടങ്ങിയ വിവാദങ്ങൾ ഇപ്പോഴും അവസാനിക്കുന്നില്ല. അധികാര കസേരയ്ക്കു വേണ്ടി ഭക്തന്മാർ നടത്തുന്ന പോരാട്ടത്തിന് ഇത്രമാത്രം ശക്തിയുണ്ടെന്ന് അറിഞ്ഞില്ല. ചിലർക്ക് കസേരയില്ലാതെ ജീവിക്കാനാകില്ല എന്നതാണ് സ്ഥിതി. മരണാസന്നരായി കിടന്നിട്ടും മരണം പുൽകാതെ കിടന്നഴലുന്ന ചിലരുടെ കൈയിലേക്ക് പണപ്പെട്ടിയുടെ താക്കോൽ പിടിപ്പിക്കുമ്പോഴേക്കും മരണത്തിന് കീഴടങ്ങുന്ന സംഭവ കഥകൾ ധാരാളം കേട്ടിട്ടുണ്ട്. ജനം വെറുത്തിട്ടും കസേര വിട്ടൊഴിയാതെ കുതന്ത്രങ്ങളിലൂടെ ദൈവസഭയെ നശിപ്പിക്കാതെ വിട്ടൊഴിയില്ലെന്ന വാശി കാണിക്കുന്ന ഓവർസീയറെ കാണുമ്പോൾ മേൽപ്പറഞ്ഞ സംഭവകഥകൾ അറിയാതെ ഓർത്തുപോകുന്നു.

പാസ്റ്റർ എം. കുഞ്ഞപ്പിയെ നീചമായ മാർഗ്ഗത്തിലൂടെ പുറത്താക്കിയാണ് പാസ്റ്റർ പി. ജെ. ജെയിംസ് അധികാരം പിടിച്ചെടുത്തത്. അതിനായി താനും ചിലരും നടത്തിയ വ്യാജ പ്രവർത്തികൾ ധാരാളം. ഹെപ്നർ എന്ന സായ്പിനെ കൂട്ടുപിടിച്ച് തന്ത്രപൂർവ്വം നിയമത്തെ കാറ്റിൽ പറത്തിയാണ് പി. ജെ. ജെയിംസ് അധികാരം നേടിയത്. ഗുണ്ടകളെ ചുറ്റും നിർത്തി ഭരണം നടത്തിയ പി. ജെ. ജെയിംസ് പത്രക്കാരെയും ശുശ്രൂഷകരെയും ഇത്തരക്കാരെക്കൊണ്ട് തെറി വിളിപ്പിക്കുകയും ഭീഷണിപ്പെടുത്തുകയും പതിവായിരുന്നു. കഴിഞ്ഞ 15 വർഷത്തെ ബൈബിൾ കോളജ്, ചാരിറ്റി, ചർച്ച് ഗ്രോത്ത് മിഷൻ എന്നിവയുടെ നടത്തിപ്പിൽ വൻ അഴിമതിയാണുണ്ടായിട്ടുള്ളത്. നിയമപരമായി സാധുതയുള്ള ഏജൻസി അന്വേഷിച്ചാൽ പൂച്ച് വെളിയിൽ വരുമെന്നതിന് സംശയമില്ല.

സ്വന്തം പ്രസ്ഥാനത്തിന്റെ സുപ്രണ്ടിനെ അറസ്റ്റു ചെയ്യിക്കുവാൻ പോലീസിന് പരാതി കൊടുപ്പിക്കുക, സ്വന്തം സഭയ്ക്കെതിരെ കേസു കൊടുപ്പിക്കുക! വാദിക്കുവേണ്ടി ഹാജരാകുന്ന വക്കീലിനു തന്നെ വക്കാലത്തു കൊടുക്കാൻ നിർബന്ധം പിടിക്കുക. വിധി എതിരാക്കി സ്റ്റേറ്റിനെ സ്വതന്ത്രമാക്കുക. എന്നിട്ടോ ആയുഷ്കാലം മൊത്തം പ്രസ്ഥാനത്തെ ഭരിച്ച് കട്ടു മുടിക്കാം എന്ന സ്വപ്നവും. എന്തൊരു മോഹം! മലർപ്പൊടിക്കാരന്റെ വ്യഥാ സ്വപ്നം. പ്രബുദ്ധരായ ദൈവസഭാജനത്തിനിടയിൽ ഇത് വിളയില്ല എന്ന് മനസിലാക്കിയാലും. കുമ്പനാടും മുളക്കുഴയും വിഭജിച്ചു നിന്ന കാലത്ത് ജനം അനുഭവിക്കാവുന്നതെല്ലാം അനുഭവിച്ചതല്ലേ. ഇനിയും അത്തരം മണ്ടത്തരത്തിനാരും മുതിരില്ല സാറേ. യോസേഫിന്റെ മുമ്പിൽ സഹോദരന്മാർ നടത്തിയ കുമ്പസാരം പോലെ ഇന്ന് കാണിക്കുന്ന അയ്യോ പാവം പ്രകടനം എല്ലാവർക്കും മനസ്സിലായി കഴിഞ്ഞു. മൂവായിരത്തിലധികം സഭകളുള്ള കുമ്പനാട്ട് രാഷ്ട്രീയ അതിപ്രസരം ഉണ്ടെങ്കിലും സഭയുടെ തെരഞ്ഞെടുപ്പ് ഈ രീതിയിൽ ആരും തടയില്ല. താൻ തന്നെ നേതാവായിരിക്കുന്ന പ്രസ്ഥാനത്തിന് കുളം തോണ്ടുവാൻ കഴിഞ്ഞ മറ്റൊരു നേതാവ് ഇതിനുമുമ്പ് ചർച്ച് ഓഫ് ഗോഡിൽ ഉണ്ടായിട്ടില്ല. ചർച്ച് ഓഫ് ഗോഡിന്റെ ചരിത്രത്തിലെ ഇരുണ്ട കാലയളവ് ഏതെന്ന് ചോദിച്ചാൽ കഴിഞ്ഞ നാലു വർഷങ്ങൾ എന്ന് ഏത് കുട്ടിയും പറയും. ഇലക്ഷൻ സുഗമമായി നടക്കുന്നതിന് പോലീസ് സാന്നിധ്യം വേണ്ടെന്നും അത് അനാത്മീകമാണെന്നും ശഠിച്ചവർ തന്നെ സ്വന്തം പ്രസ്ഥാനത്തിന്റെ സുപ്രണ്ടിനെ അറസ്റ്റു ചെയ്യിക്കുവാൻ രണ്ട് വണ്ടി പോലീസിനെ ഇറക്കിയതിന്റെ ആത്മീയതയെക്കുറിച്ച് വ്യാഖ്യാനിച്ചു കണ്ടില്ലല്ലോ. അധിക്ഷേപിച്ചാലും ഊമക്കത്ത് ഇറക്കിയാലും സാരമില്ല. ഒരു കാര്യം പറയട്ടെ. കർത്താവ് വരുവാൻ താമസിച്ചാൽ വരും തലമുറ റവ. പി. ജെ. ജെയിംസിനെക്കുറിച്ച് അറപ്പോടെ പറയേണ്ടി വരരുത്. ജനം പിന്തുണയ്ക്കുന്നവരും ദൈവത്താൽ ആക്കപ്പെട്ടവരും കസേരയിൽ വരട്ടെ. ഗമാലിയേൽ പറഞ്ഞതുപോലെ ദൈവീകമെങ്കിൽ നിലനിൽക്കും അതിനെ തടയുവാൻ ആർക്കും കഴിയുകയില്ല. ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവന്റെ വഴി തടയുവാൻ ശ്രമിക്കുന്നവർ ലജ്ജിക്കും.

### ഏഴംകുളം സാംകുട്ടിയോടൊരു വാക്ക്

താങ്കൾ ഭാഗം ഭാഗമായി സമൂഹമാധ്യമത്തിലൂടെ പടച്ചുവിടുന്നതിനും ഈ-മെയിലിലൂടെ അയക്കുന്ന കത്തിനും മറുപടി ഇനിയും ഉണ്ട്. വേശ്യയുടെ ചാരിത്ര്യ പ്രസംഗംപോലെ താങ്കൾ നടത്തുന്ന പ്രകടനത്തിന്റെ ഉദ്ദേശ്യം എല്ലാവർക്കും അറിയാം. ഇനിയും ചില ലക്കങ്ങൾ താങ്കൾക്കുള്ള മറുപടി എഴുതുവാൻ കഴിയും. അമേരിക്കയിൽ പ്രചരിച്ച രണ്ട് ഊമക്കത്തുകളും താങ്കൾ എഴുതിയതാണ് എന്ന തെളിവ് താങ്കളുടെ ഈ-മെയിലിലുണ്ട്. എല്ലാ കുറ്റകൃത്യങ്ങളിലും "ദൈവത്തിന്റെ കൈ" അവശേഷിക്കും എന്നപോലെ ഒരു തെളിവ് തരാം. ഭാഷാ പ്രയോഗം തെളിയിക്കപ്പെട്ടതാണ്. എന്റെ മേൽവിലാസം താങ്കൾ എഴുതിയിരിക്കുന്നത് സാംകുട്ടി മാത്യു അടുക്കളമൂലയിൽ, കോയിപ്പുറത്ത്, മന്ദമരുതി എന്നാണ്. ഇതേ വിലാസത്തിലാണ് അമേരിക്കയിൽ നിന്നും ഊമക്കത്തുകൾ എന്റെ വീട്ടിലേക്ക് വന്നതും. ഇങ്ങനെ ഒരു മേൽവിലാസം എനിക്കില്ല. കോയിപുറത്ത് എന്ന വിലാസത്തിലാണ് കത്തിടപാടുകൾ ഇതുവരെയും നടന്നിട്ടുള്ളത്. അപ്പോൾ താങ്കൾക്കുമാത്രമായി ഈ വിലാസം എവിടെ നിന്നു കിട്ടി? ഊമക്കത്തിന്റെ ഉറവിടം താങ്കളുടെ കമ്പ്യൂട്ടറിൽ നിന്നാണെന്ന് നിയമം തെളിയിച്ചുകൊള്ളും. കാത്തിരുന്നു. കാണാം. ഇനിയും ഇത്തരം ശുശ്രൂഷയ്ക്കാണ് ഭാവമെങ്കിൽ മറുപടി തയ്യാർ. ഇല്ലായെങ്കിൽ ഇത് ഇവിടെ അവസാനിപ്പിക്കുന്നു.

## വേദ പഠനം

# ഇടയ ലേഖനങ്ങൾ (The Pastoral Epistles)



എഡിസൺ തോമസ്
വേങ്ങൂർ, 9961336353

ഈ ഗോത്രവർഗ്ഗക്കാർ ഷെയ്ത്താൻ (സാത്താൻ) എന്ന പേര് ഉച്ചരിക്കാറില്ല. അതുമാത്രമല്ല ഷ എന്നു തുടങ്ങുന്ന ഒരു വാക്കുപോലും കുടുംബത്തിനു ദോഷം ഉണ്ടാകുമെന്ന് അവർ അന്ധമായി വിശ്വസിക്കുന്നു. അവർ ക്ഷേത്രങ്ങൾ ഉണ്ടാക്കി സാത്താന്റെ പ്രതിമകൾ പ്രതിഷ്ഠിച്ചിരിക്കുന്നു. ഈ ക്ഷേത്രങ്ങളുടെ അകത്തു ചുമരുകളിൽ കറുത്ത സർപ്പങ്ങളുണ്ട്.

വെളിപ്പാട് പുസ്തകത്തിലെ ഏഴു സഭകളിൽ ഒന്നായ പെർഗ്ഗമോസിലെ ക്ഷേത്രത്തിൽ ഒരു പാമ്പിന്റെ ആകൃതിയിലുള്ള എക്സലോപയിസ് ദേവന്റെ ഒരു വിഗ്രഹമുണ്ട്, അതിനാൽ "സാത്താന്റെ സിംഹാസനമുള്ളിടം" എന്ന ഈ സ്ഥലത്തെ വിശേഷിപ്പിച്ചിരിക്കുന്നു. സ്മുർന്നയിലെ സാത്താന്റെ പള്ളി ഉണ്ടായിരുന്നു. ഏഷ്യാമൈനറിലെ ഏറ്റവും മനോഹരമായിരുന്ന സ്മുർന്ന ഇന്നു ഈസ്മിർ എന്നു അറിയപ്പെടുന്നു. ഏറ്റവും അധികം പീഡിപ്പിക്കപ്പെട്ട ക്രിസ്ത്യൻ സഭയായിരുന്നു അവിടത്തേത്. എ.ഡി -64-ൽ നീറോ ചക്രവർത്തിയുടെ കാലത്തുണ്ടായ പീഡനം മുതൽ എ.ഡി. 310-ൽ ഡയോക്രീഷ്യന്റെ കാലത്തു വരെ അതികഠിനമായ പീഡനം സഭ നേരിട്ടതിനാൽ ഈ കാലത്തെ പീഡിത സഭയുടെ കാലഘട്ടം എന്നാണ് അറിയപ്പെടുന്നത്. ഇവിടത്തെ പീഡനകാലയളവിലാണ് സ്മർന്നയുടെ ബിഷപ്പായിരുന്ന പോളിക്കാർപ്പ് രക്ത സാക്ഷിയായി മരിച്ചത്. ഏഷ്യാമൈനറിന്റെ പടിഞ്ഞാറേ തീരത്തുള്ള ഒരു പുരാതനപട്ടണമാണ് സ്മുർന്ന, ഇന്ന് ഇത് തുർക്കിയുടെ തുറമുഖപട്ടണമാണ്. ഈ നഗരത്തെ ഏഷ്യയുടെ കിരീടം എന്നാണ് ചരിത്രക്കാരന്മാർ വിളിക്കുന്നത്. വെളിപ്പാട്.2:9-ൽ സാത്താന്റെ പള്ളി എന്നു പറയുന്നത് അവിടത്തെ ദൈവത്തെയല്ല സാത്താനെ ആരാധിച്ചിരുന്നതിലാണ്. അപ്പോൾ പുരാതനകാലം മുതൽ സാത്താൻ ആരാധന നിലവിലിരുന്നു. പിശാചിനെ ആരാധിക്കുന്ന ഒരു വലിയ സമൂഹം ലോകത്തുണ്ട്. ഭൗതീകനേട്ടങ്ങളിലും സ്ഥാനമാനങ്ങളിലും ഊന്നൽ കൊടുത്തു എന്ത് വെട്ടിപ്പും തട്ടിപ്പും അഴിമതികളും നടത്തുന്നവർ സാത്താന്റെ ആരാധകരാണ്, കേരളത്തിൽ തിരുവനന്തപുരത്തും മറ്റുപല പട്ടണങ്ങളിലും സാത്താൻ പള്ളികളും ആരാധനകളും നടക്കുന്നുണ്ട്. ഇന്ത്യയിൽ ഇതിനു സമാനമായ ക്ഷേത്രങ്ങളും പ്രതിമകളും അമ്പലങ്ങളും സർപ്പകാവുകളും നിലനിൽക്കുന്നുണ്ട്.

(കടപ്പാട്: മിഷനറിനാദം, ഒക്ടോബർ 2013 പോൾ മലയടി, നാഗ്പ്പൂർ, പേജ്: 6)

സാത്താൻ ആരാധനയെക്കുറിച്ച് പറയുമ്പോൾ മനുഷ്യഹൃദയത്തെ ഇരുട്ടാക്കുന്നവനാണ് സാത്താൻ, 2കൊരി:4:4 വഴിതെറ്റിക്കുന്ന വഞ്ചകനാണ്, ഉല്പ: 3: 14, പാപം ചെയ്യുവാൻ പ്രേരിപ്പിക്കുന്നവനാണ്, 2കൊരി:11:14. സാത്താൻ ഉപയോഗിക്കുന്ന ചിലതന്ത്രങ്ങളുണ്ട്-



1. അലസത
2. സമയം പാഴാക്കുന്നത്
3. തിരക്ക്
4. ആധുനിക മാധ്യമങ്ങൾ
5. നിരാശയും ആകുലതയും
6. സമ്പത്തും ദാരിദ്രവും
7. ലോകഭ്രമങ്ങൾ
8. പദവി, അധികാരം, പ്രശസ്തി എന്നിങ്ങനെയുള്ള തന്ത്രങ്ങൾ ഉപയോഗിച്ച് മനുഷ്യരെ തെറ്റിക്കുന്നു. ഇതെല്ലാം അന്ത്യക്കാലത്ത് സംഭവിക്കും എന്നുള്ളത് ഒട്ടുമിക്ക പുതിയനിയമ എഴുത്തുകാരും സൂചിപ്പിക്കുന്നു.

ഇന്നത്തെ തെറ്റായ ഉപദേശങ്ങളും, സിദ്ധാന്തങ്ങളും, നീതി, ജീവിതവിശുദ്ധി, കുടുംബ കെട്ടുറപ്പ്, സാമൂഹ്യകടമ, ദൈവവിശ്വാസം, ദൈവവിശ്വാസത്തിൽ കൂടിയുള്ള സുരക്ഷബോധം എന്നിവ നഷ്ടപ്പെടുന്നു, ഇതുമുഖാന്തരം മനുഷ്യൻ ഏറ്റവും നീചവും ഭയാനകവുമായ പ്രവർത്തികളിലേക്ക് മനുഷ്യൻ എത്തിച്ചേരുന്നു. അതു മൂലം വെറുപ്പ്, വിശ്വാസമില്ലായ്മ, വഞ്ചന, വഴക്ക്, കൊലപാതകം, വ്യഭിചാരം, ആത്മഹത്യ, വ്യക്തിഹത്യ എന്നിവ സംഭവിക്കുന്നു. അവ മനുഷ്യന്റെ സർവ്വനാശത്തിനും കാരണമാകുന്നു യോഹ:14:30, 2തെസ്സ: 2:3. ഇവരുടെ ഉപദേശങ്ങളുടെ ഉറവിടം ദൈവത്തിൽ നിന്നല്ലാ മറിച്ച് സാത്താനിലും ഭൂതങ്ങളിൽ നിന്നുമാണ്, ഇവരിൽ ആവസിക്കുന്നത് ഭൂതങ്ങളുടെ ആത്മാക്കൾ, യോഹ:8:44, 1യോഹ:41: 6, ഭൂതങ്ങളെ കുറിച്ച് പഠിപ്പിക്കുന്ന എന്നല്ലാ മറിച്ച് ഭൂതങ്ങളുടെ ആത്മാവിൽ പഠിപ്പിക്കുന്നു എന്നു ചുരുക്കം. ഭൂതങ്ങളുടെ നേതാവാണ് സാത്താൻ, സാത്താൻ മനുഷ്യർ സത്യം അറിയാതെയിരിക്കുവാൻ വേണ്ടി ആഗ്രഹിക്കുകയും അതിനായി പ്രവർത്തിക്കുകയും പോരാടുകയും ചെയ്യുന്നു, ഇന്നത്തെ സമൂഹം വ്യാജത്തിന്റെ ലോകമാണ് നിത്യോപയോഗസാധനങ്ങളിൽ പോലും മായവും തട്ടിപ്പും വഞ്ചനയും കപടവുമാണ്, വിദ്യാഭ്യാസം, വൈദ്യസഹായം, മരുന്നുകൾ, തൊഴിൽ, സാമ്പത്തികം തുടങ്ങിയ എല്ലാ മേഖലകളിലും സത്യത്തിനും ആത്മാർത്ഥതയ്ക്കും വിലയില്ലാതെ വരുകയാണ്. ഇത്തരക്കാർ വിശ്വാസികളെയും ജനങ്ങളെയും വഴിതെറ്റിക്കുന്നു, അവർ കപടഭക്തരാകുന്നു, അവർ ദൈവവചനം നിരാകരിക്കുന്നു. മനുഷ്യർ അത് അറിയുവാനും അംഗീകരിക്കുവാനും

-തുടർച്ച-

കഴിയാതെയിരിക്കുവാൻ സാത്താൻ പരിശ്രമിക്കുന്നു.

ആധുനികയുഗത്തിൽ സാത്താൻ എന്നത് ഒരു കെട്ടുകഥ മാത്രമാണ്, തിന്മയുടെ ഒരു പ്രതീകം മാത്രമാണ് എന്നുള്ളതാണ് പലരുടെയും അഭിപ്രായവും ധാരണവും. ഏറെക്കാലമായി ഇന്റർ നെറ്റിലൂടെ ഒരു വലിയ തമാശ പ്രചരിക്കുന്നുണ്ട്. "നിങ്ങൾ ദൈവമാകണോ എങ്കിൽ ഇന്ത്യയിലേക്കു പോയാൽ മതി അവിടെ നിങ്ങൾക്കു ദൈവമാകാം". സാത്താൻ ലോകത്തിൽ നാസ്തീകവാദം, ഭൗതീകവാദം, പരിണാമവാദം, കമ്മ്യൂണിസം, ആൾ ദൈവം എന്നിവയിലൂടെ ജനങ്ങളുടെ മനസ്സിലൂടെ ദൃശ്യമാധ്യമങ്ങളിലൂടെയും ശ്രവണ മാധ്യമങ്ങളിലൂടെയും ഇലക്ട്രോണിക്ക് മാധ്യമങ്ങളിലും വിഷം കുത്തിനിറയ്ക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുകയാണ്.

ഇന്നത്തെ സാത്താൻ ആരാധനയും അതിന്റെ ഉല്പത്തിയെ കുറിച്ചും എല്ലാവിശ്വാസികളും ബോധവാന്മാരായിരിക്കണം. അതിനെപ്പറ്റി ഒരു ചെറിയ വിവരണം നൽകുവാൻ ആഗ്രഹിക്കുന്നു.

സാത്താൻ എന്നും മോഹിക്കുകയും വിലമതിക്കുകയും ചെയ്യുന്നത് ആരാധനയിലാണ്. തന്നെ ആരാധിക്കുന്ന ഒരു സമൂഹം ഉണ്ടായികാണാൻ അവൻ എന്നും ആഗ്രഹിക്കുന്നു. മനുഷ്യ ചരിത്രത്തിന്റെ പുരാതന ഏടുകൾ മുതൽ സാത്താൻ ആരാധനയുടെ തെളിവുകൾ കാണാം. എന്നാൽ ഈ ആരാധനരീതികൾ സാത്താൻ സഭ എന്ന നിലയിലേക്ക് മാറുന്നതും ആധുനീകരൂപം ലഭിക്കുന്നതും ഇരുപതാം നൂറ്റാണ്ടിലാണ്. സാത്താൻ സഭയുടെ ആരംഭം ആന്റൺ ലാവെയ് എന്ന അമേരിക്കക്കാരനിലാണ്. "ചർച്ച് ഓഫ് സാത്താൻ" എന്ന പേരിൽ ലാവെയ് തുടക്കമിട്ട പ്രസ്ഥാനമാണ് ആദ്യത്തെ സാത്താൻ സഭ.

ആ ന്റ ൺ

05

ചോദ്യോത്തരവേദി

# നിശ്ചയിക്കപ്പെട്ട സമയത്തിനു മുൻപെയും, ശേഷവുമുള്ള മരണം

**ചോദ്യം:** കഴിഞ്ഞ ലക്കത്തിലെ ചോദ്യോത്തരവേദിയിൽ, താങ്കളുടെ ഉത്തരത്തിലെ ഒരു വാക്യം താഴെക്കുറിക്കുന്നു. 'കൊരിന്തിലെ സഭാംഗങ്ങൾ അന്യഭാഷയിൽ ദൈവത്തെ സ്തുതിച്ചു; പ്രവചിച്ചു; രോഗികളെ സൗഖ്യമാക്കി; പക്ഷെ സഭയിലെ അംഗങ്ങൾ പലരും രോഗികളായി **സമയത്തിനു മുൻപേ മരിച്ചു**' (1കൊരി:11:30). ഈ വാക്യത്തെ പിന്തുണയ്ക്കുന്ന വചനം ഏതാണ്? ദൈവം ഒരു മനുഷ്യന് നിശ്ചയിച്ചിരിക്കുന്ന **സമയത്തിനു മുൻപെ** ഒരാൾക്ക് മരിക്കാൻ സാധിക്കുന്നത് എങ്ങനെ? **യോഹന്നാൻ, പിറവം**



ജോർജ്ജ് ഫിലിപ്പ്
തെക്കേക്കര

**ഉത്തരം:** അന്യഭാഷ, പ്രവചനം, രോഗശാന്തി മുതാലായവ ദൈവം വിശ്വാസികൾക്ക് നല്കിയിരിക്കുന്ന കൃപാവരങ്ങളുടെ ഗണത്തിൽ പെടും. വിവരവും (ജ്ഞാനവും), സാമാന്യ ബോധവും (പരിജ്ഞാനവും) **ആഗ്രഹിക്കാതിരുന്ന** കൊരിന്തിലെ സഭാംഗങ്ങൾ ധാരാളമായി ഈ കൃപാവരങ്ങൾ ഉപയോഗിച്ചിരുന്നു (1കൊരി:1:7). മേൽ വിവരിച്ച കൃപാവരങ്ങൾ സഭയിലെങ്ങനെയാണ് ഉചിതവും ചന്തവുമായി ഉപയോഗിക്കേണ്ടതെന്ന് അപ്പൊസ്തലർ 1കൊരി:12,14 അദ്ധ്യായങ്ങളിൽ പഠിപ്പിക്കുന്നു.

ഒരു മനുഷ്യൻ മരിക്കുന്ന വിധവും സമയവും ദൈവം നിശ്ചയിച്ചിട്ടുണ്ടെങ്കിലും മനുഷ്യന്റെ ആഗ്രഹത്തിനും അപേക്ഷയിലും അതിന് മാറ്റം വരുത്താമെന്ന് വചനം വെളിപ്പെടുത്തുന്നു. **ദൈവത്തിന്റെ മാറ്റമില്ലാത്ത സ്നേഹത്തിനു മുൻപിൽ ദൈവം നിശ്ചയിച്ച പല തീരുമാനങ്ങളും ദൈവം തന്നെ മാറ്റിക്കൊണ്ടിരിക്കും (പുറപ്പാട് 32:14 വായിക്കുക).** കൂടാതെ, യോന 3:10 വായിക്കുക. അതിലിപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: "നിനവെയിലെ ജനങ്ങൾ ദുർമാർഗ്ഗം വിട്ടുതിരിഞ്ഞു എന്ന് ദൈവം അവരുടെ പ്രവൃത്തികളിൽ കണ്ടപ്പോൾ **താൻ അവർക്ക് വരുത്തുമെന്ന് അരുളിച്ചെയ്തിരുന്ന അനർത്ഥത്തിൽ നിന്ന് ദൈവം മനസ്സു തിരിച്ചു; അവൻ അതു വരുത്തിയതുമില്ല".**

**ഒരു മനുഷ്യന്റെ മരണസമയത്തിന് മാറ്റം വരുത്താമോ?**

1. ദൈവം **നിശ്ചയിച്ച സമയത്തുത്തന്നെ** ഏലീയാവ് ഭൂമിയിൽ നിന്ന് മാറ്റപ്പെടുന്നു. "യഹോവ ഏലീയാവിനെ ചുഴലിക്കാറ്റിനാൽ സ്വർഗ്ഗത്തിലേക്ക് എടുക്കുവാൻ **സമയമായപ്പോൾ** ഏലീയാവ് ഏലീശയോടുകൂടെ ഗില്ഗാലിൽ നിന്നു യാത്രയായി"(2രാജാ 2:1-15).

2. ദൈവം നിശ്ചയിച്ച സമയത്തിനുശേഷം 'ഹിസ്കീയാവ്' രാജാവ് മരിച്ചു (2രാജാക്കന്മാർ 18 മുതൽ 21-ാം അദ്ധ്യായം; 2 ദിനവൃത്താന്തം 29 മുതൽ 33 അദ്ധ്യായം വായിക്കുക). രാജാവിന്റെ മരണ സമയം യെശയ്യാവ് പ്രാവാചകൻ മുഖാന്തരം ദൈവം രാജാവിനെ അറിയിച്ചപ്പോൾ, രാജാവ് കിടന്ന് നിലവിളിച്ചു പ്രാർത്ഥിച്ചു. രാജാവിന് കുറച്ചുനാൾകൂടി ജീവിക്കണമെന്ന് കരഞ്ഞുകൊണ്ട് അപേക്ഷിച്ചു. 15 വർഷം കൂടി ആയുസു നീട്ടിക്കൊടുത്തു. ആയുസു നീട്ടികിട്ടിയ വർഷങ്ങളിൽ, മൂന്നാം വർഷം ഒരു മകനുണ്ടായി. മകന്റെ പേരു മനശ്ശ. ഈ മകൻ ഹിസ്കിയ രാജാവിന് ഉണ്ടാകാതിരുന്നെങ്കിൽ നല്ലതായിരുന്നു എന്ന് ചരിത്രം നമ്മെ പഠിപ്പിക്കുന്നു. ആയുസ് നീട്ടി വാങ്ങുന്നതും ശുശ്രൂഷ ചോദിച്ചു വാങ്ങുന്നതും ഗുണത്തിനു പകരം ദോഷമേ ഉണ്ടാകുകയുള്ളൂ.

**3. സമയത്തിന് മുൻപെ മരിക്കുന്നതെങ്ങനെ?**

**a.** ..."രക്തദാഹികളും വഞ്ചകരുമായവർ **ആയുസ്സിന്റെ പകുതിയോളം ജീവിക്കുകയില്ല**; ഞാനോ നിന്നിൽ ആശ്രയിക്കും" (സങ്കീ:55:23).

**b.** "പല പ്രാവശ്യം ശാസിക്കപ്പെട്ടിട്ടും ശാഠ്യം കാണിക്കുന്നവർ പരിഹാരമില്ലാതെ **പെട്ടെന്നു നശിച്ചുപോകും**" (സദൃശ്യവാക്യം 29:1).

**c.** "അധികം ദുഷ്ടനായിരിക്കരുത്; മൂഡനായിരിക്കുകയുമരുത്; **സമയത്തിന് മുൻപെ നീ എന്തിനു മരിക്കുന്നു**"(സഭാപ്രസംഗി 7:17)

**c.** "നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്കുക എന്നുള്ള വാഗ്ദത്തത്തോടു കൂടിയ ആദ്യകല്പന ആകുന്നു. നിനക്കു നന്മ ഉണ്ടാകുവാനും നീ ഭൂമിയിൽ **ദീർഘായുസ്സോടിരിക്കുവാനും തന്നെ**" (എഫെസ്യർ 6:1-3).

**e.** "..അയോഗ്യമായി അപ്പം ഭക്ഷിക്കുകയോ കർത്താവിന്റെ പാനപാത്രം കുടിക്കുകയോ ചെയ്യുന്നവരെല്ലാം കർത്താവിന്റെ ശരീരവും രക്തവും സംബന്ധിച്ച് കുറ്റക്കാരനായിത്തീരും. മനുഷ്യൻ സ്വയം പരിശോധന നടത്തിയിട്ടുവേണം തിരുവത്താഴം ആചരിക്കേണ്ടത്. അങ്ങനെ ചെയ്യാത്ത പലരും ബലഹീനരും രോഗികളും ആയിരിക്കുന്നു; **അനേകർ സമയത്തിനു മുൻപെ മരണപ്പെടുകയും ചെയ്തു**". (1കൊരി 11:26-30, സ്വതന്ത്രപരിഭാഷ)

ലേഖനം

# ആധുനിക ദൈവസഭ



ഇവാ. പി.കെ സ്കറിയ,
ഡാളസ്
214-686-2177

സത്യവേദപുസ്തകത്തിൽ നാം ഇപ്രകാരം വായിക്കുന്നു "നിങ്ങളെത്തന്നെയും, താൻ സ്വന്തരക്തത്താൽ സമ്പാദിച്ചിരിക്കുന്ന ദൈവത്തിന്റെ സഭയെ മേയ്ക്കുവാൻ പരിശുദ്ധാത്മാവു നിങ്ങളെ അദ്ധ്യക്ഷരാക്കിവച്ച ആട്ടിൻ കൂട്ടം മുഴുവനായും സൂക്ഷിച്ചുകൊൾവീൻ (അപ്പൊ. 20: 28).

പ്രസ്തുത വചനാടിസ്ഥാനത്തിൽ സഭക്കാർ ദൈവത്തിന്റേതു മാത്രമാണെന്നും, യേശുക്രിസ്തു കാൽവറിക്രൂശിൽ അതിനായി തന്റെ വിലയേറിയ രക്തവും, ജീവനും നല്കിയെന്നും സഭകളെ നയിപ്പാൻ പരിശുദ്ധാത്മാവ് ആക്കി വെച്ചവർ മാത്രമാണ് അദ്ധ്യക്ഷന്മാർ, അല്ലെങ്കിൽ ശുശ്രൂഷകന്മാർ എന്നും വ്യക്തമാണ്.

നീ പണ്ടുപണ്ടേ സമ്പാദിച്ച നിന്റെ സഭയെന്ന്(സങ്കീ.74:2)ലും, ഞാൻ എന്റെ സഭയെ പണിയും, പാതാള ഗോപുരങ്ങൾ അതിനെ ജയിക്കുകയില്ല എന്ന് (മത്താ.16:18) ലും ക്രിസ്തുവിന്റെ സകലസഭകളും നിങ്ങളെ വന്ദനം ചൊല്ലുന്നു എന്ന് (റോമർ16:16)ലും, കൊരിന്ത്യയിലുള്ള ദൈവസഭയെന്ന് (1കൊരി. 1: 2)ലും, യഹൂദ്യയിലെ ക്രിസ്തുസഭക്കാർ എന്ന് (ഗലാ.1:22)ലും ക്രിസ്തുവിന്റെ ശരീരമായ സഭ എന്ന് (എഫേസ്യർ1:23)ലും നാം വായിക്കുന്നു.

നാം ക്രിസ്തുവിന്റെ ശുശ്രൂഷകന്മാരും, ദൈവമർമ്മങ്ങളുടെ ഗൃഹ വിചാരകന്മാരും എന്നിങ്ങനെ ഓരോരുത്തൻ എണ്ണിക്കൊള്ളട്ടെ(1 കൊരി. 4:1). യേശുക്രിസ്തു, സർവ്വത്തിനും മുമ്പേയുള്ളവൻ, അവൻ സകലത്തിനും ആധാരമായിരിക്കുന്നു, അവൻ സഭ എന്ന ശരീരത്തിന്റെ തലയും ആകുന്നു (കൊലോസ്സ്യർ 1: 17,18). ജീവനുള്ള ദൈവത്തിന്റെ സഭയാകുന്ന ദൈവാലയം എന്ന് (1തിമൊ. 3:15)ലും രേഖപ്പെടുത്തിയിരിക്കുന്നു.

പരിശുദ്ധാത്മാവാണല്ലോ, പുതിയനിയമ സഭയുടെ ആരംഭം കുറിച്ചതും, ഇന്നും സഭയാകുന്ന ദൈവാലയത്തിന്റെ പണി നടത്തിക്കൊണ്ടിരിക്കുന്നതും, മർക്കോസിന്റെ മാളിക മുറിയിൽ 120 പേരുടെ മേൽ പകർന്ന പരിശുദ്ധാത്മാവാണല്ലോ, പിൽകാലങ്ങളിൽ സുവിശേഷം അറിയിപ്പാനും അനേകരെ നിമജ്ജന സ്നാനത്തിലേക്കും, പരിശുദ്ധാത്മ സ്നാനത്തിലേക്കും നയിച്ചു കൊണ്ടിരുന്നത്. കർത്താവ് ദിനമ്പ്രതി രക്ഷിക്കപ്പെടുന്നവരെ ദൈവസഭയോട് ചേർത്തു കൊണ്ടിരുന്നു (അപ്പൊ.2:47).

ഒന്നാം നൂറ്റാണ്ടിലുണ്ടായ ദൈവസഭകൾ എല്ലാം തന്നെ അതാത് സ്ഥലനാമങ്ങളിൽ അറിയപ്പെട്ടിരുന്നു. വിശ്വസിച്ചവർ എല്ലാവരും ഒരുമിച്ചിരുന്നു സകലവും പൊതുവക എന്ന് കരുതുകയും എന്ന് വായിക്കുന്നു. ദൈവസഭയും പൊതുവക തന്നെയായിരിക്കുന്നു (അപ്പൊ. 2: 45, 46).

അപ്പൊസ്തലനായ വിശുദ്ധ പൗലോസ് തന്റെ സഹശിഷ്യന്മാരോട് ചേർന്ന് അനവധി കഷ്ടനഷ്ടങ്ങൾ സഹിച്ചു ഉണ്ടായിട്ടുള്ള സഭകൾ ഉൾപ്പെടെ, റോമർ, കൊരിന്ത്യ, ഗലാത്യ, എഫെസൊസ്, ഫിലിപ്പിയ, കൊലോസ്സ്യ, തെസ്സലോനിക്യ, ആസ്യയിലെ(Asia) സഭ (1 കൊരി.16:19), എബ്രായ കൂടാതെ വെളിപ്പാടു പുസ്തകത്തിൽ കാണുന്ന എഫെസൊസ്, സമുർന്ന, പെർഗ്ഗമൊസ്, തുയഥൈര്യ, സർദ്ദിസ്, ഫിലദൽഫ്യ, ലവൊദിക്യ എന്നു തുടങ്ങിയുള്ള സഭകളും അതാത് സ്ഥല നാമങ്ങളിൽ അറിയപ്പെട്ടിരിക്കുന്നു, ഇവ എല്ലാം തന്നെ പൊതു സഭകൾ ആയിരുന്നു എന്നതിന് രണ്ട് പക്ഷമില്ല.

21-ാം നൂറ്റാണ്ടിൽ നമ്മുടെ പിതാക്കന്മാർ ഭരണ സൗകര്യാർത്ഥം, സഭകളെ പ്രസ്ഥാനങ്ങളാക്കി മാറ്റി, അങ്ങനെയാണല്ലോ (C.P.M) അഥവാ (New Testament church), Church of God, Assemblies of God, I.P.C, Sharon Fellowship, P.M.G മുതലായ പ്രസ്ഥാനങ്ങൾ നിലവിൽ വന്നത്. ഇപ്രകാരം പ്രസ്ഥാനങ്ങളുടെ പേരിൽ ദൈവസഭക്കാർ അറിയപ്പെട്ടിരിക്കുന്ന എങ്കിലും പൊതുസഭകൾ എന്ന ആശയം ഉൾക്കൊണ്ടിരിക്കുന്നതിനാൽ ധാരാളം സഭകൾ സ്ഥാപിക്കപ്പെടുവാനും, വളരുവാനും ഇടയായിട്ടുണ്ട്.

കർത്തൃമേശ ശുശ്രൂഷകളിൽ നാം പറയാറുള്ളതുപോലെ നാം എല്ലാവരും ഒരെ അപ്പത്തിന്റെ അംശികളും, ഒരേ പാനപാത്രത്തിന്റെ ഓഹരിക്കാർ എന്നുള്ള മനോഭാവം നിലനിന്നിരിക്കുന്നതിനാൽ സഭകൾ ഐക്യതയിലും, സന്തോഷത്തിലും വളരണം, പെരുകിക്കൊണ്ടിരിക്കുകയും ചെയ്തിരിക്കുന്നു (അപ്പൊ. 9:31).

ഇക്കാലങ്ങളിൽ വേർപ്പെട്ട സഭകൾ വ്യക്തികളുടെ പേരിലും കുടുംബക്കാരുടെ സ്വാധീനതയിലും ആയതു നിമിത്തമായി, വ്യക്തികൾക്കും, കുടുംബങ്ങൾക്കും അധീനപ്പെട്ട സഭകൾ ആയിത്തീർന്ന് കൊണ്ടിരിക്കുന്നു എന്നുള്ളത് ഒരു ദുഃഖസത്യമാണ്. ഇപ്രകാരമുള്ള സഭകളുടെയും, സ്വതന്ത്ര പ്രസ്ഥാനങ്ങളുടെയും ഉടമസ്ഥാവകാശം ശിരസ്സാൽ വഹിക്കുന്നവർ, വിവിധ പൊതു പ്രസ്ഥാനങ്ങളുടെ പേരിൽ പൊതുരംഗങ്ങളിൽ പ്രത്യക്ഷപ്പെടുകയും, തങ്ങളുടെ നിയന്ത്രണത്തിലുള്ള സഭകളുടെയും പ്രസ്ഥാനത്തിന്റെയും നടത്തിപ്പിനും, നിലനില്പിനും പൊതുജനങ്ങളുടെ പണം സ്വീകരിച്ച് സ്വന്തം സാമ്രാജ്യം കെട്ടിപ്പെടുത്തുകയും അവർക്കു ശേഷം അവരുടെ മക്കളെയോ, കുടുംബക്കാരെയോ അവരുടെ സ്ഥാനത്ത് അവരോധിക്കുകയും ചെയ്യുന്നു.

ദശാംശം കൊടുക്കുന്ന വിഷയത്തിൽ പ്രസംഗിക്കുമ്പോൾ സഭകൾ ദൈവത്തിന്റേതാണ് എന്ന് പ്രസ്താവിക്കുകയും ചെയ്യുന്നു (മലാഖി. 3:10).

ഇപ്രകാരമുള്ള ചതിവും വഞ്ചനയും പ്രാരംഭത്തിൽ ഗ്രഹിക്കാത്ത സാധാരണക്കാരായ വിശ്വാസികൾ, ആത്മാർത്ഥയോടും വിശ്വസ്തതയോടും കൂടി പൊതുസഭ, പൊതു പ്രസ്ഥാനം എന്നുള്ള ധാരണയിൽ എല്ലാവിധ ആത്മീക, സാമ്പത്തിക കൂട്ടായ്മകൾ ഞങ്ങളാലാവോളം നല്കി മുൻപോട്ട് പോകുമ്പോഴായിരിക്കും സഭയിൽ ഒരു നിസ്സാര പ്രശ്നം ഉടലെടുക്കുന്നതും, തദവസരത്തിലാണ് അറിയുന്നത് സഭയും, അതിന്റെ സ്ഥാവരജംഗമവസ്തുക്കളും, വ്യക്തികളുടെയും, കുടുംബക്കാരുടെയും പേരിലാണ് എന്ന് പൂർണ്ണമായും മനസ്സിലാക്കുന്നത്. ഒടുവിൽ ലജ്ജിതരായി വെറും കൈയായി സഭയ്ക്ക് പുറത്ത് പോകുവാൻ ഇടയാകുകയും ഒരു പുതിയ ക്രമീകരണത്തിലേക്ക് നീങ്ങുവാൻ അങ്ങനെയുള്ളവർ നിർബന്ധിതരായി തീരുകയും ചെയ്യുന്നു.

മറ്റുചിലർ സ്വന്തം പണം മുടക്കി ദൈവസഭ തുടങ്ങുകയും, പണത്തിന്റെ സ്വാധീനം കൊണ്ട് കെട്ടിടങ്ങളും മറ്റും വാങ്ങുകയും "യജമാനന്റെ മുന്തിരിത്തോട്ടത്തിലെ വേലക്കാർ" എന്ന ലേബലോടുകൂടി ദൈവസഭകളെ സ്വന്തം പേരിലും സ്വാധീനതയിലും ആക്കിത്തീർക്കുകയും ചെയ്യുന്നു.

പല പെന്തെക്കോസ്തു സഭകളും ഇക്കാലങ്ങളിൽ അറിയപ്പെടുന്നതു തന്നെ വ്യക്തികളുടെ പേരിലാണ് എന്നതു പൊതുജനങ്ങൾക്ക് അറിവുള്ളതാണല്ലോ.

മേൽപ്പറഞ്ഞ സഭകളിൽ ചെന്നുപ്പെടുന്നവരുടെ അവസ്ഥകൾ നമ്മുക്ക് ഊഹിക്കാവുന്നതേയുള്ളൂ. "പട പേടിച്ചു പന്തളത്ത് ചെന്നപ്പോൾ പന്തവും കുത്തി പട എന്ന് പറയുന്നതുപോലെയായിരിക്കും.

ഒന്നാം നൂറ്റാണ്ടിൽ ദ്രവ്യം കൊടുത്ത് കൃപാവരശുശ്രൂഷകന്മാരെ കൈവശമാക്കുവാൻ ഉത്സാഹിച്ച ശീമോനെ ശാസിക്കയത്രെ അപ്പോസ്തലനായ പത്രോസ് ചെയ്തത്. എന്നാൽ ഇന്നത്തെ സഭാ നേതൃത്വങ്ങൾ മേൽ പ്രസ്താവിച്ചതുപോലെയുള്ള അനീതിയ്ക്കു കൂട്ടുനില്ക്കുകയും, മൗനം സമ്മതം കൊടുക്കുകയും ചെയ്യുന്നു (അപ്പൊ. 8:18-24).

ഇപ്രകാരമുള്ള സ്ഥിതി വിശേഷണങ്ങൾ വേർപ്പെട്ടവരും, വിശുദ്ധർക്കും എന്ന് സ്വയപ്രഖ്യാപിക്ക സമൂഹങ്ങളിൽ മാത്രം കാണുന്ന ഒരു പ്രവണതയാണ്.

റോമൻ കത്തോലിക്കക്കാർ, യാക്കോബായക്കാർ, മർത്തോമ്മക്കാർ, സി.എസ്. ഐക്കാർ തുടങ്ങിയുള്ള സമുദായക്കാർക്കും തന്നെ പള്ളികളെയും, അതിന്റെ സ്ഥാവരജംഗമവസ്തുക്കളെയും സ്വന്തം പേരിലോ, കുടുംബക്കാരുടെ പേരിലോ ആക്കി ദൈവകോപത്തിന് ഇടം കൊടുക്കാറില്ല എന്നുള്ളത് പ്രസ്താവ്യമത്രെ.

സ്ഥലം പള്ളികളിലെ നിയമിക്കപ്പെട്ട ശുശ്രൂഷ സമയം തീരുമ്പോൾ മേല്ക്കോയ്മ പറയുന്നതിനനുസരിച്ച് സന്തോഷത്തോടുകൂടി യാത്രയാകുന്നത് നമുക്ക് അറിവുള്ള കാര്യമാണല്ലൊ (1കൊരി 4:2)ൽ "ഗൃഹവിചാരകന്മാരിൽ അന്വേഷിക്കുന്നതോ അവർ വിശ്വസ്തരായിരിക്കണം എന്നത്രെ", ഈ വചനാടിസ്ഥാനത്തിൽ നാം എപ്രകാരം ആയിരിക്കുന്നു എന്ന് ഒരു സ്വയബോദ്ധ്യത നിലനിർത്തിയിരിക്കുന്നു എങ്കിൽ എത്ര നന്നായിരുന്നേനെ?.

മരുഭൂമിയിലെ സഭ നടത്തിക്കൊണ്ടു വന്ന മോശെ തന്റെ കാലശേഷം യാതൊരു രക്തബന്ധവും ഇല്ലാത്ത യോശുവയെ തുടർന്നുള്ള ശുശ്രൂഷ ദൈവാലോചന പ്രകാരം ഭരമേല്പ്പിക്കുന്നതായി കാണാം (സംഖ്യ:11:28, ആവർത്തനം 31:7, യോശുവ 1:1).

പൊതുപ്രവർത്തനം കൂടാതെ വിശുദ്ധ പൗലോസ് കൊലോസ്സ്യ സഭയിൽ ഒരു സഭാ ശുശ്രൂഷകൻ (Pastor of

05

അമേരിക്കൻ വീക്ഷണം

# അന്യം നിന്ന് പോകുന്ന വിവാഹ സംസ്കാരങ്ങൾ; അന്യവംശജരെ പങ്കാളികളാക്കുന്ന കുട്ടികൾ



ജോൺസ് പി. മാത്യൂസ്
ടെന്നസ്സി

പ്രണയിച്ചു നിന്ന് വിവാഹം കഴിക്കുക എന്ന് കേൾക്കുന്നത് തന്നെ പഴയകാല വിശ്വാസികൾക്ക് ഉൾക്കൊള്ളാവുന്ന ഒന്നല്ല. കാരണം കൊടും പാപങ്ങളുടെ പട്ടികയിൽ പ്രണയവും സ്ഥാനം പിടിച്ചിരുന്നു. "മോഹം ഗർഭം ധരിച്ച് പാപത്തെ പ്രസവിക്കുന്നു" പാപത്തിന്റെ കൂടാരത്തിൽ പ്രണയം ഉൾപ്പെടാനുള്ള മുഖ്യ വാക്യവും ഇതുതന്നെ. എന്നാൽ കാലങ്ങൾ മുന്നോട്ട് കടന്ന് പോയി. ആദിമകാല വിശ്വാസികൾ പലരും മൺമറഞ്ഞു. ന്യൂജെൻ ആത്മീയത്തിന്റെ അതിപ്രസരണം മൂലം ഇന്ന് പെന്തെക്കോസ്ത് വിശ്വാസികളുടെ ഇടയിൽ നടക്കുന്ന വിവാഹങ്ങളിൽ ഏറിയ പങ്കും പ്രണയം എന്ന് വിത്ത് മുളച്ചതിന്റെ ഫലമായി മുതലെടുക്കുന്നതാണ് അമേരിക്കയിൽ മലയാളി വിശ്വാസികളുടെ വിവാഹങ്ങളിൽ 99 ശതമാനവും മേൽപ്പറഞ്ഞ രീതിയിൽ നടക്കാൻ തുടങ്ങിയിട്ട് കാലങ്ങളായി. ചെറിയ ശതമാനം ലിവിംഗ് ടുഗതർ എന്ന് മഹത്തായ ചടങ്ങിന് ശേഷമാണ് നടക്കുന്നത്. എന്നാൽ ഇത്തരം വിഷയങ്ങളിൽ ന്യായീകരണമായി മുമ്പേ എത്തുന്നത് മാതാപിതാക്കൾ തന്നെയാണ്. വളർന്ന് വരുന്ന കുട്ടികൾക്ക് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ കൊടുക്കാതെ അമേരിക്കൻ സാഹചര്യത്തെ പഴിപറഞ്ഞ് രക്ഷപ്പെടാനാണ് മാതാപിതാക്കൾ ശ്രമിക്കേണ്ടത്. പിതാവും മാതാവും കൂടുതൽ സമ്പത്തിന് വേണ്ടി ഓവർടൈം എന്ന ലക്ഷ്യത്തിലേക്ക് പോകുമ്പോൾ കുട്ടികൾക്ക് ലഭിക്കേണ്ട വാത്സല്യമോ പരിചരണങ്ങളോ ലഭിക്കാറില്ല. ഇതുമൂലം കുടുംബത്തിൽ നിന്നും കുട്ടികൾ അകലുകയാണ്. അന്യവംശജരെ വിവാഹം കഴിക്കുന്നതിൽ ഇതരസഭകളെ അപേക്ഷിച്ച് പെന്തെക്കോസ്ത് സഭകളിലെ വിശ്വാസികളാണ് ഏറ്റവും കൂടുതലായി കണ്ടുവരുന്നതെന്ന് ദുഃഖത്തോടുകൂടി പറയട്ടെ. ഇതിൽ 90 ശതമാനവും വിവാഹമോചനത്തിൽ കലാശിക്കുകയാണ് ചെയ്യുന്നത്.

'സാമുദായിക സഭകൾ' എന്ന് നാം വിളിക്കുന്ന യാക്കോബായ, കത്തോലിക്ക, മർത്തോമ്മ, സി. എസ്. ഐ. മുതലായ എപ്പിസ്കോപ്പൽ വിശ്വാസികളെക്കാൾ അധികമായി ഇവിടെയുണ്ട്. എന്നാൽ അവരുടെ വിവാഹങ്ങൾ ഏറിയ അളവും അറേഞ്ച്ഡ് മാര്യേജിലാണ് നടക്കാറുള്ളത്. പെന്തെക്കോസ്ത് മാതാപിതാക്കൾ പറയുന്ന അമേരിക്കൻ സിറ്റുവേഷൻ അവരെ ബാധിക്കാറില്ലേ?, പാശ്ചാത്യ സംസ്കാരം എല്ലാം തന്നെ ഉൾക്കൊള്ളാൻ വെമ്പൽ കൊള്ളുന്നവരാണ് മലയാളികൾ. എന്നാൽ വിവാഹത്തെ സംബന്ധിച്ചു സംസ്കാരം ഇഷ്ടപ്പെടാത്ത അമേരിക്കൻ വംശജരിൽ ചെറിയ ശതമാനവും ഇവിടെയുണ്ടെന്നുള്ളതാണ് സത്യം.

മ്യൂസിക്കൽ ഇൻസ്ട്രമെന്റ്സ് വിൽക്കുന്ന പ്രമുഖമായ ഒരു കടയിൽ സ്ഥിരമായി ഞാൻ സന്ദർശിക്കാറുണ്ട്. അവിടുത്തെ സെയിൽസ്മാനായ ഒരു ചെറുപ്പക്കാരനെ പരിചയപ്പെടുവാൻ ഇടയായി. ഇലക്ട്രോണിക്സിൽ ഡിഗ്രിയുള്ള വ്യക്തിയാണ്. തന്റെ ചർച്ചിൽ സിസ്റ്റം ഓപ്പറേറ്റ് ചെയ്യുന്നത് അദ്ദേഹമാണ്. ചർച്ചിലെ കാര്യങ്ങൾ ഞങ്ങൾ സംസാരിക്കുമ്പോൾ തികഞ്ഞ പെന്തെക്കോസത് അനുഭവത്തിലൂടെ മാത്രമേ അദ്ദേഹത്തിന്റെ വാക്കുകൾ സഞ്ചരിക്കാറുള്ളു. ദുശീലങ്ങൾ ഒന്നും തന്നെയില്ല. ആഭരണത്തെ വരവേൽക്കാൻ ആധുനിക മലയാളി വിശ്വാസികൾ വെമ്പൽ കൊള്ളുമ്പോൾ അതിനെ നഖശിഖാന്തം എതിർക്കുന്ന വ്യക്തിയാണ് അദ്ദേഹം. തന്റെ മാതാവ് നല്ല ഒരു പ്രാർത്ഥനക്കാരിയാണെന്നും പിതാവ് ചാപ്ലെയിനാണെന്നും എന്നോട് പറയുകയുണ്ടായി. ധാരാളം പശുക്കളുള്ള ഫാം അവർക്ക് സ്വന്തമായുണ്ട്. ഈ ഫലം കാണാൻ വേണ്ടി ഒരിക്കൽ അദ്ദേഹത്തിന്റെ ഭവനത്തിൽ ഞാൻ പോയി. മാതാവും പിതാവും സഹോദരനും അടങ്ങുന്ന നല്ല ഒരു മാതൃക ഭാവനം. തന്റെ മാതാവും ദൈവീക കാര്യങ്ങൾ ഉൾപ്പെടുത്തിയാണ് സംസാരിക്കാറുള്ളത്. എന്നാൽ സംസാരത്തിനിടയിൽ എന്നോട് പറഞ്ഞു. ജോൺസ് ഇവനു വേണ്ടി പ്രാർത്ഥിക്കണം, അവന് ഇതുവരെയും ഒരു ഗേൾഫ്രണ്ടിനെ ലഭിച്ചിട്ടില്ല. അതിൽ ഞങ്ങൾ വളരെ ദുഃഖിതരാണ്. കേട്ടമാത്രയിൽ ഞാൻ ചെറുതായി ചിരിച്ചു. എന്നാൽ തന്റെ മാതാവിന്റെ ആവശ്യം തനിക്ക് ഇഷ്ടമല്ല. അദ്ദേഹത്തിന് ഇന്ത്യൻ വിവാഹ രീതിയോട് ആണ് താല്പര്യം. എന്നാൽ അദ്ദേഹത്തിന് അറിയില്ലല്ലോ ഇന്ത്യൻ വിവാഹ രീതികൾ ഏറെ മാറിയെന്നും ന്യൂജെൻ വ്യവസ്ഥയിലാണ് ഇപ്പോൾ നടക്കുന്നതെന്നും.

അവർ നമ്മെ പകർത്താൻ ശ്രമിക്കുമ്പോൾ നാം അവരെ പകർത്താനാണ് ശ്രമിക്കാറുള്ളത്. ലെഗ്ഗിൻസ് എന്നത് പാശ്ചാത്യ രീതിയിലുള്ള വസ്ത്രധാരണമാണ്. ലോംഗ് ബോഡി ടൈപ്പിലുള്ള അടിവസ്ത്രമാണ്. എന്നാൽ എറണാകുളത്തെ ഒരു മെഗാ ചർച്ചിലെ ചില പെൺകുട്ടികൾ മേൽ വസ്ത്രമായി ലെഗ്ഗിൻസും ധരിച്ച് കൊണ്ട് ആരാധിക്കുന്നത് വീഡിയോയിൽ കൂടി കാണുവാൻ ഇടയായത് വളരെ ആശ്ചര്യകരമായി തോന്നി. മറ്റൊരു പാസ്റ്റർ അദ്ദേഹത്തെക്കാളും ഭാരമുള്ള ജീൻസും ടീഷർട്ടും ധരിച്ച് കൊണ്ട് പുൽപിറ്റിൽ നിന്ന് പ്രസംഗിക്കുന്നതും വീഡിയോയിൽ കൂടി കാണുവാൻ ഇടയായി. സഭയിൽ വരുമ്പോൾ മാന്യമായ വസ്ത്രം ധരിക്കണം. സന്ദർഭം അനുസരിച്ച് ധരിക്കാനുള്ളതാണ് വസ്ത്രം. പാശ്ചാത്യ സംസ്കാരത്തിന്റെ ആരാധകരാണ് മേൽപ്പറഞ്ഞവർ. ഇങ്ങനെയുള്ളവരോട് എനിക്ക് പറയാനുള്ളത് ഇംഗ്ലീഷുകാരുടെ ചർച്ച് ഒരിക്കലെങ്കിലും നിങ്ങൾ സന്ദർശിക്കേണ്ടത് അത്യാവശ്യമാണ്. ആരാധനാവേളയിൽ പാസ്റ്റർമാർ ധരിക്കുന്ന വേഷം ജീൻസും ടീഷർട്ടുമല്ല സമൂഹമാധ്യമങ്ങളിൽ കൂടി നിങ്ങൾക്കിത് കാണാവുന്നതാണ്. ആധുനികതയെ നെഞ്ചിലേറ്റി ആത്മീയ ജീവിതവുമായി കലർത്തുമ്പോൾ അടർന്ന് വീഴുന്ന ഒന്നുണ്ട്, ദൈവീകത. അത് ലഭിക്കണമെങ്കിൽ ആ പഴയ കാലത്തിലേക്ക് തന്നെ തിരിച്ച് പോയേ തീരൂ (തുടരും)

## കല്ലുകടി

### പ്രിഫറൻസ് വേണം പ്രിഫറൻസ് വേണം

ജൂൺ 14-ാം തീയതി ചർച്ച് ഓഫ് ഗോഡ് ഏഷ്യൻ സൂപ്രണ്ട് താൻ താമസിച്ചിരുന്ന ചെങ്ങന്നൂരിലെ ഹോട്ടലിൽ നിന്നും ഓട്ടോറിക്ഷയിൽ മുളക്കുഴയിൽ ചർച്ച് ഓഫ് ഗോഡ് ഹെഡ്ക്വാർട്ടറിൽ എത്തി. തന്നോടൊപ്പം തന്റെ വളർത്തുമകനും ഉണ്ടായിരുന്നു. സ്വന്ത സഹോദരന്മാരെ കാണുവാൻ എത്തിയ യോസേഫിന്റെ അനുഭവമായിരുന്നു അവിടെ തന്നെ കാത്തിരുന്നത്. മുൻകൂട്ടി പ്ലാൻ ചെയ്തതനുസരിച്ച് പാട്ടുകാരൻ ശിംശോൻ പോലീസിനെ വിളിച്ചുവരുത്തി. സഭയുടെ പ്രധാനി വിളിച്ചതുകൊണ്ടാണ് തങ്ങൾ വന്നതെന്ന് ചിലരോട് പോലീസും വ്യക്തമാക്കി. പ്രിഫറൻസ് ബാലറ്റ് നടത്തുവാനെത്തിയ സായ്പിനെ പോലീസിനെകൊണ്ട് പറഞ്ഞയപ്പിച്ചു. അങ്ങനെ പ്രിഫറൻസ് തടഞ്ഞു. ഇനി കസേരയിൽ ഉറച്ചിരിക്കാം എന്ന് പ്രതീക്ഷിച്ച നേതാവും ശിങ്കിടികളും പ്രതീക്ഷിക്കാത്തതൊക്കെ നടക്കുന്നു എന്ന് തിരിച്ചറിഞ്ഞപ്പോൾ കക്ഷികൾക്ക് പ്രിഫറൻസ് നടത്തിയേ തീരൂ. ഇപ്പോൾ സായ്പിനോട് ക്ഷമ ചോദിക്കുന്നു. സ്ഥാനമോഹികൾ ഒപ്പിട്ട് പ്രിഫറൻസ് നടത്തണേ സായ്പേ എന്ന് അപേക്ഷിക്കുന്നു. ആകപ്പാടെ പ്രിഫറൻസിനായുള്ള ആഗ്രഹം നേതാവിലും അനുയായികളിലും തെളിഞ്ഞുനിൽക്കുന്നു. പ്രിഫറൻസ് നടക്കട്ടെ. ജനപിന്തുണയുള്ളവർ കസേരയിൽ ഇരിക്കട്ടെ. പ്രിഫറൻസ് സമാധാനപരമായി നടക്കണം എന്നൊക്കെ പറഞ്ഞവരെ മണ്ടന്മാരാക്കി കയ്യൂക്കുകൊണ്ട് ചിലതൊക്കെ നേടാമെന്ന് വിചാരിച്ച് കാര്യങ്ങൾ ചെയ്തവർ എല്ലാം കൈവിട്ടുപോയെന്ന് മനസ്സിലാക്കാൻ അല്പം വൈകിപ്പോയി. വൈകിവന്ന ഈ ബുദ്ധിയുടെ പിന്നിലും ചില ഗൂഢോദ്ദേശങ്ങൾ ചിലർക്കൊക്കെ ഉണ്ട്. ഊമക്കത്തും വ്യക്തിഹത്യയും വേണ്ടപോലെ ഏശിയില്ല. എല്ലാവരുടെയും സംസ്കാരം ഒന്നല്ലാത്തതിനാൽ കയ്യൂക്ക് കാണിക്കാൻ വരാത്തവർ മണ്ടന്മാരാണെന്ന ധാരണ ചിലരൊക്കെ വെച്ചുപുലർത്തുകയാണ്. കാലം മാറിയെന്ന യാഥാർത്ഥ്യം തിരിച്ചറിഞ്ഞാൽ നന്ന്.

**അടിക്കുറിപ്പ്:** ഭരണത്തിലിരുന്ന് ജനത്തെ വെറുപ്പിച്ചപ്പോൾ ഇങ്ങനെയൊരു സമയം വരുമെന്നും ജനപിന്തുണ വേണ്ടിവരുമെന്നും ഭരണത്തിലിരിക്കുന്നവർ ഓർക്കാഞ്ഞാൽ ഇങ്ങനെയൊക്കെ സംഭവിക്കും.

## 01 വേദപഠനം.......

ലാവെയ് ഫ്രാൻസിൽ വേരുള്ള ഒരു അമേരിക്കൻ കുടുംബത്തിലെ അംഗമായി 1930 ഏപ്രിൽ 11-നു ചിക്കാഗോയിലാണ് ജനിച്ചത്. കാലിഫോർണിയായിലായിരുന്നു ബാല്യകാലം. സംഗീതത്തിൽ അതീവ തല്പരനായിരുന്ന ലാവെയ് മനോഹരമായി സംഗീത ഉപകരണങ്ങൾ കൈകാര്യം ചെയ്യുമായിരുന്നു. ഹൈസ്കൂളിൽ പഠനം അവസാനിപ്പിച്ചു. സർക്കസ് കേന്ദ്രങ്ങളിലും കാർണിവലുകളിലും സംഗീത പരിപാടികളവതരിപ്പിച്ചാണ് തുടക്കം. പിന്നീട് മൂന്നു വർഷം സാൻഫ്രാൻസിസ്കോ പോലീസ് വകുപ്പിൽ ഫോട്ടോഗ്രാഫർ. ഇതിനിടയിൽ തകർന്നു പോയ രണ്ടു വിവാഹ ബന്ധങ്ങളിലായി രണ്ടുമക്കൾ.

1960-കളിലാണ് ലാവെയ് ദുരുപദേശ പ്രസംഗങ്ങളും സംഗീതവും മനഃശാസ്ത്ര ഗവേഷണവുമൊക്കയായി കുപ്രസിദ്ധി നേടിത്തുടങ്ങിയത്. വെള്ളിയാഴ്ച രാത്രികളിൽ നടന്നുവന്ന ലാവെയ് പ്രസംഗങ്ങൾ മാജിക്ക് സർക്കിൾ എന്ന കൂട്ടായ്മയ്ക്ക് കാരണമായി. (തുടരും)

## 01 ഡാളസ് ഒരുങ്ങി....

ഷകനും മലയാളക്കരയിലെ ഏറ്റവും പ്രശസ്തനായ പ്രസംഗകനുമാണ് പാസ്റ്റർ ബാബു ചെറിയാൻ. കേൾവിക്കാരെ പശ്ചാത്താപത്തിലേക്ക് നയിക്കുന്ന ലളിതമായ പ്രതിപാദനരീതിയാണ് ബാബു ചെറിയാനെ മറ്റു പ്രസംഗകരിൽ നിന്ന് വ്യത്യസ്തനാക്കുന്നത്.

മുഖ്യപ്രസംഗകരെക്കൂടാതെ ഇന്ത്യയിലെ പ്രമുഖ പെന്തെക്കോസ്ത് പ്രസ്ഥാനങ്ങളുടെ പ്രതിനിധികളായി ഓരോ പ്രസംഗകർക്കും പ്രത്യേക അവസരങ്ങൾ നൽകുമെന്ന് സംഘാടകർ അറിയിച്ചു. കോൺഫറൻസിനു മുന്നോടിയായി വിവിധ സംസ്ഥാനങ്ങളിൽ നടന്നു വരുന്ന രജിസ്ട്രേഷൻ കിക്കോഫ് സമ്മേളനങ്ങൾക്ക് വൻജന പിന്തുണയാണ് ലഭിക്കുന്നത്. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും www.pcnak2016.org-ൽ ലോഗിൻ ചെയ്യുക.

## 07 ദൗത്യനിർവ്വഹണത്തിലൂടെ...

ഷററായി ഷിജു വർഗീസും, ട്രസ്റ്റീസായി ബഞ്ചമിൻ സഖര്യാ, രാജു ഉണ്ണുണ്ണി, സാമുവേൽ സഖര്യാ എന്നിവരും, ബോർഡ് മെമ്പേഴ്സായി രാജു മത്തായി, ബെന്നി തോമസ്, ഫിന്നി ജോൺസൺ, ജോർജ്ജി വർഗീസ്, ഷാനൻ എബ്രഹാം, ഷൈജു ഏബ്രഹാം എന്നിവരും പ്രവർത്തിക്കുന്നു. ബിൽഡിംഗ് കമ്മറ്റി കൺവീനറായി സാംകുട്ടി കോശി, ട്രഷററായി ജോർജ്ജി വർഗീസ്, അംഗങ്ങളായി സ്റ്റാൻലി ജോൺ, ഡോ. മാത്യു തോമസ്, എബി സാമുവേൽ എന്നിവരും പ്രവർത്തിക്കുന്നു.

സണ്ടേസ്കൂൾ ഡയറക്ടറായി ബിജോ സോളമൻ ഫിലിപ്പും യൂത്ത് ഡയറക്ടറായി ഗ്ലാൻ തോമസും സോദരീ സമാജം കോർഡിനേറ്ററായി ഷെറി ഏബ്രഹാമും, ഇവാഞ്ചലിസം ഡയറക്ടറായി സോറിൻ ഏബ്രഹാമും മിഷൻ ഡയറക്ടറായി തോമസ് വർഗീസും പ്രവർത്തിക്കുന്നു.

## 04 ആധുനിക ദൈവസഭ....

a Church) കൂടിയായിരുന്നു എന്ന് (കൊലോസ്യർ 1:25)ൽ നാം വായിക്കുന്നു. എന്നാൽ വിശ്വാസത്തിൽ നിജ പുത്രന്മാരായ തിമൊഥെയോസ്, തീത്തോസ്, ഒനേസിമോസ് എന്നിവരെയൊ, തന്റെ പെങ്ങളുടെ മകനെയോ(അപ്പൊ 25:16) പൗലോസിന്റെ ശുശ്രൂഷാ സമയം തീർന്നപ്പോൾ സഭാശുശ്രൂഷ ഏല്പിച്ചില്ല.

ഇന്ന് നമ്മുടെ ഇടയിൽ കണ്ടുവരുന്നു ദൈവവചന വിശുദ്ധമായിട്ടുള്ള രീതികൾ എങ്ങനെ തുടങ്ങുന്നു എന്ന് നാം ആഴമായി ചിന്തിച്ചിരുന്നു എങ്കിൽ എത്ര നന്നായിരുന്നേനെ?

കേരളത്തിലെ തിരുവോണത്തെ ഓർമ്മപ്പെടുത്തും വിധം "വന്നോണം, ഇരുന്നോണം, കേട്ടോണം, കൊടുത്തോണം, പൊയ്ക്കോണം" എന്ന നിലയിലേക്ക് നമ്മുടെ സഭകൾ ആയി തീർന്ന കൊണ്ടിരിക്കുന്നു എന്ന് പറയുന്നതിൽ ഒട്ടും അതിശോക്തിയില്ല. മറിച്ച് എന്തെങ്കിലും പറഞ്ഞാൽ പ്രസ്തുത വ്യക്തി സഭയ്ക്ക് പുറത്തു പോകേണ്ടതായി വരികയും, ഒരു പുതിയ ക്രമീകരണം അന്വേഷിക്കേണ്ടതായും വരും.

യേശുക്രിസ്തു തന്റെ മണവാട്ടിയായ സഭയെ ചേർത്ത് കൊള്ളുവാനാണല്ലോ മടങ്ങി വരുന്നത് (എബ്രായർ 9:28). ആകയാൽ നമുക്കും ഒരു മടങ്ങി വരവ് അത്യാവശ്യമായിരിക്കുന്നു. വേദപുസ്തകത്തിൽ എഴുതിയിരിക്കുന്നതുപൊലെ പ്രമാണിക്കുന്നവരെ കർത്താവ് വീണ്ടും വരുന്നത് (വെളിപ്പാട്22:7) അതിനായി നമുക്ക് ഒരുങ്ങാം.

## 01 ചർച്ച് ഓഫ് ഗോഡ്.....

ൽ മാത്രം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതിനുപിന്നിൽ പാസ്റ്റർ പി. ജെ. ജെയിംസിന്റെ അധികാര ത്വരയാണ്.

പ്രിഫറൻസ് ബാലറ്റ് നടത്തിയാൽ ബഹുഭൂരിപക്ഷം ശുശ്രൂഷകരുടെ പിന്തുണയും പാസ്റ്റർ സി. സി. തോമസിന് ലഭിക്കും എന്നതിൽ അസ്വസ്തതയുള്ള ചില കേന്ദ്രങ്ങൾ കൂടി ഒപ്പം ചേർന്ന് നടത്തിയ തരംതാണ കളികൾ സഭയുടെ സുഗമമായ നടത്തിപ്പിന് ഭീഷണിയായി മാറിയിരിക്കുന്നു.

# ഐ. പി. സി. ജനറൽ വൈസ് പ്രസിഡന്റ് സ്ഥാനത്തേക്ക് പാസ്റ്റർ തോമസ് കോശി



കർത്താവിൽ പ്രീയ പാസ്റ്റർക്കും സഹോദരീ സഹോദരന്മാർക്കും ക്രിസ്തു യേശുവിന്റെ നിസ്തുല്യ നാമത്തിൽ സ്നേഹ വന്ദനം!

ദൈവഹിതമായാൽ നമ്മുടെ അടുത്ത ജനറൽ ഇലക്ഷനിൽ ഐ. പി. സി ജനറൽ വൈസ് പ്രസിഡന്റ് സ്ഥാനത്തേക്ക് നിൽക്കുവാനുള്ള എന്റെ തീരുമാനം നിങ്ങളെ അറിയിക്കുന്നതിൽ അതിയായ സന്തോഷം ഉണ്ട്. നമ്മുടെ പ്രസ്ഥാനത്തിൽ, കർത്തൃസേവയോടുള്ള ബന്ധത്തിൽ 50-ാം വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുന്നു. എന്നിൽ വ്യാപരിച്ച ദൈവകൃപയെ ഓർത്തു തിരുനാമത്തെ മഹത്വപ്പെടുത്തുന്നു.

1967-ൽ ആത്മസ്നാനത്തോട് ചേർന്ന് ക്രൂശിലെ ദർശനം ഉണ്ടാവുകയും, കർത്താവിന്റെ വേലയ്ക്കായുള്ള വിളി ലഭിക്കുകയും ചെയ്തു. ബൈബിൾ സ്കൂൾ വിദ്യാർത്ഥിയായും, സഞ്ചാര സുവിശേഷകനായും ആദ്യ ചില വർഷങ്ങൾ പിന്നിട്ട ശേഷം മഹാദൈവത്തിന്റെ അളവറ്റ കരുണയാൽ 20-ാം വയസിൽ സഭാ ശുശ്രൂഷയിൽ പ്രവേശിക്കുകയുണ്ടായി (IPC Bokara steel City Bihar). തുടർന്നുള്ള 46 വർഷങ്ങളായി നോർത്ത് ഇൻഡ്യയിലും അമേരിക്കൻ ഐക്യനാടുകളിലും സഭാശുശ്രൂഷയിൽ വ്യാപൃതനായിരുന്നു. ഐ. പി. സി.യിൽ Ordained minister ആയിട്ട് 41 വർഷങ്ങളായി.

പിന്നിട്ട ശുശ്രൂഷാ കാലയളവിൽ ഇൻഡ്യാ പെന്തെക്കോസ്ത് ദൈവസഭയുടെ ഔദ്യോഗിക തലങ്ങളിൽ പല ഉത്തരവാദിത്തപ്പെട്ട സ്ഥാനങ്ങളിലും പ്രശോഭിപ്പാൻ ദൈവം സംഗതിയാക്കി. 9th IPC Family Conference Convener (Dallas), IPC North American Eastern Region Vice President, IPC Mid West Region President എന്നീ നിലകളിലും സേവനം അനുഷ്ഠിച്ചു. ഇപ്പോൾ Shalom IPC Chicago -യുടെ ശുശ്രുഷയോടൊപ്പം IPC North American Central Region President ആയും, IPC General Council member ആയും പ്രവർത്തനങ്ങളിൽ മുന്നേറുന്നു. Bombay പട്ടണത്തിലെ പെന്തെക്കോസ്ത് സഭകളുടെ ഐക്യവേദിയായ Bombay Pentecostal Fellowship (BPF) -ന്റെ പ്രസിഡന്റായും പ്രവർത്തിക്കാനുള്ള അവസരം ലഭിച്ചിട്ടുണ്ട്.

അടൂർ സെന്റർ പാസ്റ്റർ ആയിരുന്ന എന്റെ പിതാവ് പരേതനായ പാസ്റ്റർ വി. റ്റി. കോശിയും, ഐ. പി. സി.യുടെ മുൻ ജനറൽ പ്രസിഡന്റും ക്രിസ്തുവിൽ പ്രസിദ്ധനുമായിരുന്ന എന്റെ വല്യപ്പച്ചൻ പാസ്റ്റർ റ്റി. ജി. ഉമ്മനും ഐ. പി. സി.ക്ക് നല്കിയ സേവനങ്ങൾ വിശിഷ്യാ പ്രസ്താവ്യമാണ്. ഐ. പി. സി പ്രസ്ഥാനത്തിന്റെ ഭൗതികവും ആത്മീകവുമായ മുന്നേറ്റത്തിനായി പ്രവർത്തിപ്പാനുള്ള വ്യക്തമായ കാഴ്ചപ്പാടും ദർശനവുമാണ് ദൈവം എനിക്കും നൽകിയിരിക്കുന്നത്. ജനറൽ വൈസ് പ്രസിഡന്റ് സ്ഥാനത്തേക്കുള്ള എന്റെ താല്പര്യവും, തീരുമാനവും സാക്ഷാത്കരിക്കപ്പെടുവാൻ നിങ്ങളുടെ വിലയേറിയ പ്രാർത്ഥനയും സഹകരണവും അപേക്ഷിച്ചു കൊള്ളുന്നു. സഹധർമ്മിണി: ഏലിയാമ്മ, മക്കൾ: ഗ്രെയ്സ്, ജോജി, കൊച്ചുമക്കൾ നാലുപേർ.

**ക്രിസ്തുവിൽ നിങ്ങളുടെ എളിയ സഹോദരൻ**

**പാസ്റ്റർ തോമസ് വി. കോശി**

# പാസ്റ്റർ ജെയ്സ് പാണ്ടനാട് അമേരിക്കയിൽ



പ്രഭാഷകനും വേദാദ്ധ്യാപകനും കോളമിസ്റ്റുമായ പാസ്റ്റർ ജെയ്സ് പാണ്ടനാട് ജൂൺ 21ന് അമേരിക്കയിൽ എത്തുന്നു. ഇദ്ദേഹത്തിന്റെ ആധികാരിക വചന വിശകലനങ്ങൾ, പ്രഭാഷണങ്ങൾ, ആശയസംപുഷ്ടമായ ബൈബിൾ ക്ലാസുകൾ, വിശ്വാസ സംവാദങ്ങൾ, ദുരുപദേശഖണ്ഡന സെമിനാറുകൾ, സാമൂഹികവീക്ഷണമുള്ള ലേഖനങ്ങൾ എല്ലാം ദൈവജനത്തിന് അനുഗ്രഹമായി തീർന്നിട്ടുണ്ട്.

**ബന്ധപ്പെടേണ്ട ഫോൺ. 915-201-1874**

# പാസ്റ്റർ ഷൈജു ഞാറയ്ക്കൽ അമേരിക്കയിൽ



കൺവൻഷൻ പ്രഭാഷകനും ക്രൈസ്തവ എഴുത്തുകാരനും വേദാദ്ധ്യാപകനുമായ പാസ്റ്റർ തോമസ് ഞാറയ്ക്കൽ ജൂൺ 21 മുതൽ അമേരിക്കയിൽ.

**ബന്ധപ്പെടേണ്ട ഫോൺ. 516-800-1394**

# ഐ. പി. സി. യു. കെ - അയർലൻഡ് റീജിയൻ 9-ാമത് വാർഷിക കൺവൻഷൻ സമാപിച്ചു




ഐ. പി. സി. യു. കെ - അയർലൻഡ് റീജിയൻ വാർഷിക കൺവൻഷൻ കഴിഞ്ഞ ഏപ്രിൽ 29, 30, മെയ് 1 തീയതികളിൽ ഐ. പി. സി ലിവർപൂളിന്റെ ചുമതലയിൽ ലിവർപൂളിൽ നടത്തപ്പെട്ടു. റീജിയൻ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോർജ് ഉദ്ഘാടനം ചെയ്തു. ഭക്തി നിർഭരവും സന്തോഷ പൂർണ്ണവുമായ മൂന്ന് ദിവസങ്ങൾ യു. കെ & അയർലൻഡിൽ നിന്നും കടന്നുവന്ന ദൈവമക്കൾക്ക് അനുഗ്രഹമായി. പാസ്റ്റർ സണ്ണി കുര്യൻ (വാളകം), പാസ്റ്റർ വർഗ്ഗീസ് മത്തായി (ആയൂർ), പാസ്റ്റർ ബാബു ജോൺ (യു. എസ്. എ) എന്നിവർ വചനം പ്രഘോഷിച്ചു. റീജിയൻ ക്വയർ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നല്കി. പഴയ ക്രിസ്തീയ ഗാനങ്ങൾ പാടി ആരാധിച്ചതിൽ ക്വയർ പ്രത്യേക ശ്രദ്ധ പിടിച്ച് പറ്റി. ഈ ദിവസങ്ങളിൽ പൊതുയോഗം, സ്നാന ശുശ്രൂഷ, യുവജന മീറ്റിംഗ്(പി. വൈ. പി. എ), ലേഡീസ് മീറ്റിംഗ് എന്നിവ നടത്തപ്പെട്ടു. ഞായറാഴ്ച ഐ. പി. സി സഭകളുടെ സംയുക്ത ആരാധനയും കർത്തൃമേശയും നടന്നു. മീറ്റിംഗുകൾക്ക് പാസ്റ്റർ ജേക്കബ് ജോർജ് (പ്രസിഡന്റ്), പാസ്റ്റർ ബാബു സക്കറിയ (വൈസ് പ്രസിഡന്റ്), പാസ്റ്റർ സി. റ്റി. ഏബ്രഹാം (സെക്രട്ടറി), പാസ്റ്റർ വിത്സൻ ബേബി (കൺവീനർ) എന്നിവർ നേതൃത്വം കൊടുത്തു.

# ഐ. പി. സി. നോർത്തമേരിക്കൻ റീജിയനുകളുടെ സംയുക്ത എക്സിക്യൂട്ടീവ് സമ്മേളനം സൗത്ത് ഫ്ളോറിഡായിൽ

**ഡാളസ്:** നോർത്ത് അമേരിക്കൻ ഇന്ത്യാ പെന്തെക്കോസ്തു ദൈവസഭകളിലെ ശുശ്രൂഷകരുടെയും നേതൃരംഗത്തുള്ളവരുടെയും അടുത്ത കോൺഫറൻസ് 2017 ലെ ഐ.പി.സി. ഫാമിലി കോൺഫറൻസിനോടനുബന്ധിച്ച് ജൂലൈ 26-27 എന്നീ തീയതികളിൽ നടത്താൻ ഡാളസിൽ തീരുമാനമായി. കോൺഫറൻസ് കോർഡിനേറ്ററായി ഐ. പി. സി ഈസ്റ്റേൺ റീജിയൺ പ്രസിഡായ പാസ്റ്റർ ഇട്ടി ഏബ്രഹാമിനെ തെരെഞ്ഞെടുത്തു. സമ്മേളനത്തിനു മുന്നോടിയായി ഈ വർഷത്തെ ഫാമിലി കോൺഫറൻസിനോടനുബന്ധിച്ച് ജൂലൈ 29 ന് നോർത്ത് അമേരിക്കയിലുള്ള ഐ.പി.സിയുടെ അഞ്ചു റീജിയനുകളിലെ എക്സിക്യൂട്ടീവ് അംഗങ്ങളുടെയും കൗൺസിൽ അംഗങ്ങളുടെയും ഒരു സംയുക്ത മീറ്റിംഗ് സൗത്ത് ഫ്ളോറിഡായിൽ നടക്കും. വടക്കേ അമേരിക്കയിലെ ഐ. പി. സി അംഗങ്ങളുടെയും ശുശ്രൂഷന്മാരുടെയും ചിരകാലാഭിലാഷമാണ് ഐ. പി. സി നോർത്ത് അമേരിക്കൻ കൗൺസിൽ എന്നത്. അതു യാഥാർത്ഥ്യമായാൽ അമേരിക്കയിൽ ഐ. പി. സി ശക്തമായ മുന്നേറ്റം നടത്താൻ കഴിയുമെന്നാണ് ശുശ്രൂഷകന്മാരുടെ പ്രതീക്ഷ. അതിന് ഉതകുന്ന ചർച്ചകൾക്ക് ഈ സമ്മേളനത്തിൽ ഊന്നൽ നൽകും. കൂടാതെ അടിയന്തരമായി ശ്രദ്ധപതിക്കേണ്ട കാര്യങ്ങളും ചർച്ച ചെയ്യും. എല്ലാ റീജിയൻ ഭാരവാഹികളും കൗൺസിൽ അംഗങ്ങളും ഇത് ഒരു അറിയിപ്പായി കണക്കിലെടുത്ത് യോഗത്തിൽ സംബന്ധിക്കണമെന്ന് കോർഡിനേറ്റർ അറിയിച്ചു.

# ഹൂസ്റ്റൺ ഐ. പി. സി. ഫെലോഷിപ്പിനു പുതിയ നേതൃത്വം



പാസ്റ്റർ വി. എം. എബ്രഹാം



ജോസഫ് കുര്യൻ



തോമസ് ജോസഫ്



ഡോ. മനു ചാക്കോ

**ഹൂസ്റ്റൺ:** ഹൂസ്റ്റണിലുള്ള ഐ. പി. സി. സഭകളുടെ ഐക്യവേദിയായ ഹൂസ്റ്റൺ ഐ. പി. സി. ഫെലോഷിപ്പിനു പുതിയ സാരഥികളെ തെരഞ്ഞെടുത്തു. പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ വി. എം. എബ്രഹാം വിവിധ കോൺഫറൻസുകളുടെ നാഷണൽ കൺവീനറായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. സെക്രട്ടറി ജോസഫ് കുര്യൻ സംഘാടകനും എഴുത്തുകാരനുമാണ്. ദേശീയതലത്തിൽ ഐ. പി. സി. ഫാമിലി കോൺഫറൻസിനു നേതൃത്വം കൊടുത്തിട്ടുണ്ട്. ട്രഷറാർ തോമസ് ജോസഫ് ഇമ്മാനുവേൽ പെന്തെക്കോസ്തു സഭാംഗവും ആദികാല കുടിയേറ്റക്കാരിൽ ഒരാളുമാണ്. യൂത്ത് കോഡിനേറ്റർ ഡോ. മനു ചാക്കോ യുവജന പ്രവർത്തകനും മെഡിക്കൽ ഡോക്ടറുമാണ്. ലേഡീസ് കോഡിനേറ്റർ റെയ്ച്ചൽ സാമുവേൽ, മീഡിയ കോഡിനേറ്റർ ജോയ് തുമ്പമൺ എന്നിവർ പ്രവർത്തിക്കുന്നു.

പൊതുമീറ്റിഗുകളെ കൂടാതെ ഇന്ത്യയിലുള്ള സുവിശേഷപ്രവർത്തനങ്ങളിലും സജീവമായി ഹൂസ്റ്റൺ ഐ. പി. സി. ഫെലോഷിപ്പ് പ്രവർത്തിക്കുന്നു.

# ഐ. പി. സി ഓസ്ട്രേലിയ റീജിയനു പുതിയ ഭാരവാഹികൾ



പാസ്റ്റർ തോമസ് ജോർജ്



പാസ്റ്റർ പ്രകാശ് ജേക്കബ്



ബ്രദർ ബോണി ജോർജ്

**മെൽബൺ:** മെൽബണിൽ വെച്ചു നടന്ന ഐ. പി. സി ഓസ്ട്രേലിയ റീജിയന്റെ ജനറൽബോഡി യോഗത്തിൽ വെച്ച് 2016- 19-ലേക്കുള്ള ഭാരവാഹികളെ തെരഞ്ഞെടുത്തു. പാസ്റ്റർ തോമസ് ജോർജ് അദ്ധ്യക്ഷനായിരുന്നു. നാഷണൽ കമ്മിറ്റിയിലേക്ക് പാസ്റ്റർ തോമസ് ജോർജ് (പ്രസിഡന്റ്, ഓവർസീസ് മിഷൻ & ജനറൽ കൗൺസിൽ മെമ്പർ), പാസ്റ്റർ മാത്യു കുര്യൻ (വൈസ് പ്രസിഡന്റ്), പാസ്റ്റർ പ്രകാശ് ജേക്കബ് (സെക്രട്ടറി), പാസ്റ്റർ വർഗീസ് ഉണ്ണൂണി, ബ്രദർ ബിന്നി മാത്യു (ജോ. സെക്രട്ടറിമാർ), ബ്രദർ ബോണി ജോർജ് (ട്രഷറാർ), പാസ്റ്റർ ഏലിയാസ് ജോൺ (പബ്ലിസിറ്റി കൺവീനർ), പാസ്റ്റർ ഷിബു വർഗീസ്, ബ്രദർ അജി ലൂക്ക് (കമ്മിറ്റി മെമ്പേഴ്സ്), ബ്രദർ ടോമി ഉണ്ണൂണി (ഇവന്റ് കൺവീനർ), സജിമോൻ സക്കറിയ (പ്രയർ കോർഡിനേറ്റർ), എബ്രഹാം ജോർജ് (NSW കോർഡിനേറ്റർ)എന്നിവരെയും തെരഞ്ഞെടുത്തു.

BELIEVERS JOURNAL
Kandankeril Building
Kumbanad P.O., Thiruvalla - 689 457
Ph: 0469 2666995
E-mail: beljourn@gmail.com / Website: www.beljourn.com

# ദൗത്യനിർവ്വഹണത്തിലൂടെ വളർച്ചയുടെ പാതയിൽ മുന്നേറുന്ന
# ഡാളസ് റ്റാബർനാക്കിൾ ഐ. പി. സി.

## ഡോ. ജോൺ കെ. മാത്യു


ഡോ. ജോൺ കെ.മാത്യു
പാസ്റ്റർ & പ്രസിഡന്റ്

**ഐ.** പി. സിയിലെ സീനിയർ ശുശ്രൂഷകനായിരുന്ന പാസ്റ്റർ കെ.റ്റി മാത്യുവിന്റെ മകനാണ് പാസ്റ്റർ ജോൺ കെ.മാത്യു. കേരളാ യൂണിവേഴ്സിറ്റിയിൽ നിന്ന് 2 ബിരുദാനന്തര ബിരുദങ്ങൾ നേടിയ ഇദ്ദേഹം ഓറൽ റോബർട്ട്സ് യൂണിവേഴ്സിറ്റിയിൽ നിന്ന് ക്രിസ്ത്യൻ എഡ്യുക്കേഷനിൽ എം.എ നേടി. ഇന്ത്യാ ക്രിസ്ത്യൻ അസംബ്ലി, ടെക്സസ്, ഹെബ്രോൻ ഐ.പി.സി ലോസ് ആഞ്ചലസ് എന്നീ സഭകളുടെ സീനിയർ പാസ്റ്ററായി പ്രവർത്തിച്ചിട്ടുള്ള ഇദ്ദേഹം ഇന്റർ കൾച്ചറൽ എഡ്യുക്കേഷനിൽ ബയോള യൂണിവേഴ്സ്റ്റിയിൽ നിന്ന് ഡോക്ടറേറ്റ് നേടി.

ഇൻഡ്യാ ബൈബിൾ കോളജ് & സെമിനാരിയുടെ വൈസ് പ്രസിഡന്റ്, ഇംഗ്ലീഷ് മീഡിയം വൈസ് പ്രിൻസിപ്പാൾ, റിവൈവ് മാസികയുടെ ചീഫ് എഡിറ്റർ തുടങ്ങിയ പദവികൾ വഹിച്ചിട്ടുള്ള ഇദ്ദേഹം മാവേലിക്കര വെസ്റ്റ് ഡിസ്ട്രിക്ട് പാസ്റ്റർ കൂടെയാണ്. 2013 മുതൽ ഐ.പി.സി റ്റാബർനാക്കിൾ സഭയുടെ സീനിയർ പാസ്റ്ററായി പ്രവർത്തിക്കുന്നു. ഭാര്യ. ഷേർളി ജോൺ. ഡോ.തോംസൺ കെ. മാത്യു സഹോദരനാണ്.

**സു**വിശേഷീകരണത്തിന് പ്രാധാന്യം നൽകിയും ക്രിസ്തീയ സാക്ഷ്യം നിലനിർത്തിയും കൂട്ടായ്മയുടെ ഹൃദ്യത കാത്തു സൂക്ഷിച്ചും ജീവകാരുണ്യ പ്രവർത്തനത്തിന് പ്രാധാന്യം നൽകിയും വളർച്ചയുടെ പടവുകളിലൂടെ മുന്നേറുകയാണ് ഐ.പി.സി. റ്റാബർനാക്കിൾ ഡാളസ്. ഈ സഭ ഇന്ന് ഡാളസിലെ പ്രധാന സഭകളിലൊന്നായി വളർന്നുകഴിഞ്ഞു.

വ്യക്തമായ ക്രിസ്തീയ ദർശനത്തോടെ സുവിശേഷീകരണം ലക്ഷ്യമാക്കി 1998 ആഗസ്റ്റ് 30 നാണ് ഐ.പി.സി. റ്റാബർനാക്കിൾ ആരംഭിക്കുന്നത്. 21 കുടുംബങ്ങളുമായി ചേർന്ന് ആരംഭിച്ച സഭയുടെ താൽക്കാലിക ശുശ്രൂഷ ആരംഭസമയത്ത് പാസ്റ്റർ ഡാനിയേൽ വി. മത്തായി നിർവ്വഹിച്ചു. ഒരു മാസത്തിനു ശേഷം 1998 ഒക്ടോബറിൽ പാസ്റ്റർ ജേക്കബ് കോശി സഭയുടെ ആദ്യശുശ്രൂഷകനായി ചുമതലയേറ്റു. സഭയുടെ ആദ്യ ആരാധന നോർത്ത് ഡാളസിലെ ഷെറാട്ടൺ ഹോട്ടലിലും തുടർന്ന് സെന്റ് പോൾ മിഷനറി ബാപ്റ്റിസ്റ്റ് ചർച്ചിലുമായി നടന്നു. ഒമ്പതുമാസത്തിനുള്ളിൽ ഇപ്പോഴുള്ള ആരാധനാലയം സഭയ്ക്ക് സ്വന്തമായി വാങ്ങുവാൻ ദൈവം ഇടയാക്കി. തുടർന്ന് 2000 ജൂലൈ മുതൽ പാസ്റ്റർ ഡാനിയേൽ ശമുവേൽ (വീയപുരം ജോർജ്ജുകുട്ടി) സഭാ ശുശ്രൂഷകനായി പ്രവർത്തിച്ചു. സഭ ഈ കാലയളവിൽ ശക്തമായി വളർന്നു. 2005 മുതൽ 2008 വരെ അമേരിക്കയിലെ ഐ.പി.സി. സീനിയർ ശുശ്രൂഷകരിലൊരാളായ പാസ്റ്റർ തോമസ് വി കോശി അനുഗ്രഹീതമായ ശുശ്രൂഷ നിർവ്വഹിച്ചു. 2008 മുതൽ 2013 വരെ വേദശാസ്ത്ര അദ്ധ്യാപകനും പ്രസംഗകനുമായ പാസ്റ്റർ കെ.പി മാത്യു സഭയുടെ ശുശ്രൂഷ നിർവ്വഹിച്ചു. ശക്തമായ പ്രതികൂല സാഹചര്യങ്ങളിലൂടെ കടന്നു പോയ സഭയ്ക്ക് തന്റെ നേതൃത്വവും ദൈവകൃപയും സഹായമായി.

2013 മുതൽ ഇപ്പോഴത്തെ ശുശ്രൂഷകനായിരിക്കുന്ന റവ. ഡോ. ജോൺ കെ.മാത്യു സഭാപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

പാസ്റ്റർ ജേക്കബ് കോശിയുടെ ശുശ്രൂഷാകാലയളവിലാണ് 1999-ൽ സഭയ്ക്ക് സ്ഥലവും ആരാധനാലയവും സ്വന്തമാക്കുന്നത്. അഞ്ചര ഏക്കർ സ്ഥലവും 12000 sqft വിസ്തൃതിയുമുള്ള ആരാധനാലയവുമാണ് സഭ വാങ്ങിയത്. ഡാളസ് പട്ടണത്തിന്റെ ഹൃദയഭാഗത്ത് വളരെ മനോഹരമായ സ്ഥലമാണ് സഭയ്ക്ക് സ്വന്തമായുള്ളത്. 2750 sqft ൽ എല്ലാവിധ സൗകര്യമുള്ള പാഴ്സനേജും സഭയ്ക്ക് സ്വന്തമായുണ്ട്.

പാസ്റ്റർ ജോൺ കെ. മാത്യുവിന്റെ നേതൃത്വത്തിൽ മുന്നേറുന്ന സഭയുടെ മുതൽക്കൂട്ട് യുവജനങ്ങളാണ്. നൂറിലധികം കുഞ്ഞുങ്ങളാണ് സണ്ടേസ്കൂൾ യൂത്ത് മീറ്റിംഗുകളിൽ സജീവമായി പങ്കെടുക്കുന്നത്.

മിഷൻ പ്രവർത്തനത്തിന് പ്രാധാന്യം നൽകുന്ന സഭ കേരളത്തിലെ ഐ. പി. സി. പേരാമ്പ്ര ഏരിയാ പ്രവർത്തനങ്ങളെ സ്പോൺസർ ചെയ്യുന്നു. 2009 മുതൽ അവിടുത്തെ എല്ലാ ആവശ്യങ്ങൾക്കും സഭ സഹായം മുടങ്ങാതെ നൽകുന്നു. 9 സഭകൾക്ക് ഇവിടെ ആവശ്യമായ സഹായങ്ങൾ നൽകുന്നു. ഈ വർഷം രണ്ട് ചർച്ച് ബിൽഡിംഗുകൾ പണിയുവാനുള്ള ക്രമീകരണങ്ങളും നടന്നുവരുന്നു. തയ്യൽസ്കൂളും, മറ്റ് ചാരിറ്റിവർക്കുകളും സഭയുടേതായി നടന്നു വരുന്നു.

കൂടാതെ ഇന്ത്യയിലെ പലപ്രവർത്തനങ്ങളിലും സഹായിക്കുന്ന സഭ ധാരാളം ചാരിറ്റി വർക്കുകളും ചെയ്തുവരുന്നു. ഛത്തീസ്ഗഡ് സ്റ്റേറ്റിൽ പുതിയ 20 മിഷൻ സ്റ്റേഷനുകൾ സഭയുടെ വകയായി ആരംഭിച്ചു. 35 ആളുകൾ ഈ പ്രവർത്തനഫലമായി വിശ്വാസസ്നാനം സ്വീകരിക്കുകയുണ്ടായി. സണ്ടേസ്കൂൾ, പി.വൈ.പി.എ, സോദരീ സമാജം എന്നിവയിലൂടെ ഇത്തരം ജീവകാരുണ്യ പ്രവർത്തനങ്ങൾ സഭ ചെയ്യുന്നു. കേരളാ സോദരീസമാജത്തിന്റെ ജീവകാരുണ്യപ്രവർത്തനങ്ങളിൽ സഭ ഗണ്യമായ പങ്കു വഹിക്കുന്നു.

തുടർച്ചയായി നടക്കുന്ന ബൈബിൾ ക്ലാസുകൾ, കൂട്ടായ്മകൾ, യുവജന മീറ്റിംഗുകൾ തുടങ്ങിയവ ആരോഗ്യമുള്ള സഭയായി വളരുന്നതിന് സഹായിക്കുന്നു ക്രമീകൃതമായ പദ്ധതികളിലൂടെയും ശക്തമായ നേതൃത്വത്തിലൂടെയും പ്രാർത്ഥനയുടെ പിൻബലത്തിലും സഭ ദൗത്യനിർവ്വഹണത്തിൽ ശക്തമായ മുന്നേറ്റമാണ് നിർവ്വഹിക്കുന്നത്. ഇപ്പോൾ 70ഓളം കുടുംബങ്ങൾ സഭയിൽ അംഗങ്ങളായി ഉണ്ട്.

പാസ്റ്റർ ജോൺ കെ മാത്യുവിന്റെ ആത്മീയ നേതൃത്വത്തിൽ മുന്നേറുന്ന സഭയുടെ സഹശുശ്രൂഷകനായി പാസ്റ്റർ ഡാനിയേൽ വി. മത്തായിയും, സെക്രട്ടറിയായി ബ്രദർ ജോൺസൺ വർക്കിയും ട്ര

05

## ചർച്ച് ബോർഡ്


Rev. Daniel V. Mathai
Asso. Pastor


Johnson Varkey
Secretary


Shiju Varghese
Treasurer


Benjamin Zachariah
Trustee


Raju Oonnunny
Trustee


Samuel Zachariah
Trustee


Raju Mathai
Board Member


Benny Thomas
Board Member


Finny Johnson
Board Member


Georgy Varghese
Board Member


Shannan Abraham
Board Member


Shyju Abraham
Board Member

## ബിൽഡിംഗ് കമ്മിറ്റി


സാംകുട്ടി കോശി
കൺവീനർ


ജോർജ്ജി വർഗീസ്
ട്രഷറർ


സ്റ്റാൻലി ജോൺ
മെമ്പർ


ഡോ. മാത്യു തോമസ്
മെമ്പർ


എബി സാമുവേൽ
മെമ്പർ

## ഡാളസ് റ്റാബർനാക്കിൾ ഐ.പി.സി. ചർച്ച്



## വിലാസം

IPC Tabernacle Dallas IPC,
9121 Ferguson Road, Dallas, Texas 75 228

Website: ipctabernacle.org.
Email : info@ipctabernacle.org

ലേഖനം

# ദ്രവ്യാഗ്രഹ സുവിശേഷകരുടെ ചോദ്യങ്ങൾക്ക് തിരുവചനാധിഷ്ഠിത മറുപടി



സ്കറിയ. ഡി. വർഗീസ്, വാഴൂർ

ആത്മരക്ഷ എന്ന അതിപ്രധാന വിഷയത്തെ നിസ്സാരവത്കരിച്ച് ജനത്തെ ഒടുവിൽ ദ്രവ്യഗ്രഹത്തിന്റെ മായവലയത്തിൽ പെടുത്തി നിത്യനരകത്തിലേക്കാനയിക്കുന്ന സമൃദ്ധിയുടെ സുവിശേഷകരുടെ ചോദ്യങ്ങൾക്ക് ബൈബിൾ നൽകുന്ന മറുപടികൾ ചുവടെ ചേർക്കുന്നു.

*1. ക്രിസ്ത്യാനികൾക്ക് കഷ്ടത ഉണ്ടാകുവാൻ പാടില്ലാത്തതല്ലേ?*

**ഉത്തരം:** ഒരു ക്രിസ്ത്യാനിക്ക് കഷ്ടത ഉണ്ടാകുവാൻ പാടില്ല എന്നു പറയുവാൻ ബൈബിൾ അനുവദിക്കുന്നില്ല.

**തെളിവുകൾ**

1. "ക്രിസ്തുവിൽ വിശ്വസിക്കുവാൻ മാത്രമല്ല അവനുവേണ്ടി കഷ്ടം അനുഭവിപ്പാനും കൂടി നിങ്ങൾക്കു വരം നൽകിയിരിക്കുന്നു" (ഫിലി.1:29).

2. പഴയനിയമ ഭക്തന്മാരിൽ അനേകരെ അതികഠിന കഷ്ടതയിൽ കൂടി കടന്നു പോയി (അബ്രഹാം, യിസഹാക്ക്, യാക്കോബ്, മോശെ, ഇയ്യോബ്....)

3. ലോകം കണ്ട ഏറ്റവും വലിയ മിഷനറി വീരനായ പൗലോസും സഹപ്രവർത്തകരും കഷ്ടതയുടെ കഠിന ശോധനയിൽ കൂടി കടന്നു (എബ്രാ. 11:35-40, ഗലാത്യർ4:13, 2കൊരി. 12:7, ഫിലി. 2:25 - 29).

4. വിശ്വാസസത്യങ്ങൾക്കായി നിന്നു എന്ന ഒറ്റകാരണത്താൽ ജനകോടികൾ രക്തസാക്ഷികളായി, നിരവധി ക്രൂരപീഢകൾ ഏറ്റു; ശ്രദ്ധിക്കുക ഇവരിൽ പലർക്കും. ഗർഭിണിയായ ഭാര്യ, പറക്കമുറ്റാത്ത മക്കൾ, പ്രായാധിക്യത്തിലായ മാതാപിതാക്കൾ ഇവ ഉണ്ടായിരുന്നു. എങ്കിലും സ്നേഹവാനായ മഹാദൈവം പെട്ടെന്ന് പീഢകൾ തടയുകയോ, കൊലയാളികളെ നശിപ്പിക്കയോ ചെയ്തില്ല. കഷ്ടതയെപറ്റി പറയുന്ന ഇതര വേദഭാഗങ്ങൾ (2തെസ്സ1:4; 2തീമോ:1:8; 2:3-9, യാക്കോബ് 5:13, 1പത്രോസ് 1:11, 2:19-23, 4:1,2,13,15,16; 5:10; 1കൊരി 7:26-28). ഒരു ക്രിസ്ത്യാനിക്ക് ചെറിയ പനി മുതൽ എത്ര അപൂർവ്വ രോഗവും, കഷ്ടതയും വരാം. തിരുഹിതമെങ്കിൽ സൗഖ്യം നേടി എന്നു വരാം ഉറപ്പായ പ്രതിഫലം നിത്യതയിൽ മാത്രം (ഫിലി:4: 6-7; 1പത്രോ.4:12).

***ചോദ്യം 2.*** *ക്രിസ്തു യാഗമായത് നമ്മുടെ രോഗങ്ങൾക്കു വേണ്ടി കൂടിയാണല്ലോ. ആകയാൽ വിശ്വാസിക്ക് രോഗം വരുവാൻ പാടില്ലാത്തതല്ലേ?*

**ഉത്തരം:** യെശയ്യ53:34 പ്രകാരം ക്രിസ്തുവിന്റെ യാഗമരണ നമ്മുടെ രോഗങ്ങൾ കൂടി വഹിച്ചായിരുന്നു. പക്ഷെ ശ്രദ്ധിക്കുക ക്രിസ്തുവിന്റെ മരണം പാപം നിമിത്തമുണ്ടായ സകല ശാപത്തിന്റെയും കൂടി പരിഹാരത്തിനായിരുന്നു. എന്നാൽ ക്രൈസ്തവരുടെ ഭൗതീക ലോകത്തിലെ ശാപങ്ങൾ മാറിയില്ല.

ഉല്പത്തി 3-10 അദ്ധ്യായത്തിലെ സകലശാപവും നിലത്തെ 'മറ്റുള്ള' ഉൾപ്പെടെ ഇന്നും നിലനിൽക്കുന്നു. ശാപം മുറി വിദഗ്ദർ, ഈ പ്രത്യക്ഷശാപം ഒന്നു മുറിച്ച് കാണിക്ക്. പ്രിയരെ നാം, ക്രിസ്തു വിലായപ്പോൾ ആത്മാവിന്റെ വീണ്ടെടുപ്പു നടന്നു കഴിഞ്ഞു. (അന്ത്യം വരെ വിശ്വസ്തരായിനിന്നാൽ) ജഡത്തിന്റെ വീണ്ടെടുപ്പ് കർത്താവിന്റെ മടങ്ങിവരവിലേ സാധ്യമാകൂ (റോമർ 8:23; 1കൊരി. 15:23).

***ചോദ്യം 3.*** *മർക്കോസ് 11:20-21 ഉപയോഗിച്ച് നാം ആഗ്രഹിക്കുന്നതെല്ലാം നേടിയെടുക്കേണ്ടതല്ലേ?*

**ഉത്തരം:** വിശ്വാസത്തോടെ പറയുന്നതെല്ലാം സംഭവിക്കും എന്ന് തിരുവചനം പഠിപ്പിക്കുന്നില്ല. ഈ തിയറിയുടെ വിശാല വ്യാഖ്യാനത്തിൽ "ഞാൻ ദൈവസിംഹാസനത്തിൽ ഇരിക്കട്ടെ" എന്ന് ഒരുവൻ പറഞ്ഞാൽ സംഭവിക്കണം. സാത്താന്റെ സകല വീഴ്ചയ്ക്കും കാരണം, ഈ ആഗ്രഹമായിരുന്നുവല്ലോ (യെശ14:14). വെളിവുകേടു തലകളിൽ പിടിച്ച ഇവർ ഇന്ന് പറയുന്നത് ഓരോ വിശ്വാസിയും ഓരോ കൊട്ട മശിഹമാരാണ് (ബെന്നിഹിൻ) എന്നും വേണ്ടത് സൃഷ്ടിച്ചു തുടങ്ങൂ, വിശ്വാസത്താൽ ഭൗതീക നന്മയെ ഗർഭം ധരിക്കൂ (പോൾ യോംഗിചോ) എന്നുമൊക്കെയാണ്. മോഹം ഗർഭം ധരിച്ച് പാപത്തെയാ പ്രസവിക്കുന്നത് എന്ന കാര്യം(യാക്കോബ്1:15) ഇവർക്കറിയാത്തതോ; അറിയാത്തതായി നടിക്കുന്നതോ?.

തിരുവചനം പഠിപ്പിക്കുന്ന വിശ്വാസം പോസിറ്റീവ് തിങ്കിംഗ് അല്ല. ആ വിശ്വാസം വസ്തുവിൽ കേന്ദ്രീകരിച്ചുള്ളതല്ല. (വീട്, പണം, രോഗസൗഖ്യം) ബൈബിൾ പഠിപ്പിക്കുന്ന വിശ്വാസം വ്യക്തിയിൽ മാത്രം (എല്ലാം ആത്യന്തികമായി നമുക്കു നന്മക്കായി മാത്രം ചെയ്യുന്ന മഹാ ദൈവത്തിൽ (റോമ.8:23) മാത്രം കേന്ദ്രീകരിച്ചുള്ളതാണ്. പൗലോസ് ശ്ലീഹ എഴുതി 'ഞാൻ ആരെ വിശ്വസിച്ചിരിക്കുന്നു എന്നറിയുന്നു' (2തീമോ: 1:12). അബ്രഹാം ലഭിക്കാൻ പോകുന്ന നന്മയിലല്ല നന്മ മാത്രം ചെയ്യുന്ന ദൈവത്തിൽ ആണ് വിശ്വസിച്ചത് (ഉൽപ.15:6). മർക്കോസ് 10-ൽ ബർത്തിമായിലും ഏകസത്യദൈവത്തിൽ വിശ്വസിച്ചാണ് സൗഖ്യം നേടിയത്. മനുഷ്യന്റെ വാക്കുകൾക്ക് സൃഷ്ടി നടത്താൻ സാധ്യമല്ല. നമ്മുടെ മുൻപിലെ മലകൾ മാറേണ്ടത് ആവശ്യവും ദൈവഹിതവുമാണ് എങ്കിൽ ദൈവം അതു ചെയ്യും എന്നു മാത്രം.

***ചോദ്യം 4:*** *ഒരു അവിശ്വാസിയോട് പാപം എന്ന വിഷയം പറയാതെ അത്ഭുതം ചെയ്യുന്ന യേശുവിനെ മാത്രം അവതരിപ്പിക്കുന്നതല്ലേ നല്ലത്?*

**ഉത്തരം:** ക്രിസ്തു ഷൈൻ ചെയ്യാൻ വേണ്ടി ഒരിടത്തും അത്ഭുതം ചെയ്തില്ല. നിത്യമായതിനെ ചൂണ്ടി കാണിക്കുന്ന അടയാളങ്ങളായിരുന്നു ക്രിസ്തു ചെയ്തത് (യോഹ: 2:1). പിന്നീട് അപ്പോസ്തലന്മാരും പാപം, നിത്യനരകം, പാപ പരിഹാരം എന്നിവയ്ക്ക് പ്രാധാന്യം നൽകി പ്രസംഗിച്ചു. അത്ഭുതം മാത്രം പ്രസംഗിക്കുന്നവൻ "മാരക രോഗിക്ക് ശരിമരുന്നു നൽകാതെ ചില തരികിട മരുന്നുകൾ രോഗിക്കു പ്രിയങ്കരമായ ഐസ്ക്രീമിൽ ചേർത്തു നൽകുന്ന ക്രൂരനായ വൈദ്യനു തുല്ല്യമായ പ്രവർത്തിയാണ് ചെയ്യുന്നത്. സ്വർഗ്ഗത്തെ പറ്റി ഒരു തവണ പറയുമ്പോൾ നരകം, ശിഷാവിധി എന്നിവയെ പറ്റി ഏഴു തവണ എങ്കിലും ബൈബിളിൽ പറയുന്നു (മത്താ.3:10-12; 25:41; 5:22-30).

പത്രോസ് ശ്ലീഹാ എഴുത്തുന്നു "അവർ നിമിത്തം സത്യമാർഗ്ഗം ദുഷിക്കപ്പെടും. അവർ ദ്രവ്യാഗ്രഹത്തിൽ കൗശലവാക്കു പറഞ്ഞു നിങ്ങളെ വാണിഭം ആക്കും...നിങ്ങളുടെ സ്നേഹ സദ്യകളിൽ....വിരുന്നു കഴിഞ്ഞു പുളക്കുന്ന കറകളും കളങ്കങ്ങളും ആകുന്നു....ദ്രവ്യാഗ്രഹത്തിൽ അഭ്യാസം തികഞ്ഞ ഹൃദയമുള്ളവരുമായ ശാപയോഗ്യന്മാർ"(2പത്രോസ്2:3-14.

## പാസ്റ്റർ വി.പി.തോമസ് പ്രെയർ സെൽ ഡയറക്ടർ



പാസ്റ്റർ വി.പി.തോമസ്



പാസ്റ്റർ ഇ.എസ്.ജോൺ



പാസ്റ്റർ അനീഷ് ഏലപ്പാറ

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കേരളാ സ്റ്റേറ്റ് പ്രെയർ സെൽ ഡിപ്പാർട്ട്മെന്റ് ഡയറക്ടറായി പാസ്റ്റർ വി.പി.തോമസ് നിയമിതനായി. പാസ്റ്റർമാരായ ഇ.എസ്.ജോണിനെ ജോയിന്റ് ഡയറക്ടറായും അനീഷ് ഏലപ്പാറയെ സെക്രട്ടറിയായും നിയമിച്ചു. പത്തനാപുരം ഡിസ്ട്രിക്ട് പാസ്റ്ററും പത്തനാപുരം ടൗൺ സഭാ ശുശ്രൂഷകനുമാണു പാസ്റ്റർ വി.പി.തോമസ്. പാസ്റ്റർ അനീഷ് ഏലപ്പാറ പീരുമേട് ഡിസ്ട്രിക്ട് പാസ്റ്ററും പാമ്പനാർ സഭാ ശുശ്രൂഷകനുമാണ്. തലവടി ദൈവസഭാ ശുശ്രൂഷകനാണു പാസ്റ്റർ ഇ.എസ്.ജോൺ. പ്രെയർ സെല്ലിന്റെ ആഭിമുഖ്യത്തിൽ ചൊവ്വാഴ്ചകളിൽ രാവിലെ 10.30 മുതൽ 12.30 വരെ മുളക്കുഴ ഓഫീസ് കോംപ്ലക്സിൽ പ്രാർത്ഥന നടക്കും. ദൈവസഭയുടെഎല്ലാ ഡിസ്ട്രിക്ടുകളെയും ഉൾപ്പെടുത്തി ഉപവാസ പ്രാർത്ഥനകൾ, ഉണർവു യോഗങ്ങൾ, മുഴുരാത്രി പ്രാർത്ഥനകൾ, ശുശ്രൂഷക സമ്മേളനങ്ങൾ തുടങ്ങിയവ ക്രമീകരിക്കും.

## സെന്റർ പാസ്റ്റർമാരുടെ സമ്മേളനം സമാപിച്ചു




**മാരാമൺ:** ഐക്യവും വെല്ലുവിളികളെ അതിജീവിച്ച് സഭ ഐക്യകണ്ഠേന മുന്നേറാൻ കഴിയണമെന്ന് ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ കേരള സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ കെ.സി.തോമസ് പറഞ്ഞു. ഐ.പി.സി കേരള സ്റ്റേറ്റിലെ സെന്റർ പാസ്റ്റർമാരുടെയും പ്രസിഡന്റുമാരുടെയും സമ്മേളനം റിട്രീറ്റ് സെന്ററിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പ്രതിസന്ധികൾ വരുമ്പോൾ ഏക മനസോടെ സഭയ്ക്ക് പ്രാർത്ഥിക്കാൻ കഴിയണം. പ്രാർത്ഥനയാണു ജീവിതത്തെ മാറ്റി മറിക്കുന്നതെന്ന് പാസ്റ്റർ കെ.സി. തോമസ് പറഞ്ഞു. സ്റ്റേറ്റ് വൈസ് പ്രസിഡന്റ് പാസ്റ്റർ രാജു പൂവക്കാല അദ്ധ്യക്ഷത വഹിച്ചു. സ്റ്റേറ്റ് സെക്രട്ടറിപാസ്റ്റർ ഷിബു നെടുവേലിൽ, ജോയിന്റ് സെക്രട്ടറി പാസ്റ്റർ സി.സി. ഏബ്രഹാം, പാസ്റ്റർമാരായ കെ.സി.ജോൺ, എം.വി.വർഗീസ്, ബാബു ചെറിയാൻ, സണ്ണി കുര്യൻ എന്നിവർ പ്രസംഗിച്ചു. സഭയുടെ സമഗ്രവികസനത്തെകുറിച്ചും ബജറ്റിനെകുറിച്ചും ചർച്ചകൾ നടന്നു.

IPC THEOLOGICAL SEMINARY KOTTAYAM

**Do you desire for a Theological Degree? Hurry up……..**

Admission open!! A unique opportunity for Christian ministers, professionals, graduates and believers to acquire an accredited theological degree through Distance mode. Contact classes held in various study centers in India; Kottayam (Kerala), Mumbai (Maharashtra), Bilaspur (Chhattisgarh), Bhopal (Madhya Pradesh), Delhi, and Siliguri (West Bengal).

ipctsk IPC THEOLOGICAL SEMINARY KOTTAYAM

Centre for Distance Learning (CDL)

| Program | Qualification | Duration |
|---|---|---|
| Master of Divinity (ATA) | B. Th./ Bachelor degree from any University | 3-5 Years |
| M.A in Holistic Child Development | B. Th./ Bachelor degree from any University | 3-4 years |
| M.A in Missiology (College program) | +2 pass | 2 -3 Years |

Contact Class scheduled in Kottayam centre: July 20-23, 2016.

Our salient features…..

- We emphasize on Academic, Spiritual, and Character Excellency
- Qualified, Spirit filled and vibrant teachers facilitate the classes
- We provide excellent study guides and reading material.

For details contact: Centre for Distance Learning

IPC Theological Seminary Kottayam
PO Box -3, Puthupally,
Kottayam- 686011
E-mail: ipctsk.edu@gmail.com
Website: www.ipcseminary.com
Mob: 8129687374, 9400716772

# നിത്യതയിൽ



### പാസ്റ്റർ ജോസഫ് കെ. മാത്യു (60)

**കുമ്പനാട്:** പ്രശസ്ത ക്രിസ്തീയ ഗാനരചയിതാവും ഐ. പി. സി ദൈവസഭ ജനറൽ കൗൺസിൽ അംഗവുമായ കളരിക്കൽ പാസ്റ്റർ ജോസഫ് കെ. മാത്യു(60) നിത്യതയിൽ ചേർക്കപ്പെട്ടു. സംസ്കാരം കുമ്പനാട് ഹെബ്രോൻ സെമിത്തേരിയിൽ നടത്തി. ആൽപ്പാറ ഐപിസി സഭാ പാസ്റ്റർ ആയിരുന്നു എന്റെ പ്രീയൻ വാനിൽ വരാറായി, ശൈലവും എന്റെ സങ്കേതവും, നാഥൻ വരാറായി, കണ്ണു കൊണ്ടു കണ്ടതോർത്താൽ തുടങ്ങി അനേകം ജനപ്രിയമായ ക്രൈസ്തവഗാനങ്ങളുടെ രചയിതാവാണ്. ദീർഘ വർഷങ്ങൾ കുമ്പനാട് കൺവൻഷന്റെ മ്യൂസിക്ക് കൺവീനറായിരുന്നു. പ്രാകാനം, തടിയൂർ, കിടങ്ങന്നൂർ, കുമ്പനാട് എലീം, ആറാട്ടുപുഴ, വെണ്ണിക്കുളം, ചെന്നൈ, മസ്കറ്റ്, ഒമാൻ പെന്തെക്കോസ്തൽ അസംബ്ലി, നിരണം, ആഞ്ഞിലിത്താനം, തിരുവല്ല ടാൺ സഭകളുടെ ശുശ്രൂഷകനായി സേവനം ചെയ്തിട്ടുണ്ട്. വയനാട് - കല്പ്പറ്റ സെന്റർ ശുശ്രൂ,കനായിരുന്നു. ഭാര്യ: മറിയാമ്മ ജോസഫ്, മക്കൾ: എവിൻ, ബെൻ, മന്ന



### പാസ്റ്റർ കെ. എം. മാത്യു (86)

നെല്ലിപ്പൊയിൽ ഐ.പി.സി ദൈവസഭ തിരുവമ്പാടി സെന്ററിന്റെ അസോസിയേറ്റ് സെന്റർ പാസ്റ്റർ ആയിരുന്ന പാസ്റ്റർ കെ. എം. മാത്യു(86) (കോഴാമലയിൽ ബേബി) നിത്യതയിൽ ചേർക്കപ്പെട്ടു. സംസ്കാരം ഐ.പി.സി മീമ്മുട്ടി സെമിത്തേരിയിൽ നടത്തി.

ഭാര്യ: അന്നമ്മ, മക്കൾ: പാസ്റ്റർ കെ. എം. മാത്യു(ഐപിസി കർമ്മേൽ എടക്കര), കെ. എം. വർഗീസ്, എൽസി, ഷേർളി, പ്രസാദ്കുട്ടി കെ. എം, പാസ്റ്റകർ സാംകുട്ടി കെ.എം (ഐപിസി എരുമമുണ്ട), മരുമക്കൾ: ഓമന, സാലി, അനിയൻകുഞ്ഞ്, ജോസ്മോൻ, ജിജി, ഉഷ.



### പാസ്റ്റർ രാജു മാത്യു (64)

ഫെയ്ത്ത് ബൈബിൾ കോളേജ് പിൻസിപ്പാളും കാൽവറി മിനിസ്ട്രീസ് പ്രസിഡന്റുമായ പാസ്റ്റർ രാജു പുളിയ്ക്കമലയിൽ മാത്യു (64) നിത്യതയിൽ ചേർക്കപ്പെട്ടു. സംസ്കാരം മഹാരാഷ്ട്രയിൽ താന ജില്ലയിൽ പെട്ട ബഡ്ലാപ്പൂർ ഫെയ്ത്ത് ബൈബിൾ കോളേജ് കാമ്പസിൽ നടത്തി.

ഭാര്യ: ഏലിയാമ്മ രാജു, മക്കൾ: അബീബ്, സിബി, മരുമക്കൾ: രശ്മി, സെല്ലി, കൊച്ചുമകൾ: സീനോവീയ



### ഷീബ സിബി (30)

**അടൂർ:** പത്തനാപുരം പാലത്തിങ്കൽ സിബി വർഗീസിന്റെ ഭാര്യ ഷീബ സിബി (30) നിത്യതയിൽ ചേർക്കപ്പെട്ടു. സംസ്കാരം കുറുമ്പാകര ഐ. പി. സി. സെമിത്തേരിയിൽ നടത്തി.

മക്കൾ: ഹെബ്സിബ, എസക്കിയേൽ

# കെ. യു. പി. എഫ് ഭാരവാഹികൾ



പാസ്റ്റർ റ്റി. ഡി. തോമസ്



പാസ്റ്റർ കെ. വി. ജോൺസൺ



സാജൻ കെ. ജോർജ്

**ബംഗളൂരു:** കർണാടകയിലെ ക്രൈസ്തവ പെന്തെക്കോസ്തു സഭ വിശ്വാസികളുടെയും ശുശ്രൂഷകരുടെയും ആത്മീയ കൂട്ടായ്മയായ 'കർണാടക യുണൈറ്റഡ് പെന്തെക്കോസ്ത് ഫെലോഷിപ്പ് സംസ്ഥാന പ്രസിഡന്റായ പാസ്റ്റർ റ്റി. ഡി. തോമസ് വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു. പാസ്റ്റർ സി. ജി. ബാബൂസ് (വെസ് പ്രസിഡന്റ്), പാസ്റ്റർ കെ. വി. ജോൺസൺ (ജനറൽ സെക്രട്ടറി), പാസ്റ്റർ കെ. വി. ജോസ് (ജോയിന്റ് സെക്രട്ടറി), സാജൻ കെ. ജോർജ് (ട്രഷറാർ), ജോയി പാപ്പച്ചൻ (ജോയിന്റ് ട്രഷറാർ) എന്നിവരെയും 21 അംഗകമ്മിറ്റി ഭാരവാഹികളെയും തെരഞ്ഞെടുത്തു. ഹെണ്ണൂർ ന്യൂ ലൈഫ് ബൈബിൾ കോളേജ് ഓഡിറ്റോറിയത്തിൽ ഡോ. ജോൺസൺ താന്നിക്കൽ, പാസ്റ്റർ റ്റി. ഡി. തോമസ് എന്നിവരുടെ നേതൃത്വത്തിലായിരുന്നു കെ. യു. പി. എഫ്-ന്റെ 12-ാംമത് വാർഷിക ജനറൽ ബോഡിയും തെരഞ്ഞെടുപ്പ് നടത്തി.

# കേരളാ പെന്തെക്കോസ്തു റൈറ്റേഴ്സ് ഫോറം നോർത്തമേരിക്ക അവാർഡുകൾ പ്രഖ്യാപിച്ചു.



പാസ്റ്റർ രാജൻ പരുത്തുംമൂട്ടിൽ



പാസ്റ്റർ വി.പി.ജോസ്



സാമുവേൽ ഗീവർഗീസ്



നൈനാൻ മാത്തുള്ള



മറിയാമ്മ ജോർജ്ജ്



മേരി ജോസഫ്



സൂസൻ ജോൺ

നോർത്തമേരിക്കയിലും, കാനഡയിലുമുള്ള മലയാളി പെന്തെക്കോസ്ത് എഴുത്തുകാർക്കുള്ള 2016-ലെ അവാർഡുകൾ പ്രഖ്യാപിച്ചു. 2015-ൽ വിവിധ മാധ്യമങ്ങളിൽ പ്രസിദ്ധീകരിച്ച സാഹിത്യസൃഷ്ടികളും കൃതികളും അതേ വർഷം തന്നെ പുറത്തിറക്കിയിട്ടുള്ള പാട്ടുകളുമാണ് അവാർഡിനായി പരിഗണിച്ചത്.

നൈനാൻ മാത്തുള്ള എഴുതിയ "ഒരു നിരീശ്വരവാദിയുടെ രൂപാന്തരം" എന്ന പുസ്തകമാണ് പുസ്തക വിഭാഗത്തിൽ പുരസ്കാരം നേടിയത്. ലേഖനങ്ങളുടെ എണ്ണം വളരെ അധികമായിരുന്നതിനാൽ അവയെ പ്രത്യേകം തരംതിരിച്ച് യോഗ്യമായിട്ടുള്ള പട്ടികയിൽ പെടുത്തിയതിൽ പുരസ്കാരം നേടിയത് ഇവയാണ്. പാസ്റ്റർ രാജൻ പരുത്തിമൂട്ടിലിന്റെ "വിവാഹം ഏവർക്കും മാന്യം" കുടുംബ ജീവിത വിഷയം സംബന്ധമായും, ബ്രദർ ഉമ്മൻ എബനേസർ എഴുതിയ "പ്രസംഗകരുടെ പ്രവൃത്തിചെയ്യുക" ക്രിസ്തീയ നീതിശാസ്ത്ര വി ഭാഗത്തിലും പാസ്റ്റർ വി.പി. ജോസ് എഴുതിയ "ചിന്താകുലങ്ങളെ വിട" ആത്മ പ്രചോദന വിഭാഗത്തിലുമാണ് പുരസ്കാരം നേടിയത്. സിസ്റ്റർ മേരി ജോസഫിന്റെ "വീപ്പിംഗ് വില്ലോ"ചെറുകഥാ വിഭാഗത്തിലും, സിസ്റ്റർ മറിയാമ്മ ജോർജ്ജിന്റെ "കോളാമ്പി" എന്ന കവിതയും, ബ്രദർ സാമുവേൽ ഗീവർഗീസിന്റെ "എ ഹൗസ് ഡിവൈഡഡ്" എന്ന ഇംഗ്ലീഷ് കവിതയും, സിസ്റ്റർ സൂസൻ ബി. ജോണിന്റെ "എൻ നാഥാ നിന്നെ കാ ണുവാനായ്" എന്നു തുടങ്ങുന്ന ഗാനം സംഗീത വിഭാഗത്തിനുമുള്ള പുരസ്കാരം നേടി.

അവാർഡു ജേതാക്കൾക്ക് 2016 ജൂൺ 30-മുതൽ ജൂലൈ 3 വരെ ഡാളസ്സിൽ ഇന്റർകോന്റിനെന്റൽ ഹോട്ടലിൽ നടക്കുന്ന പി.സി.എൻ.എകെ കോൺഫറൻസിൽ പുരസ്കാരം വിതരണം ചെയ്യും. കേരള പെന്തെക്കോസ്തൽ റൈറ്റേഴ്സ് ഫോറം നോർത്ത് അമേരിക്കയുടെ പ്രസിഡന്റായി ഡോ. ബാബു തോമസ് (ന്യൂയോർക്ക്), പാസ്റ്റർ തോമസ്സ് കിടങ്ങാലിൽ (വൈസ് പ്രസിഡന്റ്, ന്യൂയോർക്ക്), ബ്രദർ രാജൻ ആര്യപ്പള്ളിൽ (സെക്രട്ടറി, അറ്റ്ലാന്റ), പാസ്റ്റർ ജോൺ തോമസ്സ് (ജോ.സെക്രട്ടറി, ഹൂസ്റ്റൺ), ബ്രദർ ജോയിസ് പി. മാത്യൂസ് (ട്രഷറർ, ടെന്നസ്സി), സിസ്റ്റർ ഷേർളി ചാക്കോ (ലേഡീസ് കോർഡിനേറ്റർ, സിയാറ്റിൽ) എന്നിവർ പ്രവർത്തിക്കുന്നു.

# സംസ്ഥാന പി.വൈ.പി.എ ആക്ടിംഗ് പ്രസിഡന്റായി അജു അലക്സ് തിരഞ്ഞെടുക്കപ്പെട്ടു



**കുമ്പനാട്:** പി.വൈ.പി.എ സംസ്ഥാന പ്രസിഡന്റ് സുധി കല്ലുങ്കൽ അമേരിക്കൻ സന്ദർശനത്തിനായി അവധിയിൽ പ്രവേശിച്ചതിനാലാണ് നിലവിലെ വൈസ് പ്രസിഡന്റായ ഇവാ. അജു അലക്സിനെ ആക്ടിംഗ് പ്രസിഡന്റായി തിരഞ്ഞെടുത്തുകൊണ്ട് തീരുമാനമായത്. സുവിശേഷകൻ, വർഷിപ്പ് ലീഡർ, പത്രപ്രവർത്തകൻ എന്നീ നിലകളിൽ ഏറെ ശ്രദ്ധേയനായ ഇവാ. അജു അലക്സ് മേപ്രാൽ മലയിൽ എബനേസർ വീട്ടിൽ പി.ജി.അലക്സാണ്ടർ-മേഴ്സി ദമ്പതികളുടെ മകനാണ്. ഐ.പി.സി തിരുവല്ല സെന്റർ സെക്രട്ടറി കൂടിയാണ് അജു അലക്സ്. ഭാര്യ:ജാൻസി അജു. മകൻ: ജെഫ്രി അജു

## കവിത



**ബേസിൽ വർഗീസ്**

### ശിഷ്യത്വം

നിത്യസ്വർഗ്ഗത്തിലെത്തീടുവാനിന്നു നീ-
യേശുവിന് ശിഷ്യനായ് തീർന്നിടേണം....
ലോകം വെറുക്കണം, മോഹം ത്യജിക്കണം-
താഴ്മ ധരിച്ചേറെ ത്യാഗം സഹിക്കണം....
"ക്രൂശെ"ടുത്തേശുവിൻ മാർഗ്ഗേ ഗമിച്ചു നീ-
യുത്തമ ശിഷ്യനായ് മാറിടേണം....
ദൈവമഹത്വം ത്യജിച്ചവൻ മന്നിതിൽ-
മർത്യനായ് ജീവിതം ചെയ്തതോർത്തീടണം...
ഉറ്റുസ്നേഹിച്ചതാം ശിഷ്യഗണങ്ങളും-
വിട്ടകന്നേശുവേ തള്ളിപ്പറഞ്ഞതുമോ-
ർക്കാതെ പിന്നെയും മാർവ്വോടണക്കുന്ന-
യിടയനാമേശുവിന് ശിഷ്യനായ് തീരണം....
ഗുരുവിന്റെ മാർഗ്ഗേ ഗമിക്കേണ്ട ശിഷ്യരി-
ന്നോടുന്നു ദേവനാം മാമോന്റെ വഴികളിൽ....
നശ്വരമോഹങ്ങൾ ശിഷ്യരിലേറുന്നു-
സ്നേഹവും താഴ്മയുമന്യമായ്ത്തീരുന്നു...
ദാസനായിദ്ധരയിൽ ഭൂജാതനായവൻ-
കണ്ടിതു കണ്ണുനീർ തൂകുകില്ല??..
ദർശനം തെറ്റിയോർ നേതാക്കളാകുന്നു-
ചേരി തിരിഞ്ഞേറെ ദൂഷണം ചൊല്ലുന്നൂ...
വാക്കു പെരുകുന്നു, പാപങ്ങളേറുന്നു-
വെങ്കിലും ശിഷ്യരോ ആർത്തുല്ലസിക്കുന്നു....
അന്യായ ചെയ്തികളൊക്കെയും, നിശ്ചയം-
ശിക്ഷകളുണ്ട് നാമോർത്തിടേണം...
അധികാരമാഹ്ളാദമേകുന്ന ദർശനം
സ്വർഗ്ഗീയമെന്നു നിനച്ചിടല്ലേ...
നോട്ടിനാൽ നേടുന്ന വോട്ടുകൾ വ്യർത്ഥ-
മെന്നറിയുന്ന ദിനമന്നു വരുമറിക...
മർത്യന്റെയുള്ളിലെ ശ്വാസം നിലയ്ക്കുകിൽ-
വെട്ടിപ്പിടിച്ചതോ വ്യർത്ഥമായ് തീർന്നിടും...
ക്രൂശിൽ തൂങ്ങിടും യേശുവിൻ പൊൻമുഖം
നോക്കുകിൽ ഗർവ്വുകൾ മാറുകില്ലേ??..
അന്നന്നു ജീവിതം പാരിതിൽ ചെയ്യുവാ-
നുള്ളതിൽ സന്തുഷ്ടരായിടേണം...
കർത്തൻ വരവേറ്റമാസന്നമായെന്ന-
തോർത്തു നാമുത്തമ ശിഷ്യരായിത്തീരണം.

MATRIMONIAL

സിറിയൻ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവതി, 27 വയസ്സ്, B.Tech (ടെക്നോപാർക്കിൽ ജോലി) 5'2" ഉയരം, ഇരുനിറം, ഏകമകൾ. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

ഫോൺ: 9847806766
E-mail: prjacobthomas@gmail.com

# ഇലന്തൂർ യു. പി. എഫിന് പുതിയഭാരവാഹികൾ

**ഇലന്തൂർ:** യുണൈറ്റഡ് പെന്തെക്കോസ്തൽ മൂവ്മെന്റിന്റെ 2016-2018വർഷത്തേക്കുള്ള പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. പാസ്റ്റർ ജോസ് ഫിലിപ്പ് ( പ്രസിഡന്റ്), പാസ്റ്റർ സുരേഷ് തോമസ് (വൈസ് പ്രസിഡന്റ്), പാസ്റ്റർ ബ്ലെസൻ കുഴിക്കാലാ (സെക്രട്ടറി), പാസ്റ്റർ ഷാജി കെ. ബി (ജോയിന്റ് സെക്രട്ടറി), ബ്രദർ ഷാജി ജോർജ് (ട്രഷറാർ), ബ്രദർ ജോൺസൺ ഫിലിപ്പ് (പബ്ലിസിറ്റി കൺവീനർ), പാസ്റ്റർ എം. ജി. ഡാനിയേൽ (രക്ഷാധികാരി) പ്രവർത്തിക്കുന്നു. കൂടാതെ എല്ലാ സഭകളിലെയും ശുശ്രൂഷകന്മാരും ഒരു പ്രതിപുരുഷനും കമ്മിറ്റി അംഗങ്ങളായി പ്രവർത്തിക്കുന്ന

ലേഖനം

# സാത്താൻ ചിലരെ തിരയുന്നു!!



ഷൈജു ഡാനിയേൽ, അടൂർ

ദൈവിക തിരഞ്ഞെടുപ്പുകളുടെ പ്രത്യേകതകൾ വിവരിച്ചുകൊണ്ടാണ് ധന്യനായ പൗലോസ് കൊരിന്തിലുള്ള ദൈവസഭയ്ക്ക് ലേഖനം എഴുതി തുടങ്ങിയത്. ജ്ഞാനികളെ ലജ്ജിപ്പിപ്പാൻ ലോകത്തിൽ ഭോഷത്വമായത്, ബലമുള്ളതിനെ ലജ്ജിപ്പിപ്പാൻ ലോകത്തിൽ ബലഹീനമായത്, ഉള്ളതിനെ ഇല്ലായ്മയാക്കുവാൻ ലോകത്തിൽ കുലഹീനവും നികൃഷ്ടവുമായതും ഏതുമില്ലാത്തതും തിരഞ്ഞെടുത്തു.... ഇതായിരുന്നു ദൈവിക തിരഞ്ഞെടുപ്പിന്റെ പ്രത്യേകതയായി പൗലോസ് വിവരിക്കുന്നത്. ലോകത്തെ സാധീനിച്ച് ദൈവരാജ്യത്തിന്റെ വിശാലതയ്ക്കായി അസാധാരണ പ്രവർത്തികൾ ചെയ്യുവാൻ ബലഹീനവും കുലഹീനവും ഏതുമില്ലാത്തതും ആയിരുന്നു യേശുവും തന്റെ ഐഹിക പ്രവർത്തികളുടെ നാളുകളിലും തിരഞ്ഞെടുത്തത്. ദൈവരാജ്യത്തിന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാൻ പഠിപ്പില്ലാത്തവരും സമൂഹമംഗീകരിക്കാത്തവരുമായ മുക്കുവരുൾപ്പെടുന്ന ഒരു സംഘം ശിഷ്യന്മാരെ തിരഞ്ഞെടുത്തുകൊണ്ട് യേശു തന്റെ നിയോഗിത പ്രവർത്തികൾ ആരംഭിച്ചത് തന്നെ അതിന്റെ ഏറ്റവും വലിയ തെളിവായിരുന്നു!! ദൈവിക തിരഞ്ഞെടുപ്പുകളുടെ പ്രത്യേകതകൾ ഇങ്ങനെ ആയിരുന്നു എങ്കിൽ സാത്താന്യ തിരഞ്ഞെടുപ്പുകൾക്കും ഉണ്ട് പ്രത്യേകതകൾ ഏറെ!!

തന്ത്രശാലിയായ പിശാചു വളരെ സൂഷ്മതയോടെ ആണ് തന്റെ പ്രവർത്തനപദ്ധതികൾ ആവിഷ്കരിക്കുന്നത്. അതിന്റെ നിർവ്വഹണത്തിനായി ആവശ്യമുള്ളത് തിരഞ്ഞെടുക്കുന്നതും വളരെ ആസൂത്രിതമായിട്ടായിരിക്കും. ഏദനിലേക്കുള്ള പ്രവേശനത്തിനായി പദ്ധതികൾ ആവിഷ്ക്കരിക്കുമ്പോഴും സാത്താൻ ഈ നിലപാട് ആയിരുന്നു പിന്തുടർന്നത്. ആയിരക്കണക്കിനുള്ള പക്ഷി മൃഗാദികളിൽ നിന്നും എന്തുകൊണ്ട് സാത്താൻ പാമ്പിനെ തന്റെ കൃത്യനിർവ്വഹണത്തിനായി ഉപയോഗിച്ചു എന്ന് പരിശോധിച്ചാൽ കാരണം, വളരെ വ്യക്തമാണ്.

യഹോവയായ ദൈവം ഉണ്ടാക്കിയ എല്ലാ കാട്ടുജന്തുക്കളിലും വച്ച് പാമ്പ് കൗശലമേറിയതായിരുന്നു!! കൗശലമേറിയ പാമ്പിനെ തന്നെ തന്റെ പ്രഥമ പദ്ധതിക്കായി തന്ത്രപൂർവ്വം തിരഞ്ഞെടുത്തുക്കൊണ്ടായിരുന്നു പിശാചു തന്റെ പ്രവർത്തനം തുടങ്ങിയത്. ആയിരക്കണക്കിനുള്ള കാട്ടുജന്തുക്കളിൽ വച്ച് പാമ്പിനുള്ള വ്യത്യസ്തത സാത്താൻ തിരിച്ചറിഞ്ഞു!! ദൈവം കൊടുത്ത കല്പനകൾക്കും ഉറപ്പുകൾക്കും മുകളിൽ സംശയത്തിന്റെ നിഴൽ വിരിക്കാൻ, നയപരമായ ചോദ്യങ്ങളിലൂടെ അവളെ ആശയക്കുഴപ്പത്തിലാക്കാൻ വിലക്കപ്പെട്ട കനിയെ കുറിച്ചുള്ള അസത്യ വിശേഷണങ്ങൾ നല്കി പ്രലോഭനങ്ങളുടെ ചങ്ങലകൊണ്ടു സാവധാനം ബന്ധിച്ചു തുടങ്ങി. ഒടുവിൽ മായാപ്രപഞ്ചത്തിൽ സ്ത്രീയെ തള്ളിടാൻ എല്ലാ കാട്ടുജന്തുക്കളിലും വച്ച് കൗശലക്കാരനായ പാമ്പിനാകും എന്ന് തിരിച്ചറിഞ്ഞിട്ടായിരുന്നു സാത്താൻ തിരഞ്ഞെടുപ്പ് നടത്തിയത്!! നാവു പിഴക്കാത്ത അവതരണ ശൈലിയും ഉന്നം പിഴക്കാത്ത പ്രയോഗങ്ങളും കൊണ്ട് വളരെ കൃത്യതയോടെ സ്ത്രീയെ വശീകരിച്ചു വലയിൽ വീഴ്ത്തി മനുഷ്യചരിത്രത്തെ വഴിതിരിച്ചുവിടാൻ വലിയ ജന്തുശേഖരത്തിൽ നിന്നും തിരഞ്ഞെടുപ്പ് നടത്തുമ്പോൾ പാമ്പിന്റെ വിശേഷമായ കൗശല സ്വഭാവം സാത്താനെ വല്ലാതെ ആകർഷിച്ചു.!!

ഉലകമൊക്കെയും ഊടാടി സഞ്ചരിക്കുന്ന സാത്താൻ വളരെ തന്ത്രപൂർവ്വം ഇന്നും അന്വേഷിക്കുന്നു വ്യത്യസ്തരായവരെ!! ശുശ്രൂഷയിൽ വേറിട്ട് നിൽക്കുന്നവർ, ദൈവിക വേലയിൽ പ്രയോജനപ്പെട്ടുക്കൊണ്ടിരിക്കുന്നവർ, കൃപാവരങ്ങളാൽ ജ്വലിച്ചു നിൽക്കുന്നവർ, വിവിധ താലന്തുകൾ കൊണ്ട് വേറിട്ട് നിൽക്കുന്നവർ ഇവരിലൂടെ ഒക്കെ വഞ്ചന നടത്താനാണ് സാത്താന് താല്പര്യം. യൂദയോളം യേശുവിനെ ഒറ്റികൊടുക്കാൻ പറ്റിയ ഒരാൾ അവിടുത്തെ ശിഷ്യവൃന്ദത്തിൽ മറ്റാരുമില്ലെന്ന് തിരിച്ചറിഞ്ഞ സാത്താൻ തന്ത്രപൂർവ്വം അവനെ ഉപയോഗിക്കുകയായിരുന്നു!! നമ്മെ എങ്ങനെ ദൈവത്തിനെതിരായി പ്രയോജനപ്പെടുത്താം എന്നതിനെ കുറിച്ചുള്ള ആലോചനയിലാണ് സാത്താൻ എപ്പോഴും!! അതുകൊണ്ട് തന്നെ എല്ലാ ഭക്തന്മാരെയും നിശ്ചിത അകലത്തിൽ നിന്നും സാത്താൻ നിരീക്ഷിക്കുന്നുണ്ട്!! ആത്മീകതയിലും ശുശ്രൂഷയിലും പ്രവർത്തനങ്ങളിലും വർദ്ധിച്ചുവരുമ്പോൾ, നാമറിയാതെ ജനസമ്മിതി നമ്മെ പിന്തുടരുമ്പോൾ, എവിടെയെങ്കിലും ഒക്കെ നമ്മുടെ പേരുകളിൽ ജനം ആകൃഷ്ടരാകുന്നെങ്കിൽ ശ്രദ്ധിക്കുക. സാത്താന്റെ അടുത്ത പദ്ധതിക്കായി ഒരു പക്ഷെ നമ്മെ സ്വാധീനിക്കാൻ അവൻ ശ്രമങ്ങൾ തുടങ്ങിയിട്ടുണ്ടാകും!! ഭക്തിയുടെ തീവ്രതയിൽ വേറിട്ട് നിൽക്കുന്നവർ എന്ന് നാം വിലയിരുത്തുകയും ബഹുമാനിക്കുകയും ഹൃദയത്തിൽ സ്ഥാനം കൊടുക്കുകയും ഒക്കെ ചെയ്യുന്ന വ്യക്തികളെയും പ്രസ്ഥാനങ്ങളെയും വളരെ ആസൂത്രിതമായി ദൈവത്തിനെതിരായി പ്രവർത്തിക്കാനും തനിക്കുവേണ്ടി കൃത്യ നിർവ്വഹണം നടത്താനും സാത്താൻ ഉപയോഗിച്ചു എന്ന് വരാം. കാട്ടുജന്തുക്കളിൽ വച്ച് കൗശലമേറിയ പാമ്പിനെ പ്രഥമ പദ്ധതിക്കായി പ്രയോജനപ്പെടുത്തിയ സാത്താൻ വ്യത്യസ്തമായതിനെയും വേറിട്ട് നിൽക്കുന്നതിനെയും തന്ത്രപൂർവ്വം വശത്താക്കാൻ സാധ്യതയുണ്ട്!! പൈശാചിക കമ്പോളത്തിൽ ഏറെ വിലമതിക്കുന്ന കൗശലക്കാരെ ഇന്നും സാത്താനാവശ്യമുണ്ട് തന്റെ പദ്ധതികൾ വളരെ കൗശലപൂർവ്വം നടപ്പിലാക്കുവാൻ!!

കാലികം

# ആത്മീയ മേഖല വാണിജ്യവത്കരിക്കപ്പെടുന്നുവോ?



സജി നെടുങ്കണ്ടം

രാജ്യത്തിന്റെ സമ്പദ്ഘടനയും മുന്നേറ്റത്തിന് വ്യവസായ കേന്ദ്രങ്ങൾ എന്നും പ്രയോജനിഭവിച്ചിരുന്നു. സാമ്പത്തിക തകർച്ച ഓരോ രാഷ്ട്രത്തിന്റെയും ഭാവിയെ കലശലായി ബാധിച്ചിട്ടുണ്ട്. വിലകർച്ച കയറ്റുമതി വ്യവസായത്തെ എക്കാലവും ബാധിക്കാറുണ്ട്. കേരളത്തിൽ തന്നെ കാർഷീകവിളകളുടെ വിലതകർച്ച പൊതു സമൂഹത്തെ ആകമാനമായി ബാധിച്ചിരുന്നു. റബ്ബറിന്റെ വില ഇടിവു മൂലം മധ്യകേരളത്തിൽ എത്രയോ കുടുംബങ്ങളാണ് കടക്കെണിയിൽ കുടുങ്ങിയത്. അതുനിമിത്തം കടുത്ത തൊഴിൽ പ്രശ്നവും പട്ടിണിയും നമ്മുടെ സമൂഹത്തിൽ അനവധി കുടുംബങ്ങളെ കണ്ണീരിലാഴ്ത്തി. കേരളത്തിൽ പൊന്നുവിളയുന്ന മലയോരമേഖലകളായ ഇടുക്കി, വയനാട് ജില്ലകളിൽ കാർഷീകവിളകളുടെ പ്രചോദനം കാരണം കടുത്ത പട്ടിണിയിലേക്ക് ആ ജനത കൂപ്പുകുത്തി. 2010-2011 വർഷങ്ങളിൽ വയനാട് ജില്ലയിൽ മാത്രം കർഷക ആത്മഹത്യ ആയിരത്തി അഞ്ഞൂറ് കഴിഞ്ഞിരുന്നു. ബാങ്കിൽ നിന്ന് ലക്ഷങ്ങൾ ലോൺ എടുത്ത് കൃഷി ഇറക്കും. ആ വർഷം കൃഷിനാശവും വിലതകർച്ചയും നിമിത്തം അധ്വാനത്തിന്റെ ഫലം പോലും അവർക്ക് ലഭിക്കാതെ വരുന്നു. കാർഷികവൃത്തി എത്രപരാജയപ്പെട്ടാലും പിൻമാറാത്ത ഒരു കൂട്ടർ അത് മണ്ണിൽ പൊന്നു വിളയിക്കുന്ന കർഷകൻ മാത്രമാണ്. അടുത്തവർഷത്തെ കൃഷിയിറക്കാൻ പണം ഇല്ലാതെ വരുമ്പോൾ അവർ ബ്ലെയ്ഡ് പലിശയ്ക്ക് പണവും വാങ്ങുന്നു. ആ വർഷവും കാലവർഷവും കൃഷിനാശവും വില തകർച്ചയും. പിന്നീട് ബാങ്കുകാരും പലിശക്കാരനും വീടിന്റെ മുമ്പിൽ കുത്തിയിരുപ്പ് സമരം കൂടി ആകുമ്പോൾ കറുത്തമണ്ണിന്റെ മണവും മനസും ഉള്ള മക്കൾ ഒരു തുണ്ടു കയറിലോ ഒരു കുപ്പിവിഷത്തിലോ ജീവൻ ഒടുക്കുന്നു. കഴിഞ്ഞനാളുകളിൽ ഈ ജില്ലകളിൽ ആയിരക്കണക്കിന് കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട്. അങ്ങനെ മക്കളുടെ വിദ്യാഭ്യാസവും വീടുപണിയെല്ലാം തങ്ങളുടെ പുരയിടത്തിലെ ഒരു വൃക്ഷകൊമ്പിൽ തന്നെ കയറിൽ തൂങ്ങി തീർക്കുന്നു. ഇതാണ് കേരളത്തിലെ കാർഷീക വൃത്തിയും വ്യവസായവും. രാഷ്ട്രീയ പാർട്ടികൾ ഖജനാവ് കട്ട് മുടിക്കലും കൈയിട്ടുവാരലുമായി കാലം കഴിക്കുമ്പോൾ വോട്ട് ബാങ്ക് രാഷ്ട്രീയത്തിൽ ബാക്കി പത്രമായി സാധാരണക്കാരൻ മരവിച്ച് നിൽക്കുന്നു.

ഇനി നമ്മുടെ വ്യവസായത്തിലേക്ക് കടക്കാം. ഈ കാലഘട്ടത്തിൽ കണ്ടു വരുന്ന വലിയൊരു പ്രത്യേകത പെന്തെക്കോസ്തു പ്രസ്ഥാനത്തിന്റെ തലപ്പത്തേയ്ക്ക് വരാൻ ദൈവസഭകളിലെ വ്യവസായ പ്രമുഖർ അരയും തലയും മുറുക്കി രംഗത്ത് വന്നിരിക്കുന്നു. ഇതിനുള്ള പ്രചോദനം പലർക്കും ലഭിച്ചത് മുഖ്യധാര പെന്തെക്കോസ്തിലെ ഒരു സമുന്നത നേതാവിന്റെ മാർക്കറ്റിങ്ങ് തന്ത്രത്തിലേക്കുള്ള ചുവുടുമാറ്റമാണ്. അതിന് നേതാവിന് പ്രചോദനമായത് സുവിശേഷീകരണം നവമാധ്യമങ്ങളിലൂടെ കൂടുതൽ ഫലപ്രദമായി പ്രചരിപ്പിക്കാം എന്നതാണ്. കാലഘട്ടത്തിന് അനുസരിച്ച് നമ്മുടെ വലയും പടകിലും പരിഷ്ക്കരണങ്ങൾ വരുത്തുന്നത് തെറ്റല്ല. എന്നാൽ തികഞ്ഞ ശുദ്ധമനസാക്ഷിയിൽ ഒന്നു ചിന്തിച്ചുനോക്കിയാൽ ആത്മഭാരം ആയിരുന്നോ അതോ കോടികൾ ലാഭം കൊയ്യാവുന്ന വ്യവസായമായിരുന്നോ ലക്ഷ്യം. ഇവിടെ ആത്മീയമണ്ഡലം എന്നെ വാണിജ്യവത്കരിക്കപ്പെട്ടുക്കഴിഞ്ഞു. നേതാക്കന്മാരുടെ കൂടെ നിൽക്കുന്ന ബഹുഭൂരിപക്ഷം ആളുകളും ലോകരാജ്യങ്ങളിൽ കോടികളുടെ ബിസിനസ് നടത്തുന്നവരാണ്. ദൈവസഭകളുടെ തലപ്പത്തു കയറി അധികാരകസേര സ്വന്തമാക്കാൻ ഈ നേതാക്കന്മാരും ചെറുകിട വ്യവസായികളും ആത്മീയ മണ്ഡലം അട്ടിമറിക്കുന്നു. കേരളത്തിൽ ദൈവസഭകൾ വളർന്നത് വ്യവസായ പ്രമുഖരുടെ ഒത്താശകൊണ്ടല്ല പ്രത്യത ചോരനീരാക്കി ഉപവസിച്ചും പ്രാർത്ഥിച്ചും പ്രവർത്തിച്ച പാവപ്പെട്ട ഉപദേശിമാരുടെ കണ്ണുനീരാണ് അതിന് കാരണം.

കേരളക്കരയിൽ കൃപാവര പ്രാപ്തരുടെ മാർക്കറ്റ് ഇടിഞ്ഞൊരു കാലമാണിത്. എന്നാൽ സ്വന്തനാട്ടിൽ തട്ടിപ്പ് നടക്കാതെ വന്നപ്പോൾ ഈ കൂട്ടർ കേരളത്തിലെ മിനിസ്ട്രി ബ്രെയ്ക്ക് ചെയ്ത് പതിയെ ഗൾഫിലേക്ക് തിരിച്ചു. വിസിറ്റിങ്ങ് വിസയിൽ ഗൾഫ് രാജ്യങ്ങളിൽ എത്തുന്ന ഇവർ കൈയിൽ കിട്ടുന്ന ഫോൺനമ്പർ ഉപയോഗിച്ച് നിരന്തരം വിളിച്ചും, കരഞ്ഞും, കാലുപിടിച്ചും അവസരം ഉണ്ടാക്കുന്നു. അവസരം ലഭിച്ചാൽ ലക്ഷങ്ങൾ തട്ടാൻ പാകത്തിനുള്ള പ്രവചനങ്ങൾ തരത്തിനു തട്ടി വ്യവസായ പ്രമുഖനായ അച്ചായനേയോ അമ്മാമ്മയെയോ മുട്ടുക്കുത്തിക്കുന്നു. ദൂതിൽ വീണ അച്ചായൻ മേപ്പടിയാനു ആവശ്യമുള്ളയോഗങ്ങൾ തരപ്പെടുത്തികൊടുക്കുന്നു. വൈകാതെ കൈയിലിരുന്ന കാശും പോയി ഒടുക്കം മാനവും പോകുമ്പോഴാണ് തട്ടിപ്പ് മനസ്സിലാകുക. ഇങ്ങനെ ലക്ഷങ്ങൾ നഷ്ടമായ വിശ്വാസികുടുംബങ്ങൾ പറ്റിയ അമളി ആരോടും പറയാതെ ഒതുങ്ങിക്കഴിയുന്നു. അതുകൊണ്ട് വിസിറ്റിങ്ങ് പാസ്റ്റർ എന്ന് ആരെങ്കിലും പറഞ്ഞ് വായ് അടയ്ക്കും മുമ്പ് മുതുകാടിന്റെ മാജിക്ക് പോലെ ഗൾഫിലെ വിശ്വാസികൾ അപ്രത്യക്ഷരാകുന്നു. ഇപ്പോൾ ഗൾഫിലെ വിസിറ്റിങ്ങ് വ്യവസായം ഏതാണ്ട് തീർത്തും നഷ്ടക്കച്ചവടത്തിലാണ്. ചതിവിൽ കുടുങ്ങിയവരുടെ ഒരു സംഘടന തന്നെ ഗൾഫിലുണ്ട് എന്നാണ് അറിയുന്നത്. ആത്മീയ മണ്ഡലത്തിലെ സമസ്ത മേഖലകളും ഏതാണ്ട് വ്യവസായികൾ കീഴടക്കിയിരിക്കുന്നു. കച്ചവടത്തിനു കൊണ്ടുവന്ന കാളയുടെ കഴുത്തിൽ നിന്ന് അഴിഞ്ഞുവീണ ഒരു തുണ്ട് കയർ കർത്താവിന്റെ കൈയിൽ കിട്ടിയ അന്ന് ആലയത്തിലെ വ്യവസായികളെ അടിച്ച് പുറത്താക്കിയിരുന്നു. സകലജാതികൾക്കുമുള്ള പ്രാർത്ഥനാലയം ഇന്ന് കള്ളന്മാരുടെ ഗുഹ ആക്കിയിരിക്കുന്നു. കണ്ടുനിൽക്കും എന്ന് കരുതണ്ട..... ദൈവിക ഇടപ്പെടലിന് അധികം താമസം ഉണ്ടാകില്ല

# ന്യൂ ഇൻഡ്യാ ബൈബിൾ ചർച്ച്

## പുത്രികാസംഘടനകൾക്ക് പുതിയ ഭാരവാഹികൾ



പാസ്റ്റർ ജോർജ്ജ് ചാക്കോ



പാസ്റ്റർ സാം യോഹന്നാൻ



പാസ്റ്റർ ജെ. യേശുദാസ്



സിസ്റ്റർ കുഞ്ഞുമോൾ പീറ്റർ



സിസ്റ്റർ ലത ജോൺസൺ

**പായിപ്പാട്:** ന്യൂ ഇൻഡ്യാ ബൈബിൾ ചർച്ചിന്റെ പുത്രിക സംഘടനകളായ സൺഡേസ്കൂൾ, യൂത്ത് ഫെലോഷിപ്പ്, വിമൻസ് ഫെലോഷിപ്പ് എന്നിവയ്ക്ക് പുതിയ ഭാരവാഹികളെ സഭാ കൗൺസിൽ തെരഞ്ഞെടുത്തു. പാസ്റ്റർ ജോർജ്ജ് ചാക്കോ (സൺഡേസ്കൂൾ സെക്രട്ടറി), പാസ്റ്റർ സാം യോഹന്നാൻ (ജോ. സെക്രട്ടറി), പാസ്റ്റർ ജെ. യേശുദാസ് (യൂത്ത് ഫെലോഷിപ്പ് സെക്രട്ടറി), പാസ്റ്റർ കെ.എ സ്റ്റാലിൻ (ജോ. സെക്രട്ടറി), സിസ്റ്റർ കുഞ്ഞുമോൾ പീറ്റർ (വിമൻസ് ഫെലോഷിപ്പ് സെക്രട്ടറി), ലിസമ്മ രാജേഷ് (ജോ. സെക്രട്ടറി), ലത ജോൺസൺ (ട്രഷറർ) എന്നിവരാണ് പുതിയ ഭാരവാഹികൾ. 2016-18 വരെയുള്ള രണ്ടുവർഷത്തേക്കാണ് നിയമിച്ചിരിക്കുന്നത്.

# സുവിശേഷത്തിനായി കാത്തിരിക്കുന്ന ഭൂട്ടാനും ബംഗാൾ അതിർത്തിയും

ഹിമാലയ സാനുക്കളുടെ തുടർച്ചയായി പർവ്വത നിരകളാൽ ചുറ്റപ്പെട്ടു കിടക്കുന്ന ഒരു ചെറു രാജ്യമാണ് ഭൂട്ടാൻ. 4,700 Sq.Km. മാത്രം വിസ്യതിയുള്ള ഈ രാജ്യത്തിന്റെ വടക്ക് ടിബറ്റ് തെക്ക്-കിഴക്ക് ഇന്ത്യൻ സംസ്ഥാനങ്ങളായ ബംഗാളും ആസാമും പടിഞ്ഞാറ് സിക്കീമും സ്ഥിതി ചെയ്യുന്നു. 'തണ്ടർ ഡ്രാഗൺ' എന്ന അപരനാമത്താലാണ് ഈ രാജ്യം അറിയപ്പെടുന്നത്. കാരണം, മഴക്കാലങ്ങളിൽ ഉണ്ടാകുന്ന ഇടിമിന്നൽ ഡ്രാഗൺ അലറുന്നതാണ് എന്നാണവരുടെ വിശ്വാസം. ഏകദേശം ആറ് വർഷങ്ങൾക്ക് മുമ്പ് ജനാധിപത്യം വ്യവസ്ഥിതി ഈ രാജ്യത്തെ ഉണ്ടായി എങ്കിലും ഇപ്പോഴും ഇവിടെ രാജഭരണത്തിൽ കീഴിലാണ്. വിനോദസഞ്ചാരികൾക്ക് ഏറ്റവും കൂടുതൽ ചെലവേറിയ രാജ്യമാണ് ഭൂട്ടാൻ. 1974 വരെ ഇവിടെ ടൂറിസ്റ്റുകൾക്ക് പ്രവേശനം ഇല്ലായിരുന്നു. പച്ച വൃക്ഷലതാദികളെ കൊണ്ട് നിറഞ്ഞു നില്ക്കുന്ന പർവ്വതങ്ങളും കൗതുകം ഉണർത്തുന്ന വെള്ളച്ചാട്ടങ്ങളെയും കൊണ്ട് പ്രകൃതിരമണീയമായ ഒരു രാജ്യമാണിത്. കൃഷിയും കരകൗശലവുമാണ് പ്രധാന വരുമാന മാർഗ്ഗങ്ങൾ. തണുപ്പുകാലങ്ങളിൽ മഞ്ഞുകൊണ്ട് മൂടപ്പെട്ടിരിക്കുന്ന പർവ്വതനിരകൾ കാണുവാൻ വളരെ ആകർഷണീയമാണ്. വിദ്യാഭ്യാസം, വൈദ്യസഹായം എന്നിവ എല്ലാ പൗരനും ഇവിടെ സൗജന്യമാണ്. സർക്കാർ ചെലവിൽ പഠന പ്രാപ്തിയുള്ളവരെ മറ്റ് വിദേശരാജ്യങ്ങളിൽ അയച്ച് പഠിപ്പിക്കുകയും രോഗികളെ മറ്റ് രാജ്യങ്ങളിൽ വിട്ട് ചികിത്സിക്കുകയും പതിവാണ്. വളരെ വൈവിധ്യങ്ങൾ നിറഞ്ഞതും സമാനതകൾ ഇല്ലാത്തതുമായ ഒരു രാഷ്ട്രമാണ് ഭൂട്ടാൻ.

ലോകത്തെ ഏക ബുദ്ധരാജ്യമായ ഭൂട്ടാന്റെ ജനസംഖ്യ 7,86,019 ആണ്. അതിൽ 74.7% ബുദ്ധമതക്കാരും 22.6% ഹിന്ദുക്കളുമാണ്. ക്രിസ്ത്യാനികൾ കേവലം 0.5% മാത്രം. മുസ്ലീംഗുകളും മറ്റ് ഇതര മതക്കാരും തുലേം കുറവാണ്. ബുദ്ധമതക്കാരുടെ മൊണാസ്ട്രികൾ (ആരാധനാലയം) ഇവിടെ ഏത് മുക്കിലും മൂലയിലും സുലഭമായി കാണാം. എന്നാൽ മറ്റ് ഒരു മതസ്തരുടെയും ആരാധനാലയങ്ങൾ സ്ഥാപിക്കുവാൻ ഇവിടെ നിയമം അനുവദിക്കുന്നില്ല. അഞ്ച് വർഷം മുമ്പ് വരെ ക്രിസ്ത്യാനികൾക്ക് രഹസ്യമായിപോലും ആരാധിക്കുവാൻ അനുവാദം ഇല്ലായിരുന്നു. ഇപ്പോൾ വീടുകളിൽ കൂടിവരുന്നതിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. അതിവിദൂരഭാവിയിൽ ഈ രാജ്യത്ത് ഉടനീളം ദൈവസഭകൾ സ്ഥാപിക്കപ്പെടുവാൻ ദൈവം വഴിതുറക്കുമെന്ന് പ്രതീക്ഷിക്കുന്നു. പരസ്യമായ ആരാധന സ്വാതന്ത്ര്യം ഇല്ലാത്തതിനാൽ ഇവിടെയുള്ള ദൈവമക്കൾ പലരും നാലും അഞ്ചും മണിക്കൂറുകൾ ഒരു ദിശയിൽ യാത്രചെയ്തു ഇന്ത്യയുടെ അതിർത്തിപ്രദേശങ്ങളായ ബംഗാളിലും ആസാമിലുമുള്ള ദൈവസഭകളിൽ ദൈവത്തെ ആരാധിക്കുവാൻ എത്തുന്നു.



ദീർഘ വർഷങ്ങൾക്കു മുമ്പ് കേരളീയരായ പല സഹോദരന്മാരും തൊഴിൽ മാർഗ്ഗത്തിനായി ഭൂട്ടാനിൽ എത്തിയിരുന്നുവെങ്കിലും മതസാതന്ത്ര്യം ഇല്ലാതിരുന്നതിനാൽ അവിടെ സഭകൾ സ്ഥാപിക്കുവാൻ കഴിഞ്ഞില്ല. കഴിഞ്ഞ ഏഴ് വർഷമായി ഐ. പി. സി. യുടെ ചുമതലയിൽ വെസ്റ്റ് ബംഗാളിന്റെ വടക്കൻ ജില്ലകളിൽ പ്രവർത്തനം ആരംഭിച്ചപ്പോൾ അത് ഭൂട്ടാനിലേയ്ക്കും വ്യാപിപ്പിച്ചു. തൽഫലമായി ഇന്ന് ഐ. പി. സി.യുടെ ചുമതലയിൽ ഏകദേശം പന്ത്രണ്ടോളം പ്രവർത്തനങ്ങൾ അവിടെയുണ്ട്. അവ എല്ലാം തന്നെ 'രഹസ്യ സഭകളാ'ണ്. ഈ ബുദ്ധരാജ്യത്തെ ക്രിസ്തുവിനായി നേടുവാൻ ഐ. പി. സി. ഭൂട്ടാൻ റീജിയൻ പ്രവർത്തകർക്ക് കഴിയും എന്ന ശുഭാപ്തി വിശ്വാസം ഉണ്ട്.

കഴിഞ്ഞ ഏഴ് വർഷമായി ഐ. പി. സി. വെസ്റ്റ് ബംഗാൾ മിഷൻ സെന്ററിന്റെ മേൽ നോട്ടത്തിൽ ബംഗാളിന്റെ വടക്കൻ ജില്ലകളിൽ പ്രവർത്തിച്ചു കൊണ്ടിരുന്ന നാൽപതിൽ അധികം പ്രവർത്തനങ്ങളും ഐ. പി. സി. ഭൂട്ടാൻ റീജിയന്റെ പ്രവർത്തന പരിധിയിലാണ്. ഇവിടെയുള്ള നൂറുകണക്കിനു കുഗ്രാമങ്ങളും ഇന്നും 'യേശു' എന്ന വാക്ക് ഒരിക്കൽ പോലും കേട്ടിട്ടില്ലാത്തവരാണെന്ന് പറഞ്ഞാൽ ഒട്ടും അതിശയോക്തിയില്ല. ഈ പ്രദേശങ്ങളെ യേശുവിനായി നേടുവാൻ ഭൂട്ടാൻ റീജിയന്റെ പ്രവർത്തകർ പ്രതിജ്ഞാബദ്ധരായി മുന്നോട്ട് നീങ്ങുന്നു.

## ഭൂട്ടാൻ റീജിയൻ പ്രഥമ കൗൺസിൽ നിലവിൽ വന്നു



പാ.അലക്സ് വെട്ടിക്കൽ



പാ. ബെന്നി മാത്യു



പാ. ബോബി മാത്യൂസ്



പാ. സന്തോഷ് ലോഹാൾ



ബ്രദർ ജിജോ ഐ. റ്റി.



പാ. പി. എം. മാത്യൂസ്

**ജയ്ഗോൺ:** 2016 ഏപ്രിൽ 17-ന് ഐ. പി. സി. ജനറൽ കൗൺസിൽ അംഗീകാരം നല്കിയ ഐ. പി. സി. ഭൂട്ടാൻ റീജിയന്റെ പ്രഥമ കൺവൻഷനോടനുബന്ധിച്ച് കൂടിയ ജനറൽ ബോഡിയിൽ അടുത്ത മൂന്ന് വർഷത്തേക്കുള്ള ആദ്യ കൗൺസിലിനെ ഐക്യകണ്ഠേന തെരഞ്ഞെടുത്തു. നിയുക്ത പ്രസിഡന്റ് പാസ്റ്റർ അലക്സ് വെട്ടിക്കൽ അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ അലക്സ് വെട്ടിക്കൽ (പ്രസിഡന്റ്), പാസ്റ്റർ ബിന്നി മാത്യൂസ് (വൈസ് പ്രസിഡന്റ്), പാസ്റ്റർ ബോബി മാത്യൂസ് (സെക്രട്ടറി), പാസ്റ്റർ സന്തോഷ് ലോഹർ (ജോ. സെക്രട്ടറി), ബ്രദർ ജിജോ ജേക്കബ് (ട്രഷറാർ) എന്നിവരെ കൂടാതെ ആറ് കൗൺസിൽ അംഗങ്ങൾ ഉൾപ്പെടുന്ന പതിനൊന്നാംഗ കൗൺസിലിനെ തെരഞ്ഞെടുത്തു. പാസ്റ്റർ പി. എം. മാത്യൂസ് സീനിയർ മിനിസ്റ്റർ ആയി പ്രവർത്തിക്കും.

## ഭൂട്ടാൻ ഒറ്റനോട്ടത്തിൽ



ഹിമാലയ പർവ്വതനിരകളാൽ ചുറ്റപ്പെട്ട ഭൂട്ടാൻ വടക്ക് ഭാഗത്ത് ചൈനയുമായും തെക്ക്, കിഴക്ക്, പടിഞ്ഞാറ് ഭാഗങ്ങളിൽ ഇന്ത്യയുമായും അതിർ പങ്കിടുന്നു. 38394 ച. കി. മീ. വിസ്തീർണ്ണമുള്ള ഭൂട്ടാന്റെ തലസ്ഥാനം തിമ്പു ആണ്. ഇവിടുത്തെ ഏറ്റവും വലിയ പട്ടണവും ഇതാണ്. വജ്രായന ബുദ്ധിസം ആണ് ഔദ്യോഗിക മതം. രാജഭരണം നിലനിൽക്കുന്ന ഭൂട്ടാനിൽ ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട പാർലമെന്റും പ്രധാനമന്ത്രിയുമുണ്ട്. പാർലമെന്റിന് നാഷണൽ കൗൺസിൽ, നാഷണൽ അസംബ്ലി എന്നിങ്ങനെ രണ്ടു സഭകളാണുള്ളത്. ജനസംഖ്യ - 7,42,737, Bhutanese ngultrum (BTN) ആണ് ഔദ്യോഗിക കറൻസി. Indian Rupee (INR) യും ഔദ്യോഗികമായി അംഗീകരിക്കപ്പെട്ട കറൻസിയാണ്. ഏഴാം നൂറ്റാണ്ടിൽ ഇവിടെ ബുദ്ധിസം പ്രചരിച്ചു തുടങ്ങി. മറ്റ് മതങ്ങൾക്ക് ഇവിടെ പരസ്യമായി പ്രവർത്തന സ്വാതന്ത്ര്യം ഇല്ല. ക്രിസ്ത്യൻ, ഹിന്ദു, മുസ്ലീം എന്നിവ വളരെ ന്യൂനപക്ഷമാണ്. ബുദ്ധമതം 74.7%, ഹിന്ദു 22.6%, ക്രിസ്ത്യൻ 0.5%, ഇസ്ലാം 0.2%

100% ജൈവകൃഷി നടക്കുന്ന രാജ്യമായ ഭൂട്ടാൻ ലോകത്തിലെ ഏറ്റവും സന്തോഷവാന്മാരുടെ നാട് എന്നും അറിയപ്പെടുന്നു. ടൂറിസം പ്രധാന വരുമാനമാർഗ്ഗമാണ്. സാക്ഷരത 59.5%.

## പ്രഥമ വാർഷിക കൺവൻഷൻ വൻവിജയം




റീജിയൻ പ്രസിഡന്റ് പാസ്റ്റർ അലക്സ് വെട്ടിക്കൽ പ്രഥമ കൺവൻഷൻ ഉത്ഘാടനം ചെയ്യുന്നു. പരിഭാഷ പാസ്റ്റർ ബോബി മാത്യൂസ്

**അലിപ്പൂർദാർ:** ഐ. പി. സി. ഭൂട്ടാൻ റീജിയന്റെ പ്രഥമ വാർഷിക കൺവൻഷൻ മെയ് 26-29 വരെ ഭൂട്ടാൻ അതിർത്തിപ്രദേശമായ മധുബെഗാനിൽ നടന്നു. റീജിയൻ പ്രസിഡന്റ് പാസ്റ്റർ അലക്സ് വെട്ടിക്കൽ കൺവൻഷൻ പ്രാർത്ഥിച്ച് ദൈവകരങ്ങളിൽ സമർപ്പിച്ചു. പാസ്റ്ററുമാരായ റോയി മാർക്കര (തൃശൂർ), ബോബി മാത്യൂസ് (റീജിയൻ സെക്രട്ടറി) എന്നിവർ യോഗങ്ങളിൽ പ്രസംഗിച്ചു. സീനിയർ മിനിസ്റ്റർ പാസ്റ്റർ പി. എം. മാത്യു കർത്തൃമേശയ്ക്ക് നേതൃത്വം നൽകി. റീജിയൻ വൈസ് പ്രസിഡന്റ് പാസ്റ്റർ ബിന്നി മാത്യു കൺവൻഷന് നേതൃത്വം നൽകി. കൺവൻഷനോടനുബന്ധിച്ച് ശുശ്രൂഷാസമ്മേളനം, യുവജന സമ്മേളനം, റീജിയൻ ജനറൽ ബോഡി സ്നാന ശുശ്രൂഷ എന്നിവ നടന്നു. ജനറൽ ബോഡിയിൽ റീജിയന്റെ പ്രഥമ കൗൺസിലിനെ തെരഞ്ഞെടുത്തു. ഐ. പി. സി. കുമ്പനാട് സെന്റർ പി. വൈ. പി. എ.യുടെ മിഷൻ ടീമായ Kerusoo-അംഗങ്ങളുടെ സാന്നിധ്യം യുവജന സമ്മേളനത്തിന്റെ കൊഴുപ്പേകി. ടീം അംഗങ്ങളുടെ വിവിധ ആത്മീക പ്രകടനങ്ങൾ പ്രാദേശീക യുവജനങ്ങളിൽ വളരെ കൗതുകം ഉളവാക്കി. Kerusoo Team ഏകദേശം ഒരാഴ്ചയോളം ഈ പ്രദേശങ്ങളിൽ ഉണ്ടായിരുന്നത് വളരെ പ്രശംസനീയമാണ്.



റീജിയനിലെ ശുശ്രൂഷകന്മാർ

## പ്രാർത്ഥിക്കുക... സഹായിക്കുക....

### കൂടുതൽ വിവരങ്ങൾക്ക്

**PR. ALEX VETTICKAL**
**P.O. Box 851381,**
**Yukon, OK 73085**
**Ph: 405-596-0681**
Email: alexvettickal@msn.com

**PR. BOBBY MATHEWS** (Region Secretary)
Grace Asram,Jaigoan, Alipurduar (Dist),
West Bengal- 736 182,
Indo-Bhutan Boarder
**Ph: 09933177731 / 08116466555**

MOB: 9447368795
beljourn@gmail.com
beljourn.com/ www.bjournal.org
VOL 09, ISSUE 12

BELIEVERS JOURNAL

PUBLISHED ON 25/06/2016

BELIEVERS JOURNAL
P. O. Box: 31, Manjadi P.O.,
Thiruvalla - 689 105

Posted at RMS Thiruvalla

RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/TLA/225/2015-17 | Price: ₹10








## ആവേശമായി ഹിൽസോങ്ങ്

ചരിത്രത്തിലാദ്യമായി പിസിനാക് വേദിയിൽ ഹിൽസോങ്ങ് എത്തുന്നു. ലോകത്തിലെ ഏറ്റവും പ്രശസ്ത വർഷിപ്പ് സംഗീത സംഘമാണ് ഹിൽസോങ്ങ്. ഹിൽസോങ്ങിന്റെ വരവ് ഇത്തവണത്തെ കോൺഫ്രൻസിന്റെ ഏറ്റവും വലിയ ആകർഷണീയതയാണ്.

## GUEST SPEAKERS


പാസ്റ്റർ കെ.സി. ജോൺ


പാസ്റ്റർ പി.സി. ചെറിയാൻ


പാസ്റ്റർ ബി.വർഗീസ്


പാസ്റ്റർ വി.റ്റി. ഏബ്രഹാം


സിസ്റ്റർ ഗറ്റ്സിയൽ മോഹൻ

ചരിത്ര നിമിഷങ്ങൾക്ക് സാക്ഷ്യം വഹിക്കുവാൻ ഡാളസ് പട്ടണത്തിൽ ഒരുക്കങ്ങൾ പൂർത്തിയായി. 34-ാമത് മലയാളി പെന്തെക്കോസ്ത് സമ്മേളനം ജൂൺ 30 മുതൽ ജൂലൈ 3 വരെ ഡാളസിലെ ആഡിസണിൽ നടക്കും. പ്രഗത്ഭരായ പ്രസംഗകരും, ഹിൽസോങ്ങു പോലെ പ്രശസ്തമായ വർഷിപ്പ് ടീമും അണിനിരക്കുമ്പോൾ ഇതു വരെ നടന്ന കോൺഫ്രൻസുകളേക്കാൾ മികച്ച സമ്മേളനമാണ് സംഘാടകർ ഉറപ്പു നൽകുന്നത്. സംഘാടക സമിതിയുടെ എല്ലാ പ്രതീക്ഷകളും കവച്ചുവയ്ക്കുന്ന രജിസ്ട്രേഷനാണ് സമ്മേളനം ആരംഭിക്കുന്നതിന് മുന്നമേ നടന്നിരിക്കുന്നത്. അമേരിക്കയിലെയും കാനഡയിലെയും ദൈവജനത്തേക്കൂടാതെ ഇന്ത്യയിൽ നിന്നും ഗൾഫ് മേഖലയിൽ നിന്നും ധാരാളം ആളുകൾ കോൺഫ്രൻസിനായി എത്തിത്തുടങ്ങിക്കഴിഞ്ഞു.

ലോകോത്തര നിലവാരമുള്ള സുപ്രസിദ്ധ പ്രസംഗകർ കോൺഫ്രൻസിന്റെ മുഖ്യ പ്രസംഗകരായി എത്തും. പ്രശസ്ത സുവിശേഷ പ്രഭാഷകനും ആഫ്രിക്കയുടെ അപ്പൊസ്തലനുമായ റവ.റെയിനാർഡ് ബോങ്കേ പുതുതലമുറയുടെ പ്രസംഗകനായ റവ.ഡാനിയേൽ കൊളാൻഡോ, ചൈനീസ് വംശജനായ അമേരിക്കൻ പ്രസംഗകൻ റവ. ഫ്രാൻസിസ് ചാൻ, മലയാളികളുടെ പ്രിയപ്പെട്ട പ്രസംഗകനായ ബാബു ചെറിയാൻ എന്നിവരാണ് മുഖ്യപ്രസംഗകർ. ഇവരെക്കൂടാതെ കേരളത്തിൽ നിന്ന് ഡോ.കെ.സി. ജോൺ, റവ.വി.ടി.ഏബ്രഹാം, പാസ്റ്റർ പി.സി.ചെറിയാൻ, റവ.ബി.വർഗീസ് എന്നിവരും പ്രധാന സമ്മേളനങ്ങളിൽ പ്രസംഗിക്കും. സഹോദരീ സമ്മേളനത്തിൽ ഹെറ്റ്സിയൽ മോഹനും പ്രസംഗിക്കും. ലോക പ്രശസ്ത വർഷിപ്പ് ബാൻഡായ ഹിൽസോങ്ങിനെക്കൂടാതെ ഇന്ത്യയിൽ നിന്ന് ഡോ.ബ്ലസൻ മേമനയും, പെർസിസ് ജോണും സംഗീത ശുശ്രൂഷ നിർവ്വഹിക്കും. ഒപ്പം നാഷണൽ ക്വയറും സംഗീത ശുശ്രൂഷക്ക് നേതൃത്വം നൽകും.

## NATIONAL EXECUTIVES


കൺവീനർ
റവ. ഷാജി കെ. ദാനിയേൽ


സെക്രട്ടറി
ടിജു തോമസ്,


ട്രഷറാർ
തോമസ് വർഗീസ്,


യൂത്ത് കോർഡിനേറ്റർ
ഏബ്രഹാം മോനീസ് ജോർജ്

നാഷണൽ കൺവീനർ റവ.ഷാജി കെ.ദാനിയേൽ, നാഷണൽ സെക്രട്ടറി ടിജു തോമസ്, നാഷണൽ ട്രഷറാർ തോമസ് വർഗീസ്, നാഷണൽ യൂത്ത് കോർഡിനേറ്റർ ഏബ്രഹാം മോനീസ് ജോർജ്, ലേഡീസ് കോർഡിനേറ്റർ സാറാ ജോർജ് എന്നിവർ നാഷണൽ എക്സിക്യൂട്ടീവിൽ നേതൃത്വം നൽകുന്നു.

ലോക്കൽ കോർഡിനേറ്റർമാരായി പാസ്റ്റർ കെ.സി.ജോൺ, വെസ്ലി മാത്യു എന്നിവരും ലോക്കൽ സെക്രട്ടറിയായി ഷാജി മണിയാറ്റും, ട്രഷറാറായി ബിജു തോമസും, പബ്ലിസിറ്റി കോർഡിനേറ്ററായി ഫിന്നി സാമും, നാഷണൽ റെപ്പ് & പബ്ലിസിറ്റി കോർഡിനേറ്ററായി ജോൺസ് പി.മാത്യൂസും പ്രവർത്തിക്കുന്നു.

വിവിധ സ്റ്റേറ്റുകളുടെ പ്രതിനിധികളുൾപ്പെടുന്ന നാഷണൽ കമ്മറ്റിയും ശക്തമായ പ്രവർത്തനങ്ങളുമായി ലോക്കൽ കമ്മറ്റിയും കോൺഫ്രൻസിന്റെ വിജയത്തിനു വേണ്ടി അക്ഷീണ പരിശ്രമത്തിലാണ്.

*തയ്യാറാക്കിയത്:* **ജോൺസ് പി.മാത്യൂസ്**


ലേഡീസ് കോർഡിനേറ്റർ
സാറാ ജോർജ്ജ്

## LOCAL EXECUTIVES


കോർഡിനേറ്റർ
പാസ്റ്റർ കെ.സി. ജോൺ


കോർഡിനേറ്റർ
വെസ്ലി മാത്യു


സെക്രട്ടറി
ഷാജി മണിയാറ്റ്


ട്രഷറാർ
ബിജു തോമസ്


ലോക്കൽ കമ്മറ്റി


നാഷണൽ കമ്മറ്റി

Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.